







# സോമരാജന്റെ സ്നേഹരാജ്യം

എഡിറ്റർ: ജി. ഹരീഷ് കുമാർ



# ആമുഖം

പത്തനാപുരം ഗാന്ധിഭവൻ 2003 ൽ കൊല്ലം ജില്ലയിൽ പത്തനാപുരത്ത് ഒരു വാടക കെട്ടിടത്തിൽ ആരംഭിച്ചു. ആദ്യമായി കേരള സർക്കാർ അംഗീകാരത്തോടെ ഓൾഡ് ഏജ് ഹോം, പിന്നീട് ചിൽഡ്രൻസ് ഹോം, തുടർന്ന്, ഭിന്നശേഷിക്കാർക്കായുള്ള സ്പെഷ്യൽ സ്കൂൾ, അംഗപരിമിതർക്ക് അഭയകേന്ദ്രം, മനോരോഗ ബാധിതർക്ക് പുനരധിവാസകേന്ദ്രം, ലഹരിചികിത്സാകേന്ദ്രം, പാലിയേറ്റീവ് പരിചരണകേന്ദ്രം തുടങ്ങിയ ഒട്ടേറെ സംരംഭങ്ങൾ ഗാന്ധിഭവനിൽ ആരംഭിച്ചു.

കേരള ഹൈക്കോടതിക്ക് കീഴിൽ പ്രവർത്തിക്കുന്ന 'കെൽസ' ലീഗൽ എയ്ഡ് ക്ലിനിക്ക്, ഗാർഹിക പീഡന നിരോധന നിയമ പ്രകാരമുള്ള സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ, കേരള വനിതാ കമ്മീഷൻ 'എ' ഗ്രേഡ് യൂണിറ്റ്, ജില്ലാ വനിതാ ഷെൽട്ടർ ഹോം എന്നിവയും പ്രവർത്തനം തുടങ്ങി.

ഗാന്ധിഭവന്റെ ആസ്ഥാനമായ പത്തനാപുരത്തു മാത്രം ആയിരത്തിലധികം അന്തേവാസി കുടുംബാംഗങ്ങൾ, ഇരുനൂറിലധികം സേവനപ്രവർത്തകർ, കൊല്ലം ജില്ലയിൽ വാളകം, കരീപ്ര, വേളമാനൂർ, പുത്തൂർ, പത്തനംതിട്ട ജില്ലയിൽ അടൂർ ഏഴംകുളം, മിത്രപുരം, ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്, മലപ്പുറം ജില്ലയിൽ വണ്ടൂർ, കോഴിക്കോട് ജില്ലയിൽ കൂമ്പാറ, കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് എന്നിവിടങ്ങളിൽ ഗാന്ധിഭവൻ ശാഖകൾ ഇപ്പോൾ പ്രവർത്തിക്കുന്നു.

പുതുതായി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട്, കാട്ടുപുതുശ്ശേരി, പത്തനംതിട്ട ജില്ലയിൽ വടശ്ശേരിക്കര, ആലപ്പുഴ ജില്ലയിൽ കായംകുളം, ചെങ്ങന്നൂർ, തൃശൂർ ജില്ലയിൽ രാമവർമ്മപുരം, കാസർഗോഡ് ജില്ലയിൽ ബളാൽ, കണ്ണൂർ എന്നിവിടങ്ങളിലും ബഹുജനപങ്കാളിത്തത്തോടെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നു.

ഇന്ത്യൻ പ്രസിഡന്റിൽ നിന്നും കേന്ദ്രസർക്കാരിന്റെ വയോശ്രേഷ്ഠ സമ്മാൻ, നാലു തവണ കേരള സർക്കാർ അവാർഡുകൾ, ഏഷ്യയിലെ ഏറ്റവും വലിയ ജീവകാരുണ്യ കുടുംബം എന്ന ബഹുമതി, ഇന്ത്യയിൽ ഏറ്റവുമധികം അവാർഡുകളും അംഗീകാരങ്ങളും നേടിയ ബഹുമതി, ഗാന്ധിഭവനും ഗാന്ധിഭവൻ സ്പെഷ്യൽ സ്കൂളിനും ഗാന്ധിഭവൻ ഡി-അഡിക്ഷൻ സെന്ററിനും ISO അംഗീകാരങ്ങളും ഉണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റിന്റെയും എല്ലാ നിയമങ്ങളും പാലിച്ച് ജീവകാരുണ്യ മേഖലകൾക്ക് മാതൃകയാകുന്നു ഇന്ന് ഗാന്ധിഭവൻ.

ഇന്ത്യൻ പ്രസിഡന്റ് ഭാരതരത്നം ഡോ. എ.പി.ജെ. അബ്ദുൾ കലാം, അഭിവന്ദ്യ ക്രിസോസ്റ്റം വലിയതിരുമേനി അടക്കം ലോകപ്രസിദ്ധരായ അനേകം മഹാപ്രതിഭകൾ സന്ദർശിച്ച് അനുഗ്രഹിച്ചതും പ്രകൃതിസൗന്ദര്യം നിറഞ്ഞതുമായ പത്തനാപുരത്തെ കുണ്ടയം ഗ്രാമത്തിൽ, കല്ലടയാറിന്റെ തീരത്തുള്ള ഗാന്ധിഭവൻ സന്ദർശിക്കാൻ എല്ലാവരെയും സാദരം ക്ഷണിക്കുന്നു.

ജീവകാരുണ്യസംരംഭങ്ങൾക്ക് ലോക മാതൃകയാകാൻ ശ്രമിക്കുന്ന ഗാന്ധിഭവന്റെ നാനാവിധ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ ഓരോരുത്തരോടും ഹൃദയപൂർവ്വം അപേക്ഷിച്ചുകൊണ്ട്,

സ്നേഹാദരപൂർവ്വം,





**പി.എസ്. അമൽരാജ്**
വൈസ് ചെയർമാൻ
ഗാന്ധിഭവൻ

# ഗാന്ധിഭവന് ലഭിച്ച പ്രധാന പുരസ്കാരങ്ങൾ









ഗാന്ധിഭവനിലെ ചടങ്ങിൽ 'മഹാത്മാഗാന്ധി സമ്മാൻ' ദേശീയ അവാർഡ് മുഖ്യമന്ത്രി പിണറായി വിജയൻ ലുലു ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ പ്രമുഖ ജീവകാരുണ്യപ്രവർത്തകൻ പത്മശ്രീ ഡോ. എം.എ. യൂസഫലിക്ക് നൽകുന്നു

ഉള്ളടക്കം


| | | |
|---|---|---|
| 1. | സോമരാജന്റെ സ്നേഹരാജ്യം | 5 |
| 2. | ഗാന്ധിഭവനിൽ ഒരു ദിവസം | 11 |
| 3. | സഹാനുഭൂതിയുടെ ശാന്തിമന്ദിരം | 16 |
| 4. | സ്നേഹരാജ്യത്തിൽ ഇവർ തനിച്ചല്ല | 25 |
| 5. | മതിലുകളില്ലാതെ... സ്നേഹരാജ്യം | 31 |
| 6. | ഗാന്ധിവഴി | 45 |
| 7. | സ്നേഹത്തിന്റെ പൂമരത്തണൽ | 51 |
| 8. | അശരണർക്ക് അത്താണിയായി ഗാന്ധിഭവനും ഡോ. പുനലൂർ സോമരാജനും | 55 |
| 9. | Charity Begins At Gandhibhavan | 59 |



പുസ്തക പ്രസാധകർ:
**ഗാന്ധിഭവൻ പബ്ലിക്കേഷൻസ്**
പോസ്റ്റ് ബോക്സ് 39, പത്തനാപുരം - 689685
കൊല്ലം ജില്ല, കേരളം.

പ്രിന്റിംഗ്:
**പൂർണ്ണ പ്രിന്റിംഗ് & പബ്ലിഷിംഗ് ഹൗസ്**
മുട്ടപ്പലം പി.ഒ, ശ്രീനിവാസപുരം, വർക്കല
ഫസ്റ്റ് എഡിഷൻ : 2019 നവംബർ
കോപ്പി : 5000
വില : 20 രൂപ




എഡിറ്റർ:
**ജി. ഹരീഷ്കുമാർ**



സ്പോൺസർ:
**സി. എസ്. മോഹൻ**
(സേവാകേന്ദ്രം)




# സോമരാജന്റെ സ്നേഹരാജ്യം



**ജോളി അടിമത്ര**
**മാതൃഭൂമി**

പതിനാലു വർഷം മുമ്പുള്ള ഒരു പകൽ. കൊട്ടാരക്കരയിൽനിന്ന് കോക്കാട് ഗ്രാമത്തിലേക്ക് ബസ് കയറുമ്പോൾ പുനലൂർ സോമരാജൻ വെറും സോമരാജനായിരുന്നു. പാരലൽ കോളേജ് അധ്യാപകനായും ഹോട്ടൽ നടത്തിപ്പുകാരനായും കഴിഞ്ഞുകൂടിയ ഒരു സാധാരണ ഗൃഹ നാഥൻ. എന്നാൽ, ആ യാത്ര സോമരാജനെ മാറ്റിമറിച്ചു. കാരണം അദ്ദേഹം പാറുക്കുട്ടിയമ്മ എന്നൊരു വൃദ്ധയെ കണ്ടുമുട്ടിയത് അന്നാണ്.

തകർന്നുവീഴാറായ കുടിലിൽ ഒറ്റയ്ക്കു കഴിയുന്ന പാറുക്കുട്ടിയമ്മ അവിവാഹിതയായിരുന്നു. കൊടുംപട്ടിണിയിൽ കഴിയുമ്പോഴും ഒന്നും പുറത്തറിയിക്കാതെ, തറവാടിത്തം കൈവിടാതെ കഴിഞ്ഞ ആ

വൃദ്ധയാണ് തന്റെ ജീവിതം വഴിതിരിച്ചുവിട്ടതെന്ന് സോമരാജൻ ഓർക്കുന്നു.

"കുട്ടിക്കാലത്തേ എനിക്ക് അമ്മയെ നഷ്ടപ്പെട്ടതാണ്. കാൻസർ വന്ന് അമ്മ മരിക്കുമ്പോൾ എനിക്ക് 12 വയസ്സ്. പാറുക്കുട്ടിയമ്മയെ കണ്ടതും എനിക്കെന്റെ അമ്മയെ ഓർമ്മവന്നു. 'പോരുന്നോ എന്റെ കൂടെ? ഞാനമ്മയെ നോക്കിക്കൊള്ളാം' എന്നു പറഞ്ഞു. 85 വയസ്സുള്ള പാറുക്കുട്ടിയമ്മ അന്നുമുതൽ എനിക്കമ്മയായി, എന്റെ മക്കൾക്ക് മുത്തശ്ശിയായി."

ഗാന്ധിഭവൻ എന്ന പേരിൽ പുകൾകൊണ്ട ഒരഭയസ്ഥാപനത്തിന്റെ നാഥൻ പുനലൂർ സോമരാജൻ ജനിക്കുന്നത് ആ അമ്മയിൽനിന്നാണെന്നു പറയാം. പാറുക്കുട്ടിയമ്മ മുൻപേ പറന്ന ഒരു പക്ഷി മാത്രം. അവർക്കു പിൻഗാമികളായി ആയിരത്തിയിരുനൂറോളം പേരാണ് സോമരാജന്റെ കാരുണ്യത്തണലിലേക്കെത്തിയത്. ഒരു വ്യക്തിയുടെ നേതൃത്വത്തിൽ കേരളത്തിൽ നടത്തപ്പെടുന്ന ആലംബഹീനരുടെ ഏറ്റവും വലിയ അഭയകേന്ദ്രമാണ് ഇന്ന് പത്തനാപുരത്തെ ഗാന്ധിഭവൻ.

മക്കൾക്കുവേണ്ടാത്തവർ, അനാഥശിശുക്കൾ, രോഗപീഡിതർ, മാനസികാസ്വാസ്ഥ്യമുള്ളവർ... നിന്ദിതരും പീഡിതരുമായ എല്ലാവരെയും വാടകയ്ക്കെടുത്ത ചെറിയ വീട്ടിലേക്ക് സോമരാജൻ കൊണ്ടുവന്നു. "പാർപ്പിടം മാത്രം പോരല്ലോ, എല്ലാവർക്കും മൂന്നുനേരം ഭക്ഷണവും നൽകണമല്ലോ. എന്നോടൊപ്പം വന്നവർ പതുക്കെ പത്തായി, നൂറായി, അഞ്ഞൂറായി.... നല്ല മനസ്സുകൊണ്ടുമാത്രം അടുപ്പിൽ തീപുകയില്ലല്ലോ. കല്യാണവീടുകളിലും ഹോട്ടലുകളിലും ഞാൻ പോയി കാത്തുനിന്നു. അവിടെ മിച്ചംവരുന്ന ഭക്ഷണം വാരിക്കെട്ടി കൊണ്ടുവന്നു. എന്നെ പരിഹസിച്ചവരുമുണ്ട്. പക്ഷേ, എനിക്കും എന്റെ മക്കൾക്കും വേണ്ടിയല്ലല്ലോ, ഈശ്വരന്റെ മക്കൾക്കുവേണ്ടിയല്ലേ ഞാൻ ചോദിക്കുന്നത്?"

ആദ്യമൊക്കെ ഒപ്പംനിന്ന പലരും സോമരാജനെ കൈവിട്ടു. മാത്രമല്ല തള്ളിപ്പറയുകയും ചെയ്തു. 36 പേർക്കുമാത്രം അഭയം നൽകാൻ അനുവാദമുള്ള സ്ഥാപനത്തിൽ 180-ലധികം പേരെ താമസിച്ചത് കുറ്റമായി.

"500 പേരുടെ ഒപ്പ് ശേഖരിച്ച് എനിക്കെതിരേ പരാതിയയച്ചത് ഉറ്റ കൂട്ടുകാർ തന്നെയായിരുന്നു. സാമൂഹികക്ഷേമവകുപ്പ് അഡീഷണൽ ഡയറക്ടറും പ്രൊട്ടക്ഷൻ ഓഫീസറും എത്തി. പരിശോധനകളായി. എന്നാൽ, ഇവിടെത്തെ വൃത്തിയും വെടിപ്പും ഒക്കെക്കണ്ട് അവർ അഭിനന്ദിച്ചതിനുപുറമേ നിർദ്ദേശങ്ങളും നൽകിയാണ് മടങ്ങിയത്. എന്നിട്ടും ഊമക്കത്തുകളും പരാതികളും നിരന്തരം എനിക്കെതിരേ അധികൃതർക്ക് കിട്ടിക്കൊണ്ടിരുന്നു."- പിന്നിട്ട ക്ലേശപർവ്വങ്ങളെപ്പറ്റി സോമരാജൻ.

1983-ലാണ് സോമരാജൻ പാടം സ്വദേശി പ്രസന്നയെ വിവാഹം ചെയ്തത്. നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഒരു ഫാൻസിഷോപ്പിന്റെ




ഉടമയായിരുന്നു അന്നവർ. അവർക്ക് രണ്ടുമക്കൾ പിറന്നു. അമലും അമിതയും. അന്തേവാസികൾക്ക് ഭക്ഷണം ഒരുക്കുന്നതൊക്കെ പ്രസന്നയുടെ മേൽനോട്ടത്തിലായിരുന്നു. എന്നാൽ, ആ പരീക്ഷണഘട്ടത്തിൽ കുടുംബം ഒറ്റപ്പെട്ടതുപോലെയായി. ആളുകൾ പെരുകുന്നു. വരുമാനം ഒന്നുമില്ല!

പ്രസന്നയ്ക്കുണ്ടായിരുന്ന 90 പവന്റെ ആഭരണങ്ങൾ പലപ്പോഴായി അവർ ഭർത്താവിന്റെ നിസ്സഹായതയ്ക്കു മുൻപിൽ സമർപ്പിച്ചു. അതും കഴിഞ്ഞതോടെ വീണ്ടും ഇല്ലായ്മകളായി. ഒടുവിൽ പിതൃസ്വത്തായി ലഭിച്ച വസ്തുവും ഫാൻസിഷോപ്പും വിറ്റു. അതും തീർന്നപ്പോൾ...

"പറ്റുകാർ കടം തരാതായി. ആളുകൾ പരിഹസിക്കാനും തുടങ്ങി. എല്ലാം വിട്ടെറിഞ്ഞ് നാടുവിടാൻ ഞാൻ തീരുമാനിച്ചു. പക്ഷേ, നാളെ എന്റെ മക്കളെ കാണുമ്പോൾ ആളുകൾ പരിഹസിക്കില്ലേ? പക്ഷേ, പിറ്റേന്നത്തേയ്ക്ക് ഒരു മണി അരിപോലുമില്ല... 180 പേരുണ്ട് അപ്പോൾ. അതുവരെ എല്ലാം സഹിച്ച് കൂടെനിന്ന ഭാര്യ എന്നോടുപറഞ്ഞു: "എനിക്കും മക്കൾക്കും അല്പം വിഷം വാങ്ങിത്താ. ഇങ്ങനെ ജീവിക്കുന്നതിലും ഭേദം അതാണ്." സോമരാജന്റെ തകർച്ച പൂർണ്ണമായ ദിവസം. വിഷം കഴിച്ച് എല്ലാം അവസാനിപ്പിക്കാൻ തീരുമാനിച്ച രാത്രി. ഇടയ്ക്കിടെ ഞെട്ടിയുണർന്നും മക്കളുടെ മുഖം ഓർത്ത് പിടഞ്ഞും രാത്രി തള്ളിനീക്കി. തെരുവിലെ അശരണരെ ജീവിക്കാൻ പ്രേരിപ്പിച്ച താൻതന്നെ സ്വന്തം കുടുംബത്തെ ഇല്ലായ്മ ചെയ്യുകയോ!

"എപ്പോഴോ എന്റെ നെറ്റിയിൽ ഒരു തണുത്ത സ്പർശം അറിഞ്ഞു. ഞാൻ കണ്ണുതുറന്നു. ഞാൻ ആരുടെയോ മടിയിൽ കിടക്കുകയാണ്! എന്നെ ചേർത്തുപിടിച്ച് തലോടുന്ന കൈകൾ... കരുണ നിറഞ്ഞ കണ്ണുകളുള്ള ഒരാൾ. "പേടിവേണ്ട, പിടിച്ചുനിൽക്കണം." ആ സ്വരം.

ഞാൻ പൊട്ടിക്കരഞ്ഞുപോയി. ഞാനദ്ദേഹത്തെ തിരിച്ചറിഞ്ഞു. അതു ക്രിസ്തുവായിരുന്നു! കിടക്കയിൽനിന്ന് ഞാൻ ചാടിയെണീറ്റു. ആകുലതകൾ വിട്ടൊഴിഞ്ഞ് മനസ്സ് ശാന്തമായിരുന്നു അപ്പോൾ. പിറ്റേന്ന് അതിരാവിലെ ഓട്ടോറിക്ഷയുടെ ശബ്ദം കേട്ട് വാതിൽ തുറക്കുമ്പോൾ രണ്ട് ചാക്ക് അരിയുമായി ഓട്ടോക്കാരൻ മുൻപിൽ! ഒരു പുരോഹിതൻ തലേന്ന് ഏൽപ്പിച്ചുവിട്ടതാണ്!"

ഇന്ന് 1500 പേർക്ക് ഇലയിട്ട് നിത്യവും സദ്യയാണ്. പായസമടക്കമുള്ള സദ്യ. സ്പോൺസർമാരുടെ വക നോൺവെജ് ഭക്ഷണവും ഇടയ്ക്കുണ്ടാവും.

സാധാരണ അഗതിമന്ദിരങ്ങളിലെ അന്തരീക്ഷം ഇവിടെ പ്രതീക്ഷിക്കരുത്. തികച്ചും ഉത്സവപ്രതീതി. കൂട്ടംചേർന്നിരുന്ന് ആഹ്ലാദസംഭാഷണങ്ങളിൽ മുഴുകുന്ന അന്തേവാസികൾ. ആഭരണം, ചന്ദനതിരി, സോപ്പ്, സോപ്പുപൊടി, ഹെയർ ഓയിൽ എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ. പച്ചക്കറികൃഷി, പൊതുജനങ്ങൾക്കായി മിൽമ യൂണിറ്റ്, വിലക്കുറവിൽ മരുന്ന്, ലീഗൽ എയ്ഡ് സെന്റർ, കൗൺസലിങ്ങ് കേന്ദ്രം, അലോപ്പതി, ഹോമിയോ, ആയുർവ്വേദ ചികിത്സാകേന്ദ്രങ്ങൾ, സേവനസന്നദ്ധരായ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസി, ഷെൽട്ടർ ഹോം.

നവജാതശിശുക്കൾ മുതൽ മരണാസന്ന രോഗികൾക്കുവരെ പ്രത്യേക ബ്ലോക്കുകളുണ്ട്. കുഞ്ഞുങ്ങൾ ഗാന്ധിഭവന്റെ മക്കളായി വളരുന്നു, പഠിക്കുന്നു. നഴ്സറികുഞ്ഞുങ്ങൾ മുതൽ നഴ്സിംഗ് വിദ്യാർത്ഥികൾ വരെ. മുതിർന്നാൽ വിവാഹവും നടത്തിക്കൊടുക്കുന്നു. ഇതേ കോമ്പൗണ്ടിൽ തന്നെ 137 കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

"അന്തേവാസികളിൽ അപൂർവ്വം ചിലർക്ക് ഇടയ്ക്കൊരു പ്രണയമൊക്കെ മൊട്ടിടാറുണ്ട്. 65 കഴിഞ്ഞവർക്ക് മറ്റ് നിയമപ്രശ്നമില്ലെങ്കിൽ വിവാഹം ചെയ്ത് ഒരുമിച്ച് കഴിയാനും അവസരമൊരുക്കാറുണ്ട്." ഇവിടെവച്ചു കണ്ട് സ്നേഹിച്ച് വിവാഹിതരായ അംഗപരിമിതരായ ദമ്പതിമാരെ പരിചയപ്പെടുത്തി നിറചിരിയോടെ സോമരാജൻ പറഞ്ഞു.

മണിക്കൂറിൽ 2000 ചപ്പാത്തി ഉണ്ടാക്കാവുന്ന യന്ത്രം, തൊട്ടപ്പുറത്ത് കറിനിർമ്മാണ യൂണിറ്റ്. ഒരേസമയം 50 കുറ്റി പുട്ട്, ഇലയട, കൊഴുക്കട്ട തുടങ്ങിയവ ആവിയിൽ പുഴുങ്ങാവുന്ന സജ്ജീകരണങ്ങൾ... സദ്യ വയ്ക്കാനും വിളമ്പാനും സ്ഥിരം ആളുകൾ. ഇവിടെ വരുന്ന ഒരാൾപോലും വിശന്നുമടങ്ങരുതെന്ന് നിർബന്ധം.

നാലര ഏക്കറിൽ ഒരു ലക്ഷം സ്ക്വയർഫീറ്റിൽ പാർപ്പിടസമുച്ചയമുള്ള ഗാന്ധിഗ്രാമത്തിനുള്ളിൽ പഞ്ചായത്തുഭരണമാണ്. 9 വാർഡുകൾ, അന്തേവാസികളിൽ തിരഞ്ഞെടുപ്പിനുനിന്ന് ജയിച്ചവരിൽനിന്ന് പഞ്ചായത്ത് പ്രസിഡന്റ്. ഇപ്പോഴത്തെ പ്രസിഡന്റ് വനിതയാണ്.

250-ൽ അധികം സ്ഥിരം ജീവനക്കാരുടെ മേൽനോട്ടവുമുണ്ട്.



എല്ലാറ്റിനും ശ്രദ്ധപതിപ്പിച്ച് സോമരാജനും പ്രസന്നയും പാർക്കുന്നതും ഇതിനുള്ളിൽതന്നെ. മക്കൾ വിവാഹിതരായി, ചെറുമക്കളുമായി. മകൻ അമൽ അച്ഛനൊപ്പം സേവനകാര്യങ്ങളിൽ വ്യാപൃതനാണ്. ഗാന്ധിഭവന്റെ പബ്ലിക്കേഷൻ വിഭാഗം മേൽനോട്ടം അമലിനാണ്.

ജീവിതസായാഹ്നത്തിൽ ഒറ്റപ്പെട്ട പല പ്രമുഖരും സമാധാനത്തോടെ അവസാനദിനങ്ങൾ ഇവിടെ ചിലവഴിച്ചത് സോമരാജൻ ഓർമ്മിക്കുന്നു. മുൻ എം.എൽ.എ.മാരായ കടയനിക്കാട് പുരുഷോത്തമൻ, എം.കെ. ദിവാകരനും ഭാര്യയും, കെ.ജെ. യേശുദാസിന്റെ വയലിനിസ്റ്റായിരുന്ന ചങ്ങനാശ്ശേരി രാജൻ, എ.ഐ.ടി.യു.സി. സംസ്ഥാന നേതാവായിരുന്ന എം.എസ്. നായർ, അഡ്വ. ഏരിശ്ശേരി ദാമോദർ നായർ, സി.പി.ഐ. ബംഗാൾ സ്റ്റേറ്റ് ഓഫീസ് സെക്രട്ടറിയും കോട്ടയം സ്വദേശിയുമായ ഭാസ്കരൻ നായർ... അങ്ങനെ ഒട്ടേറെപ്പേർ.

പ്രശസ്ത സിനിമാതാരം ടി.പി. മാധവനാണിപ്പോൾ താരം. ആരോഗ്യം വീണ്ടെടുത്തതോടെ ഇവിടത്തെ പൊതുപരിപാടികളിലെല്ലാം ടി.പി. സജീവം. വിമാനദുരന്തത്തിൽ കൊല്ലപ്പെട്ട ചലച്ചിത്രനടി റാണിചന്ദ്രയുടെ മൂത്ത സഹോദരി ഐഷ വാസുദേവൻ, സർ സി.പി.യുടെ ജ്യേഷ്ഠന്റെ ചെറുമകൾ ആനന്ദവല്ലിയമ്മാൾ, സത്യന്റെ അമ്മയായി അഭിനയിച്ച, 3000 കഥാപാത്രങ്ങൾക്ക് ശബ്ദം നൽകിയ നടി പാലാ തങ്കം തുടങ്ങി ഒട്ടേറെ പ്രമുഖർ ഇവിടെ ജീവിതസായാഹ്നം സന്തോഷത്തോടെ അനുഭവിക്കുന്നു.

എട്ടുമാസംമുമ്പാണ് സോമരാജന്റെ അച്ഛൻ ചെല്ലപ്പൻ ഗാന്ധിഭവനിൽവെച്ചു മരിച്ചത്. പുനലൂർ മുനിസിപ്പൽ ജീവനക്കാരനായിരുന്ന അദ്ദേഹം തെരുവിൽ അലയുന്ന രോഗികളെയും കുട്ടികളെയും വീട്ടിൽ കൊണ്ടുവന്ന് കുളിപ്പിച്ച് ഭക്ഷണവും വസ്ത്രവും നൽകി വിടുന്നതു കണ്ടാണ് സോമരാജൻ വളർന്നത്. “അച്ഛനിൽ നിന്നാണ് എനിക്കീ അലിവുള്ള മനസ്സ് കിട്ടിയത്. അച്ഛനും ഇവിടത്തെ പ്രവർത്തനങ്ങളിൽ എനിക്കു തുണയായിരുന്നു.”

മാർച്ച് അഞ്ചിനുവേണ്ടി കാത്തിരിക്കയാണ് ഗാന്ധിഭവൻ. അന്ന് അഞ്ചുപേരുടെ വിവാഹമാണ് ഇവിടെ നടക്കുക. കഴിഞ്ഞ 10 വർഷത്തിനിടെ 68 പേരുടെ മാംഗല്യം നടന്നു. ഇതിൽ 36 വിവാഹവും വ്യവസായ പ്രമുഖനായ കെ. മുരളീധരനാണ് നടത്തിയത്. ഭക്ഷണത്തിനുമാത്രം ദിവസം 75,000 രൂപ ചെലവുവരുന്ന ഈ സ്ഥാപനം നടന്നുപോകുന്നത് നന്മയുള്ളവരുടെ പങ്കുവയ്ക്കൽ കൊണ്ടാണ്. വ്യവസായപ്രമുഖൻ യൂസഫലി സ്വന്തം ചെലവിൽ ഒരു മനോഹര മന്ദിരം എല്ലാ സൗകര്യങ്ങളോടും കൂടി ഇവിടുത്തെ ആരോരുമില്ലാത്തവർക്കായി പണിതുതുടങ്ങി. ഇന്ത്യയിലെ ഏറ്റവും വലിയ മതേതര കുടുംബത്തിനുള്ള ഇന്ത്യ ബുക്സ് ഓഫ് റെക്കോഡ്സിന്റെ അംഗീകാരം ഈ സ്ഥാപനം നേടിയിട്ടുണ്ട്. ഏഷ്യ ബുക്സ് ഓഫ് റെക്കോഡ്സിലും ഗാന്ധിഭവന്റെ പേരുണ്ട്.

ഗാന്ധിഭവനെ സ്നേഹഗ്രാമമാക്കി മാറ്റിയതിനുപിന്നിൽ പുനലൂർ സോമരാജന് ശക്തിപകരുന്നത് നമ്മളാണ്, ഇനിയും നന്മ മരിച്ചിട്ടില്ലാത്ത നമ്മൾ.

*(മാതൃഭൂമി 2017 നവംബർ 19 ഞായർ- വിഷുപതിപ്പ്)*

# ഗാന്ധിഭവനിൽ ഒരു ദിവസം



**നെടുംകുന്നം ഗോപാലകൃഷ്ണൻ**
**മുൻ ഡയറക്ടർ, സർവ്വവിജ്ഞാനകോശം**

**2018** നവംബർ 10 ന് ഗാന്ധിഭവനിൽ ശ്രീനാരായണ ഗുരുദേവന്റെ പൂർണ്ണകായ ചിത്രം അനാച്ഛാദനം ചെയ്യുകയുണ്ടായി. മഹാത്മജിയുടെ പ്രതിമയ്ക്കു സമീപത്തായി പ്രവേശനകവാടത്തിനടുത്ത് ഏവരുടെയും ശ്രദ്ധയാകർഷിക്കുന്ന സ്ഥലത്താണ് ചിത്രമണ്ഡപം ഒരുക്കിയിരിക്കുന്നത്. തികഞ്ഞ ഗുരുദേവഭക്തനും വിശിഷ്യ വർക്കല സ്വദേശിയുമായ


ഗാന്ധിഭവനിൽ ഒരു ദിവസം

ക്യാപ്റ്റൻ രാമചന്ദ്രൻനായരാണ് ഗുരുദേവചിത്രത്തിന്റെ അനാച്ഛാദനം നിർവ്വഹിച്ചത്. നിർമ്മാണത്തിനാവശ്യമായ ചെലവുകൾ വഹിച്ചതും അദ്ദേഹം തന്നെയാണ്.

ഗാന്ധിഭവന്റെ ഗേറ്റിനു മുന്നിൽ കാറിൽ നിന്നിറങ്ങിയപ്പോൾത്തന്നെ അതിഥിസൽക്കാരത്തിന്റെ ചുമതലക്കാരനായ ശ്രീ. സാബു തൊഴുകൈകളോടെ നമസ്കാരം പറഞ്ഞ് സ്വീകരണമുറിയിലേക്ക് ആനയിച്ചുകൊണ്ടുപോയി. തൊട്ടുപുറകെ ശ്രീദേവിയുടെ നേതൃത്വത്തിലുള്ള ഒരു സംഘം തൊഴുകൈകളുമായെത്തി നമസ്കാരം പറഞ്ഞു. അധികം വൈകാതെ ചുക്കും കുരുമുളകും മറ്റും ചേർത്ത ചൂടുള്ള കാപ്പി എത്തി. ചെറിയ ചൂടോടെ അത് കുടിച്ചുകഴിഞ്ഞപ്പോൾ പ്രത്യേക ഉന്മേഷം.

ഗാന്ധിഭവന്റെ പ്രവർത്തനശൈലികൾ എങ്ങനെയൊക്കെ എന്നു കാണിച്ചുതരുന്നതിനായി ശ്രീദേവി എന്നെ കൂട്ടിക്കൊണ്ടുപോയി. ഇതിനിടയിൽ സ്നേഹരാജ്യം മാസികയുടെ ചീഫ് എഡിറ്റർ കൂടിയായ പ്രിയപ്പെട്ട അമൽരാജ് അടുത്തെത്തി. ഒരാഴ്ച മുമ്പ് ഞാൻ കേരളകൗമുദി വാരാന്ത്യപ്പതിപ്പിലെഴുതിയിരുന്ന ‘നീലക്കുറിഞ്ഞീ, നീ എത്ര ധന്യ’ എന്ന ലേഖനം വായിച്ചു; വളരെ നന്നായിരിക്കുന്നു എന്നു പറഞ്ഞപ്പോൾ ഒരു കാര്യം മനസ്സിലായി. അച്ഛൻ ഡോ. പുനലൂർ സോമരാജനെപ്പോലെതന്നെ മകനും പുസ്തകങ്ങൾ വായിക്കുന്ന, അക്ഷരങ്ങളുമായി നല്ല ബന്ധമുള്ള ചെറുപ്പക്കാരനാണെന്ന്.

കൊച്ചുകുട്ടികളെ പാർപ്പിച്ചിരിക്കുന്ന ഡേകെയർ വിഭാഗത്തിലേക്കാണ് ഞങ്ങൾ ആദ്യം പോയത്. ഒന്നും ഒന്നരയും രണ്ടും വയസ്സുള്ള കുഞ്ഞോമനകൾ. പിറവിയിലേ അനാഥരായവർ. അഥവാ മറ്റാരുടെയോ ദുഷ്ചെയ്തികളുടെ ഫലമായി അനാഥരാക്കപ്പെട്ടവർ. മാനസികവൈകല്യം ബാധിച്ച അമ്മമാരുടെ കുഞ്ഞുങ്ങൾ. ആ കുഞ്ഞുങ്ങളുടെ കഥകൾ കേട്ടപ്പോൾ മനസ്സു വല്ലാതെ വേദനിച്ചു. എച്ച്.ഐ.വി. ബാധിതരായ അച്ഛന്റെയും അമ്മയുടെയും മകളായ സ്നേഹഗംഗ ആയയുടെ ഒക്കത്തിരുന്ന് തൊഴുകൈകളോടെ നമസ്കാരം പറഞ്ഞ രംഗം മറക്കാനാവുന്നില്ല.

പരസഹായമില്ലാതെ എഴുന്നേറ്റിരിക്കാൻ പോലും കഴിയാത്ത അമ്മമാർ. ഇവരിൽ പലർക്കും മൂന്നുനേരവും ആഹാരം വാരിക്കൊടുക്കണം. കുളിപ്പിക്കണം. 105 വയസ്സുള്ള മുത്തശ്ശി മുതൽ പ്രസവിച്ച് ഒരു ദിവസം മാത്രം പ്രായമായ കുഞ്ഞു വരെ ഗാന്ധിഭവനിലുണ്ട്. മാനസികനില തകർന്നവർ, ആരോഗ്യം നഷ്ടപ്പെട്ടവർ, മക്കൾ നടതള്ളിയവർ, മനോനില തകർന്നവർ എന്നാരോപിച്ച് വേണ്ടപ്പെട്ടവർ ആട്ടിയോടിച്ച് അഗതികളാക്കിയവർ, ആഹാരത്തിനും മരുന്നിനും വസ്ത്രത്തിനും വകയില്ലാതെ തെരുവോരങ്ങളിൽ അന്തിയുറങ്ങിയവർ, ഇവരെയെല്ലാം ഞാൻ അടുത്തുകണ്ടു സംസാരിച്ചു. അവരുടെ ദുഃഖങ്ങൾ പങ്കുവച്ചു. സംസാരിക്കാൻ കഴിയാത്തവരുടെ കാര്യങ്ങൾ ശ്രീദേവിയും മറ്റും പറഞ്ഞുതന്നു. ജീവിതം ശാപമായി പേറിക്കൊണ്ട് കഴിയേണ്ടിവന്ന ഈ മനുഷ്യജീവിതങ്ങൾക്ക് ദൈവദൂതനെപ്പോലെയാണ് സോമരാജനും കുടുംബവും



ആശ്വാസവും അഭയവും നൽകുന്നത്. ആതുരസേവനത്തിന്റെ അതിരുകളില്ലാത്ത ആത്മാർത്ഥത ഞാനിവിടെ കണ്ടു. ഇവിടമാണ് അദ്ധ്യാത്മവിദ്യാലയം എന്ന കവിവാക്യത്തിന് പുതിയ മാനങ്ങളും അർത്ഥതലങ്ങളും അനുഭവപ്പെടുന്നു.

ഏതാണ്ട് ആയിരത്തി നാനൂറിലധികം അന്തേവാസികൾ കഴിയുന്ന ഇവിടം വൃത്തിയായും ശുചിയായും സൂക്ഷിക്കുന്നതിൽ അവിടുത്തെ സന്നദ്ധപ്രവർത്തകർ അനുഷ്ഠിക്കുന്ന സേവനം മഹത്തരമാണ്. പുറത്തുനിന്നുള്ള അതിഥികളെ കാണുമ്പോൾ തൊഴുകൈകളോടെ നമസ്കാരം പറയുന്ന അമ്മമാരും സഹോദരിമാരും കുഞ്ഞുങ്ങളും ഗാന്ധിഭവന്റെ സാംസ്കാരികപൈതൃകം വിളിച്ചറിയിക്കുന്നു. അവരിൽ ടി.പി. മാധവനെപ്പോലെയും, പാലാ തങ്കത്തെപ്പോലെയും ഉള്ള പ്രസിദ്ധരായവർ മുതൽ ഊരുംപേരും ഇല്ലാത്ത അനാഥജീവിതങ്ങൾ വരെയുണ്ട്. ഒരു കൂരയ്ക്കുകീഴിൽ ജാതിയും മതവും വിഭാഗീയ ചിന്താഗതികളും ഒന്നുമില്ലാതെ സ്നേഹത്തോടെ, സാഹോദര്യത്തോടെ, സമഭാവനയോടെ അവർ ഒന്നിച്ചു കഴിയുന്നു. കരുണയുടെ, അനുകമ്പയുടെ, ജീവകാരുണ്യത്തിന്റെ, മാനവസേവയുടെ ഉദാത്ത മാതൃകകളായി ദുഃഖങ്ങളും ദുഃഖഭാരങ്ങളും ഇറക്കിവച്ച് സ്വസ്ഥജീവിതം നയിക്കുന്നു.

ആധുനിക രീതിയിലുള്ള അടുക്കള. 1500 പേർക്ക് ഒന്നിച്ച് ഭക്ഷണം ഉണ്ടാക്കുന്ന സംവിധാനങ്ങൾ നേരിട്ടുകണ്ട് ബോദ്ധ്യപ്പെട്ടു. ഭക്ഷണം കഴിക്കുന്നതിനൊരുക്കിയിട്ടുള്ള സദ്യാലയം വൃത്തിയും വെടിപ്പുമുള്ളതാണ്. അതിനെക്കാൾ 'അതിഥിദേവോ ഭവ' എന്ന ഭാരതീയ സങ്കല്പം അതിന്റെ എല്ലാ അർത്ഥത്തിലും നടപ്പാക്കുന്നതിൽ അങ്ങേയറ്റത്തെ

ശ്രദ്ധ പുലർത്തുന്നു ഗാന്ധിഭവനിലെ സന്നദ്ധപ്രവർത്തകർ.

ഗാന്ധിഭവനിൽ പ്രവർത്തിക്കുന്ന ലീഗൽ സർവ്വീസസ് അതോറിറ്റി (ഹൈക്കോടതിയുടെ പ്രത്യേകാനുമതി പ്രകാരം പ്രവർത്തിക്കുന്നത്) പ്രത്യേക പരാമർശം അർഹിക്കുന്നു. കുടുംബപരമായ പ്രശ്നങ്ങൾക്ക് കോടതികളിൽ പോകാതെ ഗാന്ധിഭവനിൽ പരിഹാരമുണ്ടാക്കി കൊടുക്കുന്നു. വക്കീലന്മാർക്ക് ഫീസ് കൊടുക്കേണ്ട. കോടതികളിലെ കാലതാമസമില്ല. നിയമവിദഗ്ദ്ധരുടെ സേവനം സൗജന്യമായി കക്ഷികൾക്ക് ലഭിക്കുന്നു. കേസുകളിൽ ഇവിടത്തെ തീർപ്പ് അന്തിമമാണെന്നുകൂടി അറിയുമ്പോഴാണ് ഗാന്ധിഭവൻ ചെയ്യുന്ന നിശ്ശബ്ദസേവനത്തിന്റെ മറ്റൊരു തലം കൂടി വ്യക്തമാകുന്നത്.

കഴിഞ്ഞ 45 വർഷങ്ങളായി നൂറുകണക്കിന് വേദികളിൽ പ്രസംഗിക്കാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. എന്റെ ഒരു പുസ്തകം– കേരള കൗമുദി ചരിത്രം രണ്ടാം ഭാഗം പ്രകാശനം ചെയ്തത് ഇന്ത്യൻ പ്രസിഡന്റാണ്. ഡൽഹിയിലെ രാഷ്ട്രപതിഭവനിൽ നടന്ന ചടങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞത് ജീവിതത്തിലെ ഏറ്റവും ധന്യമായ മുഹൂർത്തങ്ങളിലൊന്നായിരുന്നു. പക്ഷെ അന്നുപോലും അനുഭവപ്പെടാത്ത ഒരു വൈകാരിക പിരിമുറുക്കം 2018 നവംബർ 10 ന് എനിക്ക് ഗാന്ധിഭവനിൽ അനുഭവപ്പെട്ടു. ഗുരുദേവചിത്രം അനാച്ഛാദന ചടങ്ങിന്റെ ഉദ്ഘാടകൻ ഞാനായിരുന്നു. ബഹുമാന്യനായ ശ്രീ. എസ്. സുവർണ്ണകുമാറായിരുന്നു അദ്ധ്യക്ഷൻ. ഗാന്ധിഭവന്റെ ജീവാത്മാവും പരമാത്മാവുമായ പുനലൂർ സോമരാജന്റെ ആത്മാർത്ഥത മുറ്റിയ സ്വാഗതപ്രസംഗത്തെ തുടർന്ന് ഗാന്ധിഭവനിലെ അന്തേവാസികളായ ഇരുപതോളം സ്കൂൾ വിദ്യാർത്ഥികളായ കുഞ്ഞുങ്ങൾ ചേർന്നാണ് എന്നെ കസവ് നേര്യത് അണിയിച്ചത്. ഗാന്ധിഭവനിലെ മ്യൂസിക് ക്വയറിന്റെ പ്രാർത്ഥനാഗീതത്തിനൊപ്പം കുട്ടികൾ ഓരോരുത്തരായി എന്റെ പാദങ്ങളിൽ തൊട്ട് നമസ്കരിച്ച നിമിഷങ്ങളിൽ സത്യത്തിൽ കണ്ണുനിറഞ്ഞുപോയി. പ്രസംഗപീഠത്തിനു മുന്നിൽ നിൽക്കുമ്പോഴും ഏതാനും നിമിഷങ്ങളിൽ സംസാരിക്കാൻ ബുദ്ധിമുട്ടായിരുന്നു. ജീവിതത്തിൽ ആദ്യമായാണ് ഇങ്ങനെ ഒരനുഭവം. അറിവിന്റെയും തിരിച്ചറിവിന്റെയും മദ്ധ്യേയുള്ള ഒരനുഭവതലം. ദുഃഖമാണോ, സന്തോഷമാണോ, സഹതാപമാണോ എന്ന് ഇനിയും തിരിച്ചറിയാൻ കഴിയുന്നില്ല.

സമ്മേളനത്തിനുശേഷം വിഭവസമൃദ്ധമായ സദ്യയും കഴിഞ്ഞ് തിരികെ പോരാൻ ഒരുങ്ങുമ്പോഴാണ് അന്ന് ഉച്ചയ്ക്ക് രണ്ടുമണിക്ക് തെങ്കാശിയിൽ നിന്നും കൊല്ലത്തുനിന്നുമുള്ള രണ്ട് അനാഥജീവിതങ്ങളെ പോലീസ് ശുപാർശയിൽ ഗാന്ധിഭവനിൽ എത്തിച്ചത്. അശരണരും വാർദ്ധക്യസഹജമായ അസുഖങ്ങളാൽ പരിക്ഷീണരുമായ ഇവർ രണ്ടുപേരെയും ഗാന്ധിഭവനുവേണ്ടി ഏറ്റെടുക്കാൻ സുവർണ്ണകുമാറിനെയും എന്നെയുമാണ് സോമരാജൻ നിയോഗിച്ചത്. ഇത്തരത്തിലൊരു പുണ്യപ്രവൃത്തി ചെയ്യാൻ അവസരമൊരുക്കിയ പ്രിയപ്പെട്ട സോമരാജന് പ്രത്യേക നന്ദി.



ഇനി എന്റെ താമസസ്ഥലത്തുകൂടി ഒന്നു കയറിയിട്ടുപോകാമെന്ന സോമരാജന്റെ സ്നേഹപൂർവ്വമായ ക്ഷണം സ്വീകരിച്ചില്ലായിരുന്നെങ്കിൽ അത് ഏറ്റവും വലിയ നഷ്ടങ്ങളിലൊന്നാകുമായിരുന്നു. ഗാന്ധിപ്രതിമയ്ക്കടുത്ത് പടിക്കെട്ടുകൾ കയറിച്ചെല്ലുമ്പോൾ ത്രികോണാകൃതിയിൽ ഉള്ള ഒറ്റമുറി. ഒരു കട്ടിൽ ഇട്ടുകഴിഞ്ഞാൽ പിന്നെ നിന്നുതിരിയാൻ ഇടമില്ലാത്ത ചെറിയ മുറി. ആർഭാടങ്ങളൊന്നുമില്ലാത്ത ലാളിത്യത്തിന്റെ നിതാന്തസാന്നിദ്ധ്യം. കഴിഞ്ഞ പതിനഞ്ചിലധികം വർഷങ്ങളായി സോമരാജനും ഭാര്യ പ്രസന്നയും ഗാന്ധിഭവനിലെ അന്തേവാസികൾക്കൊപ്പം അവർക്ക് അഭയം നൽകി, മരുന്നുകൾ നൽകി, ആഹാരവും വസ്ത്രവും നൽകി, സ്നേഹവാത്സല്യങ്ങൾ നൽകി 24 മണിക്കൂറും അവരോടൊപ്പം ഇവിടെ കഴിയുന്നു.

മനുഷ്യസ്നേഹത്തിന്റെ, ജീവകാരുണ്യത്തിന്റെ പകരം വയ്ക്കുവാൻ മറ്റൊന്നില്ലാത്ത ജീവിതമാതൃകയാണ് സോമരാജനും കുടുംബവും. അച്ഛനെ പിന്തുടർന്ന് മകൻ അമൽരാജും ഭാര്യ മായയും രണ്ടു വയസ്സുള്ള മകൾ പ്രാർത്ഥനയും ഏതാനും വാര അകലെയുള്ള മറ്റൊരു മുറിയിൽ സദാ സേവനസന്നദ്ധരായി ഈ വലിയ കൂട്ടുകുടുംബത്തിൽ കഴിയുന്നുവെന്നതും വിശ്വസിക്കാനാവാത്ത വിസ്മയങ്ങളാണ്.

ഒരുപക്ഷെ സോമരാജനും കുടുംബത്തിനുമല്ലാതെ മറ്റൊരാൾ ക്കും കഴിയാത്ത ഈ മഹനീയ മാതൃക കാണുമ്പോൾ 'ത്യാഗമെന്നതേ നേട്ടം താഴ്മതാനഭ്യുന്നതി' എന്ന കവിവാക്യം അർത്ഥപൂർണ്ണമാകുന്നു.

*(കേരളകൗമുദി, 27.03.2019)*

# സഹാനുഭൂതിയുടെ ശാന്തിമന്ദിരം



**കെ.ആർ. അജയൻ**
**ദേശാഭിമാനി**

**വൈ**കിട്ട് നാലുമണിയോടെയാണ് ഗാന്ധിഭവനുമുന്നിൽ ഓട്ടോറിക്ഷയിൽ ചെന്നിറങ്ങിയത്. ആകെ പോലീസ് മയം. ഗവർണർ പി. സദാശിവം സന്ദർശിക്കുന്നുണ്ട്. അതിന്റെ മേളപ്പൊടിപൂരമാണ് എല്ലായിടത്തും. കേരളത്തിന്റെ ഇങ്ങേത്തലയ്ക്കൽ പുനലൂരിനടുത്തുള്ള പത്തനാപുരം ആദ്യമായാണ് ഒരു ഗവർണറെ നേരിൽ കാണുന്നത്. അതിന്റെ ആവേശമെല്ലാം കൂറ്റൻ കമാനത്തിലും ആഘോഷത്തിലുമൊക്കെയുണ്ട്. എനിക്ക് കാണേണ്ടത് ഗവർണറെയല്ല, ഗാന്ധിഭവനെന്ന ഈ കൂട്ടുകുടുംബത്തിന്റെ അമരക്കാരൻ ഡോ. പുനലൂർ സോമരാജനെയാണ്. ഗവർണറുടെ സന്ദർശനം നേരത്തേ അറിഞ്ഞുവെങ്കിലും അത് തലേന്ന് കഴിഞ്ഞുവെന്ന ധാരണയിലാണ് ബസ്സും ടാക്സിയും ഓട്ടോയുമെല്ലാം കയറി ഞാൻ അവിടെയെത്തിയത്. ഇനി സോമരാജനെ കാണണമെങ്കിൽ ഗവർണറുടെ സന്ദർശനം കഴിഞ്ഞേ പറ്റൂ. നേരത്തേ വിളിച്ചുചോദിച്ച് അനുമതി വാങ്ങി വരാത്തതിൽ സങ്കടം തോന്നി.

ഗന്ധിഭവന്റെ തന്നെ ബാന്റ് സംഘം വീഥിയിൽ അതിഥിയെ സ്വീകരിക്കാൻ തയ്യാറെടുത്ത് നിൽപ്പുണ്ട്. ഭാരവാഹികളെല്ലാം അങ്ങോട്ടുമിങ്ങോട്ടും തിരക്കിട്ട് നീങ്ങുന്നു. കൂട്ടുകുടുംബത്തിലെ അംഗങ്ങളും അവരെ സഹായിക്കുന്ന ജീവനക്കാരുമെല്ലാം ഗേറ്റിനുസമീപം ഗവർണറെ കാത്തുനിൽപ്പുണ്ട്. എന്തായാലും തിരക്ക് കഴിയാതെ ഇനി ഉള്ളിലേക്ക് പ്രവേശിക്കാൻ ബുദ്ധിമുട്ടാണ്. തൊട്ടടുത്ത് ഒരു മുത്തശ്ശിയുടെ മാടക്കടയുണ്ട്. അവിടെ തടിബെഞ്ചിൽ കയറിയിരുന്നു. നല്ല കുറുകുറുത്ത സംഭാരം ഒരു ഗ്ലാസ് വാങ്ങികുടിച്ച് പുറത്തേക്ക് നോക്കിയിരുന്നു. ഇരുണ്ട കറുപ്പുനിറമുള്ള ഓവർകോട്ടും വെളുത്ത പാന്റും ഷൂവുമൊക്കെ ധരിച്ച മാന്യനായ

ഒരാൾ കടയ്ക്ക് പുറത്ത് നിൽപ്പുണ്ട്. കണ്ടാൽത്തന്നെ ഒരു ഡിപ്ലോമാറ്റിന്റെ എല്ലാ ലക്ഷണവുമുണ്ട്. ഇടയ്ക്കിടയ്ക്ക് കോട്ടിന്റെ പോക്കറ്റിൽ കൈയിട്ട് ചില കടലാസുകൾ പുറത്തെടുത്ത് സസൂക്ഷ്മം കണ്ണോടിക്കുന്നു. ആകെ അസ്വസ്ഥനാണ്. മൊബൈൽ ഫോണിലൂടെ ഇംഗ്ലീഷിലാണ് സംസാരം. പ്രധാനമന്ത്രി നരേന്ദ്രമോദിയേയും അദ്ദേഹത്തിന്റെ സെക്രട്ടറിമാരെയുമൊക്കെക്കുറിച്ചാണ് സ്വകാര്യ സംഭാഷണം. എന്തായാലും ആള് ചില്ലറക്കാരനല്ല. അത് വർത്തമാനത്തിൽനിന്നുതന്നെ വ്യക്തം.

ബാന്റുകൾ മുഴങ്ങുന്നു. ഗാന്ധിഭവന്റെ ഗേറ്റിനുപുറത്തേക്ക് പെട്ടെന്ന് എത്തിയ പുനലൂർ സോമരാജനും കുടുംബാംഗങ്ങളും എന്നെ കണ്ടെന്നു തോന്നുന്നു. വളരെ വേഗത്തിൽ ഞാനിരിക്കുന്ന മാടക്കടയുടെ മുന്നിലേക്ക് അവർ നടന്നടുക്കുകയാണ്. പിന്നിൽ ആഘോഷപൂർവ്വം ബാന്റ് വാദ്യക്കാരും. സ്വീകരിക്കുന്നത് അതുവരെ എന്റെ മുന്നിൽ നിന്ന് ഫോൺ ചെയ്യുകയായിരുന്ന ഡിപ്ലോമാറ്റിനെയാണ്. ഇതിനിടെ സോമരാജൻ എന്നെ കണ്ടു. നമുക്ക് പിന്നെക്കാണാം എന്ന ആംഗ്യം കാണിച്ച് അതിഥിയുമായി അവർ ഉള്ളിലേക്ക് പോവുകയാണ്. ഇതിനിടെ സംഘത്തിലൊരാളോട് കാര്യം തിരക്കുമ്പോൾ അദ്ദേഹം പറഞ്ഞു, 'അത് ആൻഡമാനിലെ നിയുക്ത ഗവർണർ മിസ്റ്റർ ഗാനപ്രിയൻ.' സത്യത്തിൽ ഞെട്ടിയത് ഒരിക്കലല്ല. രണ്ടുവട്ടം. കേരള ഗവർണർ പി. സദാശിവത്തെ സ്വീകരിക്കുന്ന ചടങ്ങിൽ മറ്റൊരു ഗവർണർ കൂടിയോ?

ഗാന്ധിഭവനിലെ ഓഡിറ്റോറിയത്തിൽ ദേശീയഗാനം മുഴങ്ങുന്നു. ഗാനപ്രിയൻ ഗവർണറുടെ സീറ്റിൽ നിന്ന് എണീറ്റ് എല്ലാവർക്കും നന്ദി പറയുന്നു. സോമരാജൻ അദ്ദേഹത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുന്നു. നിയുക്ത ഗവർണർക്ക് ആശംസയർപ്പിക്കാൻ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ വേദിയിലുണ്ട്. എല്ലാവരും സംസാരിച്ചുതീർന്ന് ജനഗണമന പാടി പോലീസ് വലയത്തിൽ നിയുക്ത ഗവർണർ പുറത്തേക്ക്.

സംഘാടകരോട് ഞാൻ: 'നമ്മുടെ ഗവർണർ പി. സദാശിവം എപ്പോഴാണ് വരുന്നത്?'

മറുപടി: 'ഗവർണർ ഇന്നലെ വന്നുപോയല്ലോ....'

ഞാൻ: 'ഇപ്പോൾ വന്നുപോയത്...?'

മറുപടി: 'ഇവിടെ ഗവർണർ മാത്രമല്ല. ബ്രൂണെ സുൽത്താന്റെ മകൻ വരെ വന്നുപോവുന്നുണ്ട്. അക്കാര്യം സോമരാജൻ സാറിനോട് ചോദിച്ചാൽ വ്യക്തമായി മനസ്സിലാകും.'

സംഭവിക്കുന്നതെല്ലാം സത്യമോ മിഥ്യയോ എന്ന് വ്യക്തമല്ലാത്ത അവസ്ഥയിൽ ഞാൻ ഗാന്ധിഭവനുള്ളിലൂടെ നടന്നു. യഥാർത്ഥത്തിൽ ഈ ഗാന്ധിഭവൻ തന്നെ സ്വപ്നലോകമാണ്. ഒന്നുമില്ലാത്ത ആയിരങ്ങൾ എല്ലാ സന്തോഷവുമായി ഒന്നുചേർന്ന് ജീവിക്കുന്നയിടം. ഇവിടെ മനോരോഗികളുണ്ട്, പലതരം വൈകല്യം ബാധിച്ചവരുണ്ട്, ബുദ്ധിയുള്ളവരും ബുദ്ധിയുറയ്ക്കാത്തവരുമുണ്ട്. കൈക്കുഞ്ഞു മുതൽ ഊർധ്വൻ

വലിക്കുന്നവർ വരെയുണ്ട്. എല്ലാരുമുപേക്ഷിച്ചവരും എല്ലാരുമുള്ളവരുമുണ്ട്. പിച്ചച്ചട്ടിക്കുപോലും പാങ്ങില്ലാത്തവരും കോടികൾക്കുമീതെ ഉറക്കമുണർന്നവരുമുണ്ട്.

നരവീണ താടിയും കഷണ്ടികയറിത്തുടങ്ങിയ നെറ്റിയും ഇടതു കൈകൊണ്ട് താങ്ങി ശുഭ്രവസ്ത്രധാരിയായ ഡോ. പുനലൂർ സോമരാജൻ എന്റെ മുന്നിലിരിപ്പുണ്ട്. മേശമേലും ചുറ്റിലും ഫയലുകളുടെയും പുസ്തകങ്ങളുടെയും കൂമ്പാരം. തലയ്ക്കുമീതെ തൂങ്ങുന്നത് മഹാത്മാ ഗാന്ധി ചർക്കയിൽ നൂൽനൂൽക്കുന്ന ചിത്രം. ശ്രീനാരയണഗുരുവും യേശുക്രിസ്തുവും മദർതെരേസയുമെല്ലാം സമീപമുണ്ട്. ഗാന്ധിഭവന്റെ സെക്രട്ടറി എന്നതുമാത്രമല്ല, അതിന്റെ എല്ലാമെല്ലാമാണ് ഇദ്ദേഹം. അതിനുമുപരി ഒരു ഗാന്ധിയൻ മാർക്സിസ്റ്റ് എന്നു വേണമെങ്കിൽ നമുക്ക് വിശേഷിപ്പിക്കാം. നേരത്തേ ആൻഡമാൻ നിയുക്ത ഗവർണർക്ക് നൽകിയ സ്വീകരണത്തെക്കുറിച്ച് ചോദിക്കുമ്പോൾ. സോമരാജൻ ചിരിക്കുന്നു. അത് യഥാർത്ഥത്തിൽ സ്വീകരണം തന്നെയാണ്. ആൻഡമാൻ നിയുക്ത ഗവർണർക്കല്ല, മറിച്ച് ജീവിതത്തിലേക്കും ബോധതലത്തിലേക്കും മടങ്ങിവരുന്ന ഒരാളിന് നൽകാവുന്ന മനോജ്ഞമായ സ്വീകരണം. സ്വീകരിക്കപ്പെട്ട ഗാനപ്രിയൻ ഗാന്ധിഭവനിലെ അന്തേവാസികളിലൊരാൾ, കൊല്ലത്തെ പ്രശസ്തമായ ശ്രീനാരായണ കോളേജിലെ പൂർവ്വവിദ്യാർത്ഥി. പ്രശസ്ത എഴുത്തുകാരും ചിന്തകരും അധ്യാപകരും ഉൾപ്പെടെയുള്ള വൻ സുഹൃദ്സംഘത്തിനുടമ. ദീർഘകാലം പത്രപ്രവർത്തകനായിരുന്നു. കുടുംബബന്ധങ്ങളിലെ താളപ്പിഴയാണ് ഗാനപ്രിയനെ ഗാന്ധിഭവനിലെത്തിച്ചത്. ഇപ്പോൾ പുനലൂർ സോമരാജന്റെ ഭാര്യാസഹോദരൻ (അളിയൻ) എന്ന് സ്വയം വിശേഷിപ്പിച്ചാണ് ഗാന്ധിഭവനിൽ കഴിയുന്നത്. രണ്ടുദിവസംമുമ്പ് കേരള ഗവർണർ ജസ്റ്റിസ് പി. സദാശിവം ഗാന്ധിഭവൻ സന്ദർശിച്ചു. അദ്ദേഹത്തിന് നൽകിയ ആദരവും പോലീസ് ബന്തവസുമൊക്കെ ഗാനപ്രിയനെ വീണ്ടും സ്വപ്നലോകത്തെത്തിച്ചു. സദാശിവം മടങ്ങിയതിനു തൊട്ടുപിന്നാലെ ഗാനപ്രിയൻ പ്രഖ്യാപിച്ചു. "പ്രധാനമന്ത്രി നരേന്ദ്രമോദി വിളിച്ചു. ആൻഡമാനിൽ ഗവർണറായി ചുമതലയേൽക്കാൻ നിർദ്ദേശിച്ചു. രണ്ടുദിവസത്തിനകം ഡൽഹിയിൽനിന്ന് ഉദ്യോഗസ്ഥർ വരും. അതിനുമുമ്പ് എനിക്ക് സ്വീകരണം കിട്ടിയേ പറ്റൂ."

വലഞ്ഞത് സോമരാജനും ഗാന്ധിഭവനുമാണ്. സ്വീകരണം നൽകിയില്ലെങ്കിൽ വിഭ്രമാവസ്ഥയിൽ നിൽക്കുന്ന ഗാനപ്രിയന്റെ മനസ്സ് എങ്ങോട്ട് പോകുമെന്ന് ചിന്തിക്കാനാകില്ല. എല്ലാവരും ചേർന്ന് ഉടൻ തീരുമാനമെടുത്തു. നിയുക്ത ഗവർണർക്ക് പിറ്റേന്ന് ഗാന്ധിഭവനിൽ പകിട്ടാർന്ന സ്വീകരണം. അവിടത്തെ സെക്യൂരിറ്റിക്കാരെല്ലാം ഗവർണറുടെ സുരക്ഷാ ചുമതലയുള്ള പോലീസായി. മറ്റൊരാൾ എ.ഡി.സി.യായി എല്ലാ ആർഭാടവും നിറഞ്ഞ ആ സ്വീകരണമാണ് ഞാൻ തുടക്കത്തിൽ കണ്ടത്. അതിലൂടെ ഗാനപ്രിയനെ മാത്രമല്ല, ഗാന്ധിഭവനിലെ അന്തേവാസികളുടെയാകെ പിരിമുറുക്കത്തിനാണ് തൽക്കാല മോചനമുണ്ടായത്. സൈക്കോ



അനാലിസിസ് മനഃശാസ്ത്രപഠനത്തിന്റെ ഏറ്റവും കാതലായ ഭാഗമാണ്. അത് വിദഗ്ദ്ധന്മാർക്കുമാത്രം കൈകാര്യം ചെയ്യാനാകുന്നതും. എന്നാൽ ഒരു അക്കാദമി പാണ്ഡിത്യവുമില്ലാതെ ഇതാ എന്റെ മുന്നിലിരിക്കുന്ന ഈ കുറിയ മനുഷ്യൻ ആയിരക്കണക്കിന് മനുഷ്യരുടെ മനസ്സ് വായിക്കുന്നു. അവരുടെ ദുരിതങ്ങളിൽ, സന്തോഷങ്ങളിൽ എല്ലാം പങ്കാളിയാവുന്നു. പിതൃതുല്യമായ ആശ്ലേഷത്തോടെ അവരെയെല്ലാം വാരിപ്പുണരുന്നു. പുനലൂർ സോമരാജൻ എന്ന മനുഷ്യനോട് വല്ലാത്ത ആദരവ് തോന്നുന്നു. തന്റെയൊപ്പമുള്ള ആയിരത്തിലേറെ ജീവിതങ്ങളുടെ കാരണവരാണദ്ദേഹം. കഴിഞ്ഞ ദിവസം പിറന്നതുമുതൽ മരണക്കിടക്കയിലേക്ക് നീളുന്നവരുൾപ്പെടെയുള്ള ആയിരങ്ങളുടെ സ്നേഹവും സാന്ത്വനവുമാണ്. പത്തനാപുരം ഗാന്ധിഭവൻ ഇന്ന് ഇന്ത്യയിലെ സുപ്രധാന അഗതിയിടമാണ്.

ബുദ്ധിമാന്ദ്യമുള്ളവർക്ക് പരിശീലനം നൽകുന്ന സ്പെഷ്യൽ സ്കൂൾ, ഗാർഹിക പീഡനങ്ങൾക്ക് വിധേയരാകുന്നവർക്ക് നിയമസഹായം നൽകുന്ന നീതിഭവൻ, കേരള ഹൈക്കോടതിയുടെ കീഴിലുള്ള കെൽസയുടെ സൗജന്യ നിയമസഹായ യൂണിറ്റ്, സംസ്ഥാന വനിതാ കമ്മീഷന്റെ എ ഗ്രേഡ് അംഗീകാരമുള്ള സേവനവിഭാഗം, കേരള സർക്കാർ ഷെൽട്ടർ ഹോം, ജില്ലാ പഞ്ചായത്ത് സഹായത്തോടെ ശരണാലയം, സൗജന്യ ചികിത്സാപദ്ധതിയുമായി ഫിനിക്സ് ഹോസ്പിറ്റൽ, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ്, മദ്യവിമുക്ത ചികിത്സാ പുനരധിവാസകേന്ദ്രം, ഒറ്റപ്പെടുന്ന അമ്മമാർക്കായി സ്നേഹക്കൂട് എന്നീ സ്ഥാപനങ്ങൾ ഉൾ ക്കൊള്ളുന്നതാണ് ഗാന്ധിഭവൻ.

ആയിരങ്ങളുടെ കണ്ണീരൊപ്പുന്ന ഈ മഹാപ്രസ്ഥാനത്തിനുപിന്നിൽ സോമരാജനെന്ന നിശ്ചയദാർഢ്യക്കാരൻ ഒഴുക്കിയ വിയർപ്പ് അളന്നെടുക്കാവുന്നതല്ല. പുനലൂരിലെ ഇടത്തരം കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന്റെ പിതാവ് ചെല്ലപ്പൻ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായിരുന്നു. കുട്ടിക്കാലത്ത് അമ്മ മരിച്ചു. തെരുവുനായകളെയും തെരുവിൽ അലയുന്നവരെയും വീട്ടിൽ കൊണ്ടുവന്ന് കുളിപ്പിച്ച് ഭക്ഷണവും യാത്രാക്കൂലിയും നൽകി യാത്രയാക്കുന്ന പിതാവാണ് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മാതൃക. അച്ഛനിൽനിന്ന് ആർജിച്ച കമ്യൂണിസ്റ്റ് സഹാനുഭൂതി സോമരാജനെന്ന രാജനെ വളർത്തിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.

വിദ്യാഭ്യാസശേഷം കുറേക്കാലം സമാന്തര കോളേജ് അധ്യാപകനായി. പിന്നെ ബിസിനസ് നടത്തി. കലാസാഹിത്യ, സാമൂഹ്യ പ്രസ്ഥാനങ്ങളിൽ പങ്കാളിയായി. കഥ, കവിത, ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അനേകം റേഡിയോ നാടകങ്ങൾ രചിച്ചു. കുറേ ബാലസാഹിത്യകൃതികളുടെ കർത്താവുമാണ്. ആകാശവാണി റേഡിയോ ക്ലബ്ബിന്റെ സംസ്ഥാന സെക്രട്ടറി, ഹോട്ടൽ വ്യവസായികളുടെ സംസ്ഥാന സെക്രട്ടറി, എ.ഐ.വൈ.എഫ് പ്രവർത്തകൻ, ജനയുഗത്തിൽ കോളമിസ്റ്റ്, ദേശാഭിമാനി സ്റ്റഡി സർക്കിൾ, പിന്നെ പുരോഗമന കലാസാഹിത്യസംഘത്തിന്റെ പത്തനാപുരം താലൂക്കിന്റെ ആദ്യ സെക്രട്ടറി, കേരളശബ്ദത്തിൽ കോളമിസ്റ്റ്–ഇങ്ങനെ സോമരാജൻ പ്രവർത്തിക്കാത്ത മേഖലകൾ കുറവ്. സംസ്ഥാന സർക്കാരിന്റേത് ഉൾപ്പെടെ ഇരുനൂറോളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ശ്രീലങ്കയിലെ കൊളംബോ സർവകലാശാലയിൽനിന്ന് ജീവകാരുണ്യത്തിൽ പി.എച്ച്.ഡി. നേടി.

അമ്മൂമ്മയ്ക്കൊപ്പമായിരുന്നു രാജന്റെ ബാല്യം. മദർ തെരേസയെപ്പോലിരിക്കുന്ന അമ്മൂമ്മ. രാജന് അവർ 'അമ്മ' തന്നെയായിരുന്നു. ആ അമ്മ പകർന്നുനൽകിയ ജീവിതപാഠമാണ് എക്കാലത്തെയും കരുത്ത്. അമ്മയുടെ മുന്തി(കൈലിയുടെ അറ്റക്കെട്ട്)യിൽനിന്ന് ഓട്ടക്കാലണ മോഷ്ടിച്ച് സുഹൃത്തുക്കൾക്ക് കടല വാങ്ങിക്കൊടുത്ത് സന്തോഷിച്ചത് പിന്നെ പശ്ചാത്താപത്തിന്റെ പടിവരെയെത്തിയ കഥ സോമരാജൻ പറയുമ്പോൾ കണ്ണുനിറയുന്നു. മോഷ്ടിച്ച നാണയത്തിന്റെ എത്രയോ ഇരട്ടി അമ്മയ്ക്ക് തിരികെ നൽകുമെന്ന് വാശിയെടുത്തെങ്കിലും അതിനൊന്നും കാത്തുനിൽക്കാതെ മുത്തശ്ശി മരിച്ചു. സോമരാജന്റെ ജീവിതത്തിൽ വഴിത്തിരിവുണ്ടാക്കിയ സന്ദർഭങ്ങളിൽ ഏറ്റവും പ്രധാനവും അതുതന്നെ. ഇതിനിടെ ജീവിക്കാൻ മാർഗമില്ലാതെ ദൂരെ സ്ഥലങ്ങളിൽ കൂലിപ്പണി തേടിപ്പോയി.

ഒരിക്കൽ യാത്രയ്ക്കിടെ അവിചാരിതമായാണ് പാറുക്കുട്ടിയെന്ന അമ്മയെ കണ്ടെത്തിയത്. തന്റെ അമ്മ(അമ്മൂമ്മ)യെപ്പോലെ കാഴ്ചയിൽ. കാര്യങ്ങൾ കൂടുതലന്വേഷിച്ച സോമരാജൻ ആരും സംരക്ഷിക്കാനില്ലാതെ അനാഥയായി കിടന്ന ആ അമ്മയെ സ്വീകരിച്ച് വൃദ്ധസദനം എന്ന

സങ്കല്പം യാഥാർഥ്യമാക്കി. അതിനുമുമ്പ് ഈ ലക്ഷ്യത്തോടെ രൂപീകരിച്ച ഒരു സംഘടനയ്ക്ക് 2002 നവംബർ 20 ന് ഡോ. സുകുമാർ അഴീക്കോട് സോമരാജന് വേണ്ടി ഭദ്രദീപം കൊളുത്തിയിരുന്നു.

2004 ൽ കൊല്ലം ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെ ബുദ്ധിമാന്ദ്യമുള്ളവരെ പരിശീലിപ്പിക്കാൻ ഗാന്ധിഭവൻ പ്രത്യേകമായി സ്കൂൾ സ്ഥാപിച്ചു. തുടർന്ന് ചിൽഡ്രൻസ് ഹോം നിലവിൽ വന്നു. ഒരു വാടകകെട്ടിടത്തിൽനിന്ന് പല വാടകകെട്ടിടങ്ങളിലേക്ക് പ്രവർത്തനം വ്യാപിച്ചു. 2005 ആഗസ്തിൽ കുണ്ടയത്ത് ഇപ്പോൾ ഗാന്ധിഭവൻ ആസ്ഥാനമായ സ്ഥലം വാങ്ങി. ഒക്ടോബറിൽ താൽക്കാലികമായി സ്ഥാപിച്ച ഷെഡുകളിൽ അന്തേവാസികൾ താമസമായി. 2006 ൽ ഓൾഡേജ് ഹോം, ചിൽഡ്രൻസ് ഹോം അംഗീകാരങ്ങൾക്കുപുറമേ ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സെന്റർ, കേന്ദ്രസർക്കാർ നാഷണൽ ട്രസ്റ്റ് അംഗത്വം എന്നിവ ഗാന്ധിഭവന് ലഭിച്ചു. 2007 നവംബറിൽ ജീവകാരുണ്യ സംസ്കാരം വളർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ മലയാളത്തിലെ ആദ്യത്തെ ജീവകാരുണ്യ മാസിക 'സ്നേഹരാജ്യം' ആരംഭിച്ചു. റിപ്പോർട്ടർ ടി.വി.യുടെ ആരോഗ്യപ്രവർത്തനത്തിനുള്ള ജനനായക അവാർഡ് ഗാന്ധിഭവന് ലഭിച്ചു. വിഭിന്ന ശേഷിയുള്ളവരെ പാർപ്പിക്കുന്നതിനുള്ള സംസ്ഥാന അവാർഡും ഗാന്ധിഭവന് ലഭിച്ചു. 2007 ൽ സംസ്ഥാന യുവജനക്ഷേമ ബോർഡ് അവാർഡ്, 2003 ൽ അംഗവൈകല്യമുള്ളവരെ പാർപ്പിക്കുന്ന സ്ഥാപനത്തിനുള്ള സംസ്ഥാന അവാർഡ്, 2009 ൽ ജില്ലാ ഭരണകൂടത്തിന്റെ അവാർഡ് എന്നിവ ലഭിച്ചു. 2009 ൽ ഗാർഹിക പീഡന നിരോധനനിയമം നടപ്പാക്കുന്ന സർവീസ് പ്രൊവൈഡറായി ഗാന്ധിഭവനെ സർക്കാർ നിയമിച്ചു. 2001 ൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കരീപ്ര ശരണാലയം അഭയകേന്ദ്രമായി ഏറ്റെടുത്തു. കേരള സംഗീത നാടക അക്കാദമി ഓഫ്കാമ്പസ് കൂടിയാണ് ഇപ്പോൾ ഗാന്ധിഭവൻ. സ്ത്രീപുരുഷൻമാർക്കുള്ള സുരക്ഷാവീട്, മാനസിക രോഗങ്ങൾക്ക് അടിമപ്പെട്ടവരുടെ പുനരധിവാസകേന്ദ്രം, ലഹരിക്കടിമപ്പെട്ടവരെ കിടത്തി ചികിത്സിക്കുന്ന കസ്തൂർബാഗാന്ധിഭവൻ, ഗാന്ധിഭവൻ ഫിനി ക്സ് ഹോസ്പിറ്റൽ പാലിയേറ്റീവ് കെയർ സെന്റർ, സ്നേഹഗ്രാമം പഞ്ചായത്ത് എന്നിവയും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു.

സംസാരിച്ചിരിക്കുന്നതിനിടെ അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള ഒരു സുന്ദരിക്കുട്ടി-ശീതൾ, അച്ഛായെന്നുവിളിച്ച് ഓടിക്കയറിവന്ന് സോമരാജന്റെ കഴുത്തിൽ വട്ടംചുറ്റി. കംപ്യൂട്ടർമേശപ്പുറത്തിരിക്കുന്ന എന്തോ വസ്തു നോട്ടമിട്ടാണ് അവളുടെ വരവ്. ഈ അറുപതുകാരന് ഇത്രയും കുഞ്ഞുമകളോ? എന്റെ കണ്ണിലെ സംശയം കണ്ടാവണം സോമരാജൻ അവളുടെ കഥ പറഞ്ഞു. ആരും രക്ഷിക്കാനില്ലാത്ത അവസ്ഥയിൽ അവളുടെ അമ്മയെ തെരുവിൽനിന്ന് ലഭിക്കുമ്പോൾ പൂർണ്ണ ഗർഭിണിയായിരുന്നു. ഗാന്ധിഭവനിൽ കൊണ്ടുവന്ന് നാളുകൾക്കുള്ളിൽ അവർ പ്രസവിച്ചു. കുഞ്ഞിന്റെ അച്ഛനാരെന്ന് അറിയില്ല. ആരും അതേപ്പറ്റി അവളോട്

ഇതുവരെ ചോദിച്ചിട്ടുമില്ല. ഇപ്പോൾ ശീതളിന്റെ അച്ഛൻ സോമരാജനാണ്. പുറത്തെവിടെപ്പോയി തിരികെയെത്തുമ്പോഴും അവൾക്കായി എന്തെങ്കിലും കരുതികൊണ്ടുവരുന്ന അച്ഛൻ. അത് അവളുടെ അവകാശം കൂടിയാണ് ഇപ്പോൾ.

ഗാന്ധിഭവനിൽ ഏതുസമയത്ത് എത്തിയാലും കുടിക്കാനും തിന്നാനുമുള്ളതൊക്കെ കിട്ടും. നമ്മൾ ആവശ്യപ്പെട്ടില്ലെങ്കിലും ഇടയ്ക്കിടെ അവിടത്തെ അന്തേവാസികളോ ജീവനക്കാരോ അടുത്തുവന്ന് എന്താണ് കുടിക്കാൻ വേണ്ടതെന്ന് ചോദിച്ചുകൊണ്ടിരിക്കും. അവരുടെ സ്വന്തം പ്രകൃതിക്കാപ്പി നുണഞ്ഞിരിക്കുമ്പോൾ പെട്ടെന്ന് സോമരാജന് ഒരു ഫോൺകോൾ, തമിഴ്നാട്ടിലെ നൂറുൽ ഇസ്ലാം കോളേജിൽ നിന്ന്. ഗാന്ധിഭവനിലെ ഒരു മകൾ അവിടെ എംഎസ്സി കംപ്യൂട്ടർ സയൻസ് വിദ്യാർത്ഥിനിയാണ്. അച്ഛനും അമ്മയുമൊന്നുമില്ലാതെ രണ്ടും നാലും വയസ്സുള്ളപ്പോൾ വന്ന സഹോദരങ്ങളിൽ മൂത്തവൾ. നൂറുൽ ഇസ്ലാംകാർ സൗജന്യമായാണ് അവളെ പഠിപ്പിക്കുന്നത്. പഠിക്കാൻ മിടുക്കി. റിസൾട്ട് വന്നാലുടൻ അവിടെത്തന്നെ ജോലിയും നൽകുമെന്നുള്ള കോളേജ് അധികാരിയുടെ ഉറപ്പാണ് സോമരാജന്റെ ഫോണിൽ അങ്ങേത്തലയ്ക്കൽ. അവളുടെ സഹോദരൻ കൊല്ലത്തെ ഒരു നിയമകലാലയത്തിൽ വിദ്യാർത്ഥിയാണ്. ഗാന്ധിഭവനിൽത്തന്നെയാണ് താമസം.

അമ്മ മരിച്ചുപോയ മൂന്ന് പെൺകുട്ടികൾ ഇപ്പോൾ ഗാന്ധിഭവന്റെ അഭിമാനങ്ങളാണ്. തെരുവുജോലിക്കാരനായ അച്ഛന്റെ തുച്ഛവരുമാനത്തണലിൽ പിടിച്ചുനിൽക്കാനാകാതെ ആത്മഹത്യാപർവ്വത്തോളമെത്തിയവർ. ഗാന്ധിഭവൻ ദത്തെടുത്ത ഇവരിൽ രണ്ടുപേർ ഇപ്പോൾ ബിരുദധാരിണികളാണ്. മൂന്നാമത്തെയാൾ വിദ്യാർത്ഥിയും. അതിലേറെ സന്തോഷം മൂത്ത രണ്ടുപേർക്കും വിവാഹമായി എന്നതാണ്. വിവാഹനിശ്ചയചടങ്ങിന്റെ ചിത്രങ്ങൾ കംപ്യൂട്ടറിൽ കാണിക്കുമ്പോൾ സോമരാജന്റെ മുഖം പ്രകാശിക്കുന്നു. ഒരു കടമ നിറവേറ്റിയ അച്ഛന്റെ ചാരിതാർഥ്യത്താൽ. രണ്ടാമത്തെ കുട്ടിയുടെ വിവാഹം ഉടനുണ്ട്. അതും ഗാന്ധിഭവനിൽവച്ചു തന്നെ.

കേരള നിയമസഭയിൽ ഇ.എം.എസ്, അച്യുതമേനോൻ മന്ത്രിസഭകളുടെ കാലത്ത് എം.എൽ.എ.യായിരുന്ന എം.കെ. ദിവാകരൻ ഇവിടെയുണ്ടായിരുന്നു. അടുത്തിടെയാണ് മരിച്ചത്. വായനയും എഴുത്തുമായി വാർധക്യകാലം ശാന്തമായി അനുഭവിച്ചുതീർക്കുകയായിരുന്നു അദ്ദേഹമിവിടെ. കവി എ. അയ്യപ്പൻ ലഹരിയുടെ പക്ഷികളെ കൈയൊഴിഞ്ഞ് കുറേക്കാലം ഇവിടെ താമസിച്ചു. മുൻകാല ചലച്ചിത്രനടി പാലാ തങ്കം ഇപ്പോഴും ഇവിടെയുണ്ട്. 15 തികയുംമുമ്പേ അമ്മയായി തെരുവിൽ അലഞ്ഞവൾ, സ്വന്തം പിതാവിന്റെ കുഞ്ഞിനെ പ്രസവിക്കേണ്ടിവന്നവൾ, രോഗഗ്രസ്തരായ മാതാപിതാക്കളെ രക്ഷിക്കാൻ ഭിക്ഷാടനം നടത്തിയ ഒമ്പതുവയസ്സുകാരി, തിരുവിതാംകൂറിന്റെ അധികാരദുർഗ്ഗമായിരുന്ന സർ സി.പി. രാമസ്വാമി അയ്യരുടെ കുടുംബത്തിലെ ചെറുമകൾ

ആനന്ദവല്ലിയമ്മാൾ-അങ്ങനെ വലിപ്പച്ചെറുപ്പമില്ലാതെ എത്രയോ പേർ ഇവിടെ താമസിക്കുന്നു.

തിരുവനന്തപുരത്ത് വെഞ്ഞാറമൂട്ടിൽനിന്ന് ഗാന്ധിഭവനിൽ ഒരു കത്തു കിട്ടി. ജീവിതദുരിതങ്ങളെല്ലാം അക്കമിട്ട് നിരത്തിയ കരളലിയിക്കുന്ന കത്ത്. ഒരു തിരുവനന്തപുരം യാത്ര കഴിഞ്ഞ് പത്തനാപുരത്തേക്ക് മടങ്ങുന്ന രാത്രിയിൽ സോമരാജനും സുഹൃത്തും മേൽവിലാസക്കാരനെ തേടിച്ചെന്നു. കത്തിൽ വിവരിച്ചതിനേക്കാൾ അതിദാരുണമായ ജീവിതസാഹചര്യം. പോക്കറ്റിലുണ്ടായിരുന്ന കുറേ രൂപ അയാൾക്കു നൽകി മടങ്ങുമ്പോൾ പ്രതിമാസം ചെറിയൊരു തുക കൃത്യമായി അയാളുടെ വിലാസത്തിലെത്തുമെന്ന് ഉറപ്പു പറയാനും സോമരാജൻ മറന്നില്ല. അത് തുടർന്നു. വർഷങ്ങൾക്കുശേഷം ഒരു മാസത്തെ മണിയോർഡർ മടങ്ങിവന്നു. സോമരാജന്റെ ഓർമ്മയിൽ ഇന്നും കനലായി എരിയുന്നു ആ മനുഷ്യന്റെ മരണം.



ഈ ദുരിതക്കാരെയൊക്കെ സഹായിക്കാൻ അത്രത്തോളം സമ്പത്തുണ്ടോ ഗാന്ധിഭവന്? അഗതിമന്ദിരങ്ങൾ കച്ചവടകേന്ദ്രങ്ങളാകുന്ന ഇക്കാലത്ത് ഇതെങ്ങനെ പറ്റുന്നു?

ചോദ്യങ്ങൾ പ്രതീക്ഷിച്ചിരുന്നപോലെ സോമരാജൻ പറഞ്ഞു, "ഞങ്ങളെ സഹായിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളുണ്ട്. ആരോടും ഒന്നും ചോദിക്കാറില്ല. എന്നാൽ ഓരോരുത്തരും അറിഞ്ഞ് സഹായിക്കും. പിന്നെ എന്റെ സ്വന്തം കാര്യം, അതൊരു രഹസ്യമാണ്. എന്റെ വട്ടച്ചെലവുകൾക്കും മറ്റുമുള്ള തുക തരാൻ കുറെ അമ്മമാരുണ്ട്. ഇവിടെയെത്തി രഹസ്യമായി എന്റെ പോക്കറ്റിൽ വലുതും ചെറുതുമായ പൊതികൾ തിരുകിവച്ച് ആശ്ലേഷിച്ച് മടങ്ങും. മകന് ഒരു കുറവും വരാതെ നോക്കുന്ന പ്രിയപ്പെട്ട അമ്മമാർ." സോമരാജന്റെ ഈ വാക്കുകളിൽ എല്ലാമുണ്ട്. കണ്ണീരിന്റെ നനവും സാന്ത്വനത്തിന്റെ ഇളംകാറ്റും. സ്നേഹദീപം എന്നപേരിൽ ആയിരം കുടുംബങ്ങളുടെ ഒരു കൂട്ടായ്മ ഇവിടെയുണ്ട്. ഇവരുടെ സജീവമായ സഹകരണം കൂടാതെ ഭക്ഷണച്ചെലവുകൾക്കും മറ്റും എല്ലാ ദിവസവും സ്പോൺസർമാരുണ്ടാകും. ചികിത്സ, മരുന്നു

വില എന്നിവയാണ് ഇപ്പോൾ ഗാന്ധിഭവനെ അലട്ടുന്ന പ്രധാന പ്രശ്നങ്ങൾ. ഗാന്ധിഭവന്റെ സാമ്പത്തിക കാര്യങ്ങൾ നിയന്ത്രിക്കാൻ പ്രത്യേക സംവിധാനമുണ്ട്. അതിൽ തന്റെ കുടുംബാംഗങ്ങൾക്കുപോലും ഇടപെടാനാകില്ലെന്ന് സോമരാജൻ ഓർമ്മിപ്പിക്കുന്നു. 160 ജീവനക്കാർ ഇവിടെയുണ്ട്. പക്ഷെ ഇവരാരെയും ജീവനക്കാരായി പരിഗണിക്കാറേയില്ല. ഈ കൂട്ടുകുടുംബത്തിന്റെ ചുറ്റുപാടുകളിൽ സ്വന്തം ജീവിതം നട്ടുനനയ്ക്കുന്നവരാണ് അവരും. അതിൽ അന്തേവാസികളായി കുടിയേറിയവരും നിരവധിയുണ്ട്. എത്രയെഴുതിയാലും തീരാത്ത അനുഭവങ്ങളുടെ മതിൽക്കെട്ടിനുള്ളിലാണ് ഗാന്ധിഭവൻ. കണ്ണീരും കിനാവുമുറങ്ങുന്ന ഈ വളപ്പിനുള്ളിൽ ഡോ. പുനലൂർ സോമരാജൻ വളർത്തിയെടുക്കുന്ന കൂട്ടുകുടുംബം സമൃദ്ധമാണെങ്കിലും പരാധീനതകൾ ഒരുപാട് ബാക്കി.

പുറത്തെ സ്റ്റേജിൽ സംഗീതനാടക അക്കാദമിയുടെ ആഭിമുഖ്യത്തിലുള്ള നാടകം ഉടൻ ആരംഭിക്കുമെന്ന അറിയിപ്പ് മുഴങ്ങി. ഗാന്ധിഭവനിലെ ഒട്ടുമിക്കപേരും സ്റ്റേജിനുമുന്നിലാണ്. നാടകക്കാർക്ക് രണ്ടുവാക്ക് ആശംസയറിയിക്കാൻ സോമരാജൻ എഴുന്നേറ്റു. വർണ്ണപ്പാവാട ചുറ്റിയ ശീതൾ ഒരിക്കൽക്കൂടി ഓടിയെത്തി കഴുത്തിൽ വട്ടംചുറ്റി. ഇളംകാറ്റ് ഗാന്ധിഭവന്റെ കവാടം കടന്നെത്തുന്നു. മതിലിനോട് ചേർന്ന് നഴ്സുമാരുടെ താവളത്തിനരികിൽ തുറന്നിട്ട വാതിലിനിടയിലൂടെ ഒരു വൃദ്ധൻ പുറത്തേക്ക് നോക്കിയിരിക്കുന്നു. കൈവീശി യാത്രപറയുമ്പോൾ സോമരാജൻ പറഞ്ഞു, ‘അത് എന്റെ അച്ഛൻ, ചെല്ലപ്പൻ.’

മടക്കയാത്രയിൽ ആലോചിച്ചത് സോമരാജനേക്കാൾ ആ കുടുസ്സുമുറിയിലെ വാതിലിനുപുറത്തേക്ക് കണ്ണുംനട്ടിരുന്ന ആ പഴയ കമ്യൂണിസ്റ്റുകാരനെയാണ്, സഹാനുഭൂതിയുടെ സ്നേഹം മകനിലേക്ക് നിറച്ചുവച്ച ആ കമ്യൂണിസ്റ്റിനെ.

*(ദേശാഭിമാനി വാരിക 19 ഏപ്രിൽ 2015-വിഷുപതിപ്പ്)*


മംഗളം

സ്നേഹരാജ്യത്തിൽ ഇവർ തനിച്ചല്ല

# സ്നേഹരാജ്യത്തിൽ ഇവർ തനിച്ചല്ല



**സജിത്ത് പരമേശ്വരൻ**

**മംഗളം**

ബന്ധങ്ങൾ മുറിച്ചെറിയപ്പെട്ട് ലോകത്ത് ഏകാന്തതയുടെ ഇരുൾ പരന്നപ്പോൾ അവർ ആദ്യം പകച്ചുപോയി. വാർദ്ധക്യത്തിന്റെ ജീർണ്ണത ബാധിച്ച മിഴികൾ നടവഴിയിലേക്ക് ഊന്നി പ്രതീക്ഷയോടെ ഇവർ പകലന്തിയോളം കാത്തിരുന്നു. വഴിതെറ്റി വന്നവർ പോലും പടിവാതിൽ ചവിട്ടാതെ നടന്നകലുമ്പോൾ ഈറനണിഞ്ഞ കണ്ണുകളുമായി മോന്തായം

തറപറ്റാറായ കൂരയിലേക്കവർ തലതിരിച്ചു. ഇരുൾമൂടിയ ചിന്തകളെ മനസ്സിലൊളിപ്പിച്ച് രാവിന്റെ തേങ്ങലായി അലിഞ്ഞുചേർന്ന നാളുകൾ...

ഇത് പത്തനാപുരം ഗാന്ധിഭവനിലെ അനാഥരുടെ ഒറ്റപ്പെട്ട അനുഭവമല്ല. മക്കളും ബന്ധുക്കളും ഉപേക്ഷിച്ച നൂറുകണക്കിന് അന്തേവാസികളുടെ സമാനത നിറഞ്ഞ ജീവിതകഥയുടെ സംഗ്രഹമാണ്. മാതൃവാത്സല്യം എന്തെന്നറിയാത്ത മൂന്നുവയസ്സുകാരൻ മുതൽ നഷ്ടസ്വപ്നങ്ങളെ താലോലിക്കുന്ന 101 വയസ്സുകാരൻ വരെ ഗാന്ധിഭവനിൽ കഴിയുന്നു. അനാഥത്വം പരത്തിയ ഇരുളിൽ നിന്നും സനാഥത്വം പകർന്നു നൽകിയ വെളിച്ചത്തിലേക്ക്....

ഗാന്ധിജി സ്വപ്നംകണ്ട ആശ്രമത്തിന്റെ പ്രതിച്ഛായയയാണ് പത്തനാപുരം ഗാന്ധിഭവനിലെത്തുന്നവർ അനുഭവിച്ചറിയുന്നത്. ജാതി-മത-വർണ്ണഭേദങ്ങൾക്കതീതമായി പടുത്തുയർത്തിയ സ്നേഹരാജ്യമെന്ന കൂട്ടുകുടുംബം. കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ കുണ്ടയം ഗ്രാമം ഉണരുന്നത് പുലർച്ചെ 5.30 ന് ഗാന്ധിഭവനിൽനിന്നും ഉയരുന്ന ഉണർത്തുപാട്ട് കേട്ടാണ്. അപ്പോഴേക്കും കെറ്റിലുകളിൽ ചായ തയ്യാറായിക്കഴിഞ്ഞിരിക്കും. ആവി പറക്കുന്ന ചായയും കഴിച്ച് പ്രഭാതകൃത്യത്തിലേക്ക് കടക്കാം. ഉദ്ദേശം ഒന്നര ഏക്കറിലധികം പരന്നുകിടക്കുന്ന സ്നേഹരാജ്യത്തെ തറവാട്ടുവളപ്പിൽ പിന്നീട് ഉത്സവാവേശമുയരും. ഏഴുമണിയായാൽ പ്രഭാതഭക്ഷണം കാലമായി. ആരും ഭക്ഷണത്തിനായി ക്യൂ നിൽക്കേണ്ട. ആഹാരം മുറിയിലെത്തും. വെറും മുറിയല്ല. എല്ലാവിധ സംവിധാനങ്ങളും അടങ്ങിയ സ്നേഹക്കൂട് എന്നാണ് വിശേഷണം.

സബർമതി, പൂമരച്ചില്ല, ചിറകില്ലാ പക്ഷിക്കൂട്, സ്നേഹലോകം, ജീവകാരുണ്യമന്ദിരം, ബേത്‌ലഹേം, ശാന്തിമന്ദിർ തുടങ്ങി വിവിധ പേരുകളിൽ ഈ മന്ദിരങ്ങൾ അറിയപ്പെടും. ഭക്ഷണം എടുത്തു കഴിക്കാൻ പറ്റാത്തവർക്ക് അമ്മയുടെ സ്നേഹപരിലാളനയോടെ നഴ്സുമാർ വാരിക്കൊടുക്കും. കുഞ്ഞുങ്ങളെ പാട്ടുപാടി ഭക്ഷണം കഴിപ്പിക്കുന്ന സേവികമാരെ ഇവിടെയെത്തിയാൽ കാണാം. കരയുന്ന കുഞ്ഞിനെ മാറോടടുപ്പിച്ച് നെറുകയിൽ ചുംബിച്ച് പരിലാളിക്കുന്ന സ്നേഹദാതാക്കൾ.

പരാതികളുണ്ടോ? പഞ്ചായത്ത് പ്രസിഡന്റിനോട് പറയാം. ഈ സ്നേഹരാജ്യം ഒരു പഞ്ചായത്താണ്. പേര് സ്നേഹഗ്രാമം പഞ്ചായത്ത്. എല്ലാ വർഷവും ഗാന്ധിജയന്തിക്ക് തെരഞ്ഞെടുപ്പ് നടക്കും. കാരുണ്യമുന്നണിയും സ്നേഹമുന്നണിയും തമ്മിലാണ് മത്സരം. തെരഞ്ഞെടുപ്പ് കമ്മീഷൻ വിളംബരം നടത്തിയാൽ മുന്നണികൾക്ക് സ്ഥാനാർത്ഥിയെ മത്സരത്തിനായി കണ്ടെത്താം. എല്ലാം തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചട്ടം പാലിച്ചുകൊണ്ടുമാത്രം. ഓരോ വാസസ്ഥലവും ഓരോ വാർഡായി കണക്കാക്കും. കൊണ്ടുപിടിച്ചുള്ള ഒരാഴ്ചത്തെ പ്രചാരണത്തിനുശേഷം കൊട്ടിക്കലാശം. അതും ഇവിടെ ഒരു ഉത്സവമാണ്.

പിന്നെ ഒരു ദിവസം നിശബ്ദ പ്രചാരണം. തെരഞ്ഞെടുപ്പ്



ദിനത്തിൽ രാവിലെ ഏഴുമുതൽ വോട്ടുചെയ്യാം. ബാലറ്റിലൂടെ തെരഞ്ഞെടുപ്പ് നടപടികൾ അഞ്ചുമണിയോടെ പൂർത്തിയാകും. ഗാന്ധിജയന്തി ദിനത്തിൽ വോട്ടെണ്ണൽ. വിജയികൾ അന്നുതന്നെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. എട്ടുവർഷം മുമ്പ് മാനസികരോഗിയെന്ന് മുദ്ര കുത്തി ഭർത്താവ് ഉപേക്ഷിച്ച വിജയലക്ഷ്മിയാണ് ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡന്റ്. വിജയലക്ഷ്മിയുടെ ഭരണപാടവം മികച്ചതെന്ന് അന്തേവാസികൾ. ഇവർക്കിന്ന് മാനസികരോഗമില്ല. ഒരു വലിയ കുടുംബത്തിലെ പ്രഥമവനിതയാണ് ഇന്ന് വിജയലക്ഷ്മി.

ഇന്ത്യയിലെ ഏറ്റവും വലിയ കൂട്ടുകുടുംബമാണ് ഈ സ്നേഹരാജ്യം. ഇതുവഴി ഒഴുകുന്നത് സ്നേഹം തുളുമ്പുന്ന പുഴകളും അരുവികളും മാത്രം. മക്കൾ ഉപേക്ഷിച്ചവർ, രോഗികൾ, വികലാംഗർ, വിധവകൾ, കുട്ടികൾ, എച്ച്.ഐ.വി. ബാധിതർ തുടങ്ങി അനാഥരുടെ പട്ടിക നീളുന്നു. കാഴ്ചയും കേൾവിയും ഇല്ലാത്തവരും ശരീരം തളർന്നവരും ബുദ്ധിയില്ലാത്തവരും മനോബലം നഷ്ടപ്പെട്ടവരും തെരുവിൽനിന്ന് എത്തിയവരും പീഡനങ്ങൾക്ക് ഇരയായവരും അടങ്ങുന്ന അശരണരുടെ ഒരു നീണ്ട നിര ഈ സ്നേഹച്ചില്ലയിൽ ചേക്കേറിയിരിക്കുന്നു.

രാവിലെ പത്തുമണി കഴിഞ്ഞാൽ സന്ദർശകരുടെ തിരക്കായി.

സ്കൂൾ കുട്ടികൾ മുതൽ ജീവിതത്തിന്റെ നാനാതുറകളിലുള്ളവർ വരെ ഈ ആശ്രമമുറ്റത്ത് ഒത്തുകൂടും. ഇവർക്കായി സാരോപദേശവും പ്രത്യേകം നടക്കും. മാതാ–പിതാ–ഗുരു–ദൈവം എന്ന മഹത്വചനത്തെ ആസ്പദമാക്കിയുള്ള ഉപദേശങ്ങൾ.

കർമ്മനിരതരായ ഒരു ജനതയുടെ ജീവിതശൈലി ഇവിടെയെത്തുന്നവർക്ക് വേറിട്ട കാഴ്ചയാണ്. പഴന്തുണികൊണ്ടുള്ള നിർമ്മിതികൾ കണ്ടാൽ അത്ഭുതപ്പെട്ടുപോകും. ചവിട്ടി മുതൽ അലങ്കാരപുഷ്പങ്ങൾ വരെ പഴമയിൽ പുതുമ തീർക്കുന്നു. ചന്ദനത്തിരി, സോപ്പ് നിർമാണ യൂണിറ്റുകൾ വേറെയുണ്ട്. കരകൗശല സാധനങ്ങൾക്കായി പ്രത്യേക പണിപ്പുര. ഉൽപന്നങ്ങൾക്കായി സമൃദ്ധി എന്ന വിപണനശാല. എല്ലാത്തരം ഉൽപന്നങ്ങൾക്കും ഡിസ്കൗണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്.

മുതിർന്നവർ ജോലിചെയ്യുമ്പോൾ കുട്ടികൾ വിദ്യാലയത്തിലേക്ക്. ബുദ്ധിമാന്ദ്യം ഉള്ളവർക്കായി സ്പെഷ്യൽ സ്കൂൾ. ഇരുനൂറിൽപ്പരം കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. കോളേജ് തലത്തിൽ പഠിക്കുന്നവർക്ക് പുറത്ത് അതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ എൻജിനീയറിങ്ങിനുവരെ പഠിക്കുന്നവർ ഇവിടെയുണ്ടെന്നുള്ളതാണ് പ്രത്യേകത.

പ്രായമായവർക്ക് ഒത്തുകൂടാൻ പ്രത്യേക സ്ഥലം. പഴങ്കഥകൾ പറഞ്ഞ് ഇവർക്ക് സമയം പോക്കാം. ഇടയ്ക്ക് സ്റ്റേജിൽ സംഗീതകലാപരിപാടികൾ. ചിലപ്പോൾ സാംസ്കാരിക സമ്മേളനങ്ങൾ നടക്കും. സംഗീതനാടക അക്കാദമിയുടെ നാടകം എല്ലാ മാസവും ഉണ്ടാവും. രാവിലെയുള്ള കലാപരിപാടികൾ ഉച്ചയ്ക്കുമുമ്പേ അവസാനിക്കും.

പന്ത്രണ്ടുമുതൽ രണ്ടുമണി വരെയാണ് ഉച്ചഭക്ഷണസമയം. അതിനുമുമ്പ് സർവമതപ്രാർത്ഥന. ഊണുകഴിഞ്ഞാൽ വിശ്രമമാകാം. ഒന്നിനും ഇവിടെ നിർബന്ധമില്ല. സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിച്ചവർ മുതൽ മാനസാന്തരപ്പെട്ട് ജീവിതത്തിലേക്ക് മടങ്ങിയെത്തിയവർവരെ ഇവിടെ ഒരുമയോടെ വസിക്കുന്നു.

ചലച്ചിത്രരംഗത്തുനിന്നും ടി.പി. മാധവൻ, പാലാ തങ്കം, തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി. രാമസ്വാമി അയ്യരുടെ ജേഷ്ഠന്റെ ചെറുമകൾ ആനന്ദവല്ലി അമ്മാൾ എന്നിവരടക്കം നൂറുകണക്കിന് ആളുകൾ പ്രായം മറന്ന് ഒത്തുചേരുന്ന വേദിയാണിവിടം. ഗാന്ധിഭവനിലെ നഗരമാണ് വേറിട്ട മറ്റൊരു കാഴ്ച. എല്ലാം തികഞ്ഞ ഒരു നഗരത്തിന്റെ ചെറിയ പതിപ്പാണിത്. ബാർബർഷോപ്പ്, ആയുർവ്വേദ-ഹോമിയോ-അലോപ്പതി ആശുപത്രികൾ, മെഡിക്കൽ സ്റ്റോർ, മോർച്ചറി, റേഡിയോ നിലയം, സ്റ്റേഷനറി സ്റ്റാളുകൾ എന്നിവയെല്ലാം ഈ മാതൃകാപട്ടണത്തിലുണ്ട്. നഗരകാഴ്ചകൾ കണ്ട് നടക്കുമ്പോൾ ഓരത്ത് സൊറപറഞ്ഞിരിക്കുന്ന അന്തേവാസികളെ കാണാം. അവർക്കിതൊരു പുതുമയല്ല. കാരണം എല്ലാ ദിവസവും നിരവധി സഞ്ചാരികളെ കാണുന്നവരാണവർ. കാഴ്ചക്കാർക്ക് സാധനങ്ങൾ വാങ്ങാം. പാട്ടുകേൾക്കാം. പഴകിയതൊന്നും വലിച്ചെറിയരുതെന്ന മറ്റൊരു സന്ദേശം ഇവിടെയെത്തുന്നവർ കണ്ടറിയും. കുടുംബത്തിന്റെ നിലവിളക്കാണ് മുത്തച്ഛനും മുത്തശ്ശിയും. ആ നിലവിളക്ക് തേച്ചുമിനുക്കേണ്ടത് മാതാപിതാക്കളാണ്. അതിൽ എണ്ണയൊഴിച്ച് തിരിതെളിയിക്കേണ്ട ചുമതല പുതുതലമുറ നിർവഹിക്കണം. പറയുന്നത് ഗാന്ധിഭവന്റെ കാരണവർ സ്ഥാനം വഹിക്കുന്ന ഡോ. പുനലൂർ സോമരാജൻ.

സന്ധ്യാദീപം തെളിഞ്ഞാൽ പിന്നെ പ്രാർത്ഥനയ്ക്കുള്ള സമയമാണ്. എട്ടുമണിമുതൽ അത്താഴസമയം. പിന്നീട് എല്ലാവർക്കും ടി.വി. കാണാം. രാത്രി ഒമ്പതിന് ഉറക്കുപാട്ട് ഉയരും. ഓമനതിങ്കൾ കിടാവോ... എന്ന ഇരയിമ്മൻ തമ്പിയുടെ ഗാനം മുതൽ വിവിധ തരത്തിലുള്ള ഉറക്കുപാട്ടുകൾ. മറ്റൊരു പകലിനുവേണ്ടി രാവുറങ്ങുമ്പോൾ പ്രതീക്ഷയുടെ പുതുപുലരിക്കായി കാത്തിരിക്കുന്നവരും ഇവിടെയുണ്ട്. ഒരിക്കൽ




കൈവിട്ട പ്രിയപ്പെട്ടവരുടെ മുഖങ്ങൾ ഒന്നുകൂടി കാണാനുള്ള ആകാംക്ഷയുമായുള്ള കാത്തിരിപ്പ്.

പകൽ കൺചിമ്മി ഉണർന്നാൽ പ്രധാന ഗേറ്റിലേക്ക് മിഴിപായിക്കുന്ന വൃദ്ധരെ കാണാം. ഇവിടം സ്വർഗ്ഗമാണ്. എന്നാൽ, പിറന്ന മണ്ണിലേക്ക് ഒരു മടക്കയാത്രയ്ക്കായി ആരാണ് കൊതിക്കാത്തത്? അവൻ വരും... വരാതിരിക്കില്ല. പുറത്തുനിന്നും കടന്നുവരുന്നവരുടെ മുഖത്തേക്ക് ഇവർ പ്രതീക്ഷയോടെയാണ് നോക്കുന്നത്. കടന്നുവരുന്നവർ മടങ്ങിപ്പോകുമ്പോൾ കൂടെ ആരും ഉണ്ടാകാറില്ല. എങ്കിലും പ്രതീക്ഷ അവസാനിക്കുന്നില്ല. പകൽ മായുംവരെ അവരുടെ കണ്ണുകൾ പ്രധാന കവാടത്തിൽ ഉടക്കിനിൽക്കും.

നിത്യവും നൂറുകണക്കിന് മനുഷ്യസ്നേഹികൾ ഗാന്ധിഭവനിൽ എത്താറുണ്ട്. ജീവകാരുണ്യത്തെ ഈശ്വരസേവയെന്ന് വിശ്വസിക്കുന്നവർ. അവർ ഗാന്ധിഭവനിലെ കുടുംബാഗങ്ങൾക്ക് ആശ്വാസവും സ്നേഹവും പകരാനാണ് എത്താറ്.

അവരുടെ സഹായങ്ങളാണ് ഡോ. പുനലൂർ സോമരാജനെന്ന ഗാന്ധിഭവന്റെ സാരഥിക്ക് ശക്തിയും തുണയുമാകുന്നത്. പത്തനാപുരത്തെ വാടകവീട്ടിൽ വർഷങ്ങൾക്കുമുമ്പ് 85 വയസ്സുകാരിക്ക് സംരക്ഷണം നൽകി തുടങ്ങിവച്ച ജീവകാരുണ്യപ്രവർത്തനമാണ് വളർന്നുപന്തലിച്ച് ഇന്നത്തെ ഗാന്ധിഭവനിൽ എത്തിനിൽക്കുന്നത്.

ഭാര്യ പ്രസന്ന ആദ്യമൊക്കെ എതിർത്തെങ്കിലും പിന്നീട് പിന്തുണയുമായി ഒത്തുകൂടി. മക്കളായ അമൽരാജും അമിതാരാജും സാധുജനപരിപാലനത്തിനായി ഒപ്പമുണ്ട്.

*സൺഡേ മംഗളം (11 ജൂൺ 2017)*



























# മതിലുകളില്ലാതെ.... സ്നേഹരാജ്യം



**ബാബു ഇരുമല**
**മുൻ വിദ്യാഭ്യാസ ഓഫീസർ**

മഹാത്മാഗാന്ധി ജനിച്ചിട്ട് 150 വർഷം പിന്നിടുമ്പോൾ ഗാന്ധിയൻ ദർശനങ്ങളുടെ ദീപ്തി പ്രസരിപ്പിക്കുന്ന മഹാസ്ഥാപനമായി പരിലസിക്കുന്നു പത്തനാപുരത്തെ ഗാന്ധിഭവൻ. ബാബാ ആംതെയെയോ അണ്ണാ ഹസാരെയെയോ പോലെ തലയെടുപ്പുള്ള ഗാന്ധിയൻ സംരംഭകനെന്ന



ആഴ്ചപ്പതിപ്പ്

മതിലുകളില്ലാതെ... സ്നേഹരാജ്യം

ഖ്യാതിയില്ലെങ്കിലും ആലംബഹീനരായ 1300 പേരെ സംരക്ഷിക്കുന്ന ഗാന്ധിഭവന്റെ സെക്രട്ടറി ഡോ. പുനലൂർ സോമരാജൻ ഗാന്ധിജി സ്വപ്നം കണ്ട ആദർശങ്ങൾ തനതായ നിലയിൽ സമൂർത്തമാക്കാനുള്ള യത്നത്തിൽ കൈവരിച്ചുകഴിഞ്ഞ പുരോഗതി വിസ്മയത്തോടെയാണ് പൊതുസമൂഹം കാണുന്നത്.

പുതിയ കാലത്തെ കാരുണ്യപ്രവർത്തനം എന്താകണമെന്ന് ഒരു വ്യാഴവട്ടക്കാലംകൊണ്ട് ലോകത്തിന് മനസിലാക്കിക്കൊടുത്തു ഗാന്ധിഭവൻ. മതിലുകളില്ലാതെ വളരുകയാണ് ഈ സ്നേഹരാജ്യം. സ്നേഹം കൊടുത്ത് സന്തോഷം വാങ്ങുന്ന, ഗാന്ധിസത്തിന്റെ യഥാർത്ഥ കാവൽക്കാരൻ ഡോ. പുനലൂർ സോമരാജനുമായി ബാബു ഇരുമല നടത്തിയ അഭിമുഖം.

**? അങ്ങയുടെ പൊതുപ്രവർത്തനം തുടങ്ങുന്നത് എങ്ങനെയാണ്**

സാധാരണ കുടുംബത്തിൽ ജനിച്ച എന്റെ കുട്ടിക്കാലം കഷ്ടതകൾ നിറഞ്ഞതായിരുന്നു. സ്വന്തമായി അദ്ധ്വാനിച്ച പണം കൊണ്ടായിരുന്നു സ്കൂൾ പഠനം. പിന്നീടുള്ള വിദ്യാഭ്യാസം പ്രൈവറ്റായിട്ടായിരുന്നു. ബാലജനസഖ്യം, ആകാശവാണി ബാലലോകം, മദ്യവർജന സമിതി ഉൾപ്പെടെ ഒട്ടേറെ സാമൂഹ്യസംഘടനകളിലും, ഇടതുപ്രസ്ഥാനങ്ങളിലും ചെറുപ്പത്തിൽ പ്രവർത്തിക്കുകയുണ്ടായി. പത്തു വർഷക്കാലം സമാന്തര വിദ്യാഭ്യാസ മേഖലയിൽ അദ്ധ്യാപകനായും ജോലിചെയ്തു. നിരവധിക ച്ചവട സ്ഥാപനങ്ങളും അക്കാലത്ത് നടത്തിയിരുന്നു.

**? ഗാന്ധിജി എപ്പോഴാണ് മനസ്സിലേക്ക് നടന്നടുത്തത്**

ഗാന്ധിജി എന്റെ മനസ്സിൽ എപ്പോഴും സ്വപ്നപുരുഷനായി നിലകൊണ്ടിരുന്നു. വായിച്ചപ്പോഴൊക്കെ എന്തുകൊണ്ട് ഗാന്ധിജിയെ നമുക്ക് ജീവിതത്തിൽ പകർത്തിക്കൂടാ എന്ന് തോന്നിയിട്ടുണ്ട്. ഗാന്ധിജി നടന്ന പാതയിലൂടെ എന്തുകൊണ്ട് നമുക്ക് നടന്നുകൂടാ എന്ന് എന്നോടുതന്നെ ചോദിച്ചിട്ടുമുണ്ട്. ഒരു കമ്മ്യൂണിസ്റ്റ് കുടുംബത്തിലാണ് ജനിച്ചത്. എങ്കിലും ഗാന്ധിജിയെ ഞാൻ കണ്ടിരുന്നത് രാഷ്ട്രീയത്തിനും അപ്പുറമുള്ള ഒരു മഹത്ത്വമായിട്ടാണ്. അങ്ങനെ ഗാന്ധിജിയുടെ ചിന്തകളെ വിപ്ലവമനസ്സുള്ള എന്റെ ചിന്തകളോട് ചേർത്തുവയ്ക്കുകയായിരുന്നു. ഗാന്ധിമാർഗത്തിലൂടെ, ഗാന്ധിജിയുടെ പ്രായോഗിക ജീവിതത്തിലൂടെ വൈകാതെ എനിക്ക് യാത്ര തുടങ്ങേണ്ടിവന്നു.

**? എങ്ങിനെയാണ് ജീവകാരുണ്യപ്രവർത്തനരംഗത്തേക്ക് വരുവാൻ ഇടയായത്**

എട്ടാംക്ലാസ്സിൽ പഠിക്കുമ്പോൾ എന്റെ അമ്മ മരണപ്പെട്ടു. അത് മനസ്സിൽ ഒത്തിരി ആർദ്രത ഉണ്ടാക്കി. യേശുക്രിസ്തുവും മഹാത്മാഗാന്ധിജിയും ശ്രീനാരായണഗുരുവുമൊക്കെ എന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശി. മതേതര ചിന്തയായിരുന്നു മനസ്സിലുള്ളത്. ആചാരാനുഷ്ഠാനങ്ങൾ അനുസരിക്കുമെങ്കിലും മനുഷ്യർ എല്ലാവരും ഒന്നാണെന്ന ചിന്തയുള്ളൊരു കാലമായിരുന്നു അത്.

അച്ഛൻ ആദ്യം വ്യാപാരിയും, പിൽക്കാലത്ത് പുനലൂർ നഗരസഭാ ജീവനക്കാരനും ആയിരുന്നു. അച്ഛനും സാമൂഹ്യപ്രവർത്തനങ്ങളുമായി ബന്ധമുണ്ടായിരുന്നു. തെരുവിൽ അലയുന്ന മനോരോഗികളെയൊക്കെ വീട്ടിൽ കൊണ്ടുവന്ന് മുടിയും താടിയും വെട്ടി കുളിപ്പിച്ച് ഭക്ഷണം, വസ്ത്രം, പണം ഒക്കെ നൽകി തിരിച്ചയച്ചിരുന്നു. തമിഴ്നാട്ടിൽ നിന്നും അക്കാലത്ത് ധാരാളം കുട്ടികൾ പുനലൂരിൽ ട്രെയിനിൽ വന്നിറങ്ങുമായിരുന്നു. അവരെയും കുളിപ്പിച്ച് ഭക്ഷണം കൊടുത്ത് സ്വന്തം നാടുകളിലേക്ക് പറഞ്ഞുവിടുമായിരുന്നു. അതു കണ്ട് എന്റെ മനസ്സിൽ അങ്ങനെ ഒരു ചിന്ത വളർന്നു. കുട്ടിക്കാലത്തുതന്നെ എനിക്ക് അമ്മയെ നഷ്ടപ്പെട്ടതാണല്ലൊ. അമ്മമാരോടുള്ള ആർദ്രത, ആരാധന ഒക്കെ എപ്പോഴും മനസ്സിലുണ്ടായിരുന്നു. ഏതൊരമ്മയെ കണ്ടാലും ഞാനവരോട് കുശലം പറയും. 2003 ൽ ഒരു യാത്രയിൽ കൊട്ടാരക്കരയ്ക്കടുത്തുവച്ച് വന്ദ്യവയോധികയായ ഒരു അമ്മയെ കാണുവാനും, സംസാരിക്കുവാനും ഇടയായി. അമ്മയെ നോക്കുവാൻ ആരുമില്ല. കിടപ്പാടം ഉൾപ്പെടെ ഒന്നുമില്ല. അമ്മ കൂടെ വരുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. അമ്മയെ കൂട്ടിക്കൊണ്ടുവന്ന് രണ്ട് മുറിയുള്ള ഒരു കൊച്ചു വീട് പത്തനാപുരത്ത് വാടകയ്ക്ക് എടുത്ത് താമസിപ്പിച്ചു. ആ തുടക്കമാണ് ഇന്ന് കാണുന്ന ഗാന്ധിഭവനെന്ന ആശയത്തിലേക്ക് എത്തിച്ചത്.

ജോലിയും വ്യാപാരവും കൊണ്ട് സാമ്പത്തിക മെച്ചം ഒക്കെ ഉണ്ടായിരുന്നുവെങ്കിലും മനസ്സിൽ എപ്പോഴും ഒരു ശൂന്യത അനുഭവപ്പെട്ടിരുന്നു. സഹായം അഭ്യർത്ഥിച്ചു വരുന്നവർക്ക് കടം മേടിച്ചിട്ടായാലും കൊടുക്കുന്ന ഒരു സ്വഭാവം എനിക്കുണ്ടായിരുന്നു. ഇത്തരം കാര്യങ്ങളൊക്കെത്തന്നെ എന്നെ ഒരു ജീവകാരുണ്യപ്രവർത്തകനാക്കി മാറ്റിയതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

**? എങ്ങനെയാണ് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാനായത്**

ഒരമ്മയിൽ തുടങ്ങി. പിന്നെ പല അമ്മമാർ വന്നു. ഒറ്റപ്പെട്ടുപോയ പുരുഷ വയോജനങ്ങൾ വന്നു. പ്രവർത്തനം മുന്നോട്ടുപോയപ്പോൾ പല വീടുകൾ എടുക്കേണ്ടിവന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉൾപ്പെടെ പലവിധത്തിലുള്ള പ്രയാസങ്ങൾ ഉണ്ടായിരുന്നു. കച്ചവടസ്ഥാപനങ്ങൾ കുറെക്കാലം കൂടി കൊണ്ടുനടന്നു. പിന്നീട് ഓരോന്നോരോന്നായി അവസാനിപ്പിക്കുകയായിരുന്നു. സഹായിക്കുവാൻ എത്തിയവരിൽ നിന്നുള്ള പ്രശ്നങ്ങൾ ധാരാളമായിരുന്നു. പലവിധത്തിലുള്ള താല്പര്യങ്ങൾ ഉള്ളവർ. സ്ഥാപനത്തിന്റെ പേരുപറഞ്ഞ് പണം പിരിക്കാൻ ശ്രമിച്ചവർ. പ്രശ്നക്കാരെ എല്ലാം പറഞ്ഞുവിട്ടു.

**? കുടുംബത്തിന്റെ പിന്തുണ ഉണ്ടായിരുന്നോ**

ആദ്യം ഇല്ലായിരുന്നു. ഇതൊക്കെ എങ്ങനെ മുന്നോട്ടു കൊണ്ടുപോകാനാകും എന്ന പ്രയാസവും, ആശങ്കയും ഭാര്യയ്ക്കുണ്ടായിരുന്നു. പിന്നീട് അതു മാറി.

**? ആദ്യകാലത്ത് തരണം ചെയ്യേണ്ടിവന്ന പ്രശ്നങ്ങൾ പറയുമോ**

2005 ആയപ്പോഴേക്കും സ്ഥലപരിമിതിയും ആഹാരപ്രശ്നങ്ങളും രൂക്ഷമായി. നൂറോളം കാരുണ്യകുടുംബാംഗങ്ങൾ അന്നുണ്ടായിരുന്നു. കുട്ടികളും വയോജനങ്ങളും അതിൽത്തന്നെ ബുദ്ധിമാന്ദ്യമുള്ളവർ, മനോനില തെറ്റിയവർ, കൂടാതെ ഓരോയിടത്തും ജീവനക്കാർ ഉൾപ്പെടെ ഉണ്ടായിരുന്നു. പത്തനാപുരത്ത് നാലു കേന്ദ്രങ്ങളിലായാണ് കഴിഞ്ഞത്. ജീവനക്കാർക്ക് തുടക്കം മുതൽ തന്നെ ചെറിയ ഹോണറേറിയം കൊടുക്കുമായിരുന്നു. സാമ്പത്തികപ്രശ്നങ്ങൾ വന്നപ്പോൾ ഭാര്യയുടെ സ്വർണ്ണം ആദ്യമൊക്കെ പണയം വച്ചു. പിന്നീട് വിൽക്കുവാൻ തുടങ്ങി. ഒരുപാട് കടബാദ്ധ്യതകളിലേക്ക് കാര്യങ്ങൾ നീങ്ങി. കടകളിൽ നിന്ന് സാധനങ്ങൾ തന്നിരുന്നവരൊക്കെ തരാതായി. അങ്ങനെ ഒത്തിരി ക്ലേശങ്ങൾ ഉണ്ടായി. കല്യാണസദ്യ നടക്കുന്ന സ്ഥലങ്ങളിൽ പോയി കാത്തുനിന്ന് അധികം വരുന്ന ആഹാരം ശേഖരിക്കുമായിരുന്നു.

**? പ്രതീക്ഷകൾ ഉണ്ടായിരുന്നോ**

പ്രതീക്ഷ ഇല്ലാതിരുന്നിടത്ത് പലപ്പോഴും അത്ഭുതങ്ങൾ നടന്നുവെന്നുതന്നെ പറയാം. മിക്കപ്പോഴും വേദനകളാണ് ഉണ്ടായിരുന്നത്. പിന്നീട് വാടകകെട്ടിടങ്ങൾ എല്ലാംതന്നെ ഒഴിഞ്ഞുകൊടുക്കേണ്ടിവന്നു. അങ്ങനെ വന്നപ്പോഴാണ് വസ്തു വാങ്ങണം, അതിനായി കുറെപേർ സഹായിക്കാം എന്നു പറഞ്ഞത്. അതൊന്നും നടക്കാതെവന്നപ്പോഴാണ് ഗാന്ധിഭവൻ ഇപ്പോൾ പ്രവർത്തിക്കുന്ന കുണ്ടയത്തെ സ്ഥലത്തിന് ഞാൻ എഗ്രിമെന്റ് വയ്ക്കുന്നത്. ആധാരം നടത്തുമ്പോൾ പണം ഇല്ലാതെ വന്നതിനെ തുടർന്ന് ഭാര്യയുടെ പേരിലുണ്ടായിരുന്ന വീടും സ്ഥലങ്ങളും, അപ്പോഴും തുടർന്നുവന്ന കച്ചവടസ്ഥാപനങ്ങൾ കൂടിയും വിറ്റു. കൊച്ചുകുട്ടിയായിരുന്നിട്ടും മകൻ അമലിന്റെ ഉൾപ്പെടെ പിന്തുണ കരുത്തായി. സ്ഥലം വാങ്ങിയ ശേഷം ഷെഡ്ഡുകൾ വച്ച് കാരുണ്യകുടുംബാംഗങ്ങളെ ഇങ്ങോട്ട് മാറ്റുകയായിരുന്നു. പലരുടെയും സഹായസഹകരണങ്ങൾ കിട്ടി. അങ്ങനെ ഗാന്ധിഭവൻ പ്രസ്ഥാനം മുന്നോട്ടുപോയി. കാരുണ്യകുടുംബാംഗങ്ങളുടെ ചികിത്സാകാര്യങ്ങളിൽ ഉൾപ്പെടെ പലപ്പോഴും പ്രയാസങ്ങൾ ഉണ്ടായി. എന്നാൽ അതിനെയൊക്കെ എങ്ങനെയൊക്കെ യോ തരണം ചെയ്യാനായി.

**? 2005 മുതലുള്ള ഗാന്ധിഭവന്റെ പ്രവർത്തനങ്ങളെ വിശദീകരിക്കാമോ**

ഗാന്ധിഭവന് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്താൽ ഒരു സ്പെഷ്യൽ സ്കൂൾ തുടങ്ങാനായി. ഗാന്ധിഭവനെന്ന ഒറ്റ കൂരയ്ക്കു കീഴിൽ ഒട്ടേറെ സ്ഥാപനങ്ങൾ വന്നു. ഓൾഡ് ഏജ് ഹോം, ഡിസ്ഏബിൾഡ് സെന്റർ, സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ സെന്റർ, മെന്റൽ ഹെൽത്ത് റിഹാബിലിറ്റേഷൻ സെന്റർ, കെൽസ യൂണിറ്റ്, വനിതാ കമ്മീഷൻ യൂണിറ്റ്. ഗാർഹിക നിയമ സർവീസ് പ്രൊവൈഡിങ്ങ് സെന്റർ, കൊല്ലം ജില്ലാ ഷെൽട്ടർ ഹോം അങ്ങനെ ഗാന്ധിഭവന്റെ കേന്ദ്ര ഓഫീസി




നോടനുബന്ധിച്ച് നിരവധി സൗകര്യങ്ങളുണ്ട്. ജില്ലാ പഞ്ചായത്തുമായി ചേർന്ന് കൊല്ലം കരീപ്രയിൽ വയോജന സംരംഭം, അടൂരിൽ ഡി അഡിക്ഷൻ സെന്റർ, പാലിയേറ്റീവ് കെയർ സെന്റർ, ആലപ്പുഴയിലെ ഹരിപ്പാട്, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മലപ്പുറം ജില്ലയിലെ വണ്ടൂർ എന്നിവിടങ്ങളിൽ ഗാന്ധിഭവന് യൂണിറ്റുകളുണ്ട്. ഇടുക്കി ജില്ലയിലെ തൊടുപുഴ യൂണിറ്റ് പ്രവർത്തനസജ്ജമാകാറായി. തിരുവനന്തപുരത്ത് റീജിയണൽ സെന്റർ. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴിലും കൊല്ലം ജില്ലയിലെ പുത്തൂരിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇവ തുടങ്ങി. സ്നേഹരാജ്യം മാസിക കൂടാതെ പുസ്തകപ്രസാധനവും, പുസ്തകസ്റ്റാളും നടത്തുന്നുണ്ട്.

**? പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടോ**

ധാരാളം ബുദ്ധിമുട്ടിച്ചിട്ടുണ്ട്. അക്രമങ്ങൾ ഉണ്ടായിട്ടുണ്ട്. കള്ളക്കേസുകൾ എടുത്തിട്ടുണ്ട്. പണപ്പിരിവ് കൊടുക്കാത്തതിന്റെ പേരിൽ പ്രശ്നങ്ങൾ നേരിട്ടിട്ടുണ്ട്. പുതുതായി വന്ന പോലീസ് അധികാരിയെ ചെന്നു കാണാതിരുന്നതിന്റെ വൈഷമ്യം അനുഭവിച്ചിട്ടുണ്ട്. ഉറച്ച ആത്മവിശ്വാസംകൊണ്ട് എല്ലാറ്റിനെയും മറികടക്കാനായി. ശുദ്ധമായ കൈകൾ കാത്തുസൂക്ഷിക്കുന്നു. എനിക്കോ, കുടുംബത്തിനോ വസ്തുവകകൾ ഒന്നുമില്ല. എല്ലാം ഗാന്ധിഭവന് സമർപ്പിച്ചു. വളരെ സുതാര്യമായാണ് ഇവിടത്തെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഒരു സർക്കാർ ഓഫീസ് എങ്ങനെ പ്രവർത്തിക്കുന്നുവോ അതേ ഘടനയിലാണ് ഇവിടത്തെ കാര്യങ്ങൾ നീങ്ങുന്നത്.

സത്യത്തെ മുറുകെപ്പിടിച്ചുള്ള പ്രവർത്തനമാണ് ഇവിടത്തേത്. സത്യം പരാജയപ്പെട്ടതായി ഒരു ചരിത്രത്തിലും കാണുന്നില്ല. ഈശ്വരന്റെ ഒരു പിൻബലം നന്മയ്ക്കൊപ്പം കാണുമെന്ന ഉറച്ച വിശ്വാസം ഉള്ളതുകൊണ്ട് ഒരു അലട്ടലുമില്ല. എന്തുവന്നാലും തരണം ചെയ്യാനാകും എന്ന തോന്നൽ തന്നെ മുന്നിട്ടുനിൽക്കുന്നു. 350 ലധികം കാരുണ്യപ്രവർത്തകർ ഗാന്ധിഭവൻ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. അവർക്കെല്ലാം ചെറിയ വരുമാനവും കിട്ടുന്നുണ്ട്. ആ കുടുംബങ്ങൾക്കെല്ലാം നിലനിന്നു പോകാനാകുന്നുണ്ട്. അവരുടെ പ്രാർത്ഥനയും ഒരു ശക്തിയാണ്. ഈ കുടുംബത്തിൽ അച്ഛന്മാരും അമ്മമാരും ഒറ്റപ്പെട്ടുപോയവരും ഉണ്ട്. ഇവരൊക്കെ നൽകുന്ന ഒരു ബലവും, സ്നേഹവും ഉണ്ട്. ആ സ്നേഹത്തിന്റെ ശക്തിയാണ് ഗാന്ധിഭവനെ നിലനിർത്തുന്നത്. ഇടമില്ലാതെ വന്ന ജനപ്രതിനിധികളും ചലച്ചിത്രതാരങ്ങളും, സാഹിത്യകാരന്മാരും, ഉന്നതോദ്യോഗസ്ഥരും ഒക്കെ ഈ കുടുംബത്തിലെ അംഗങ്ങളായിരുന്നു. ഇപ്പോഴുമുണ്ട്. ഒരുപാടുപേരെ പരിരക്ഷിക്കുവാൻ ഗാന്ധിഭവന് കഴിഞ്ഞു.

**? അങ്ങയുടെ ഒരു ദിവസം എങ്ങനെയാണ് കടന്നുപോകുന്നത്**

പുറത്തെങ്ങും പോകാത്ത ദിവസങ്ങൾ പകുതിയെങ്കിലുമുണ്ട്. ഗാന്ധിഭവനിൽ നിൽക്കുന്ന ദിവസം അതിരാവിലെ ഒരു ചായയൊക്കെ കഴിച്ച് കൈലിയും ഷർട്ടും ധരിച്ച് ഞാൻ എല്ലാ ഇടങ്ങളിലുംപോയി എല്ലാവരേയും കാണും. എന്റെ കണ്ണുകൾ പരതുക എവിടെയെങ്കിലും കുഴപ്പമുണ്ടോ, പ്രശ്നങ്ങളുണ്ടോ എന്നായിരിക്കും. പോരായ്മകൾ ഞാൻ കണ്ടുപിടിക്കും. അവ കുറിച്ചുവച്ച് ബന്ധപ്പെട്ട വിഭാഗത്തിലെ ഓരോരുത്തർക്കും നിർദ്ദേശം കൊടുക്കും. അമ്മമാരെയും അച്ഛന്മാരെയും കുഞ്ഞുങ്ങളെയും എല്ലാം പോയി കാണും. അവരെ തലോടും, നമസ്തെ പറയും. അങ്ങനെ അവരുടെ ആളായി മാറും. അവരും എന്നോട് അങ്ങനെ തന്നെ. അതുകഴിഞ്ഞാൽ ഓഫീസ് കാര്യങ്ങൾ ഓരോ സെക്ഷനിലും ശ്രദ്ധിക്കും. ഇവിടെ പല ഡിപ്പാർട്ടുമെന്റുകളായിട്ടാണ് പ്രവർത്തിക്കുന്നത്. അതിന്റെയെല്ലാം പ്രവർത്തനങ്ങൾ നിരീക്ഷിക്കും. സന്ദർശകരെ സ്വീകരിച്ചാനയിക്കും. അവർക്ക് വേണ്ടത് ചെയ്യും. അവരുടെ കൂട്ടത്തിൽ ഉണ്ടാകും. എല്ലാ ദിവസവും 12 മണിക്ക് തുടങ്ങുന്ന സർവ്വമത പ്രാർത്ഥനയുണ്ട്. അതിൽ പങ്കെടുക്കാനും ഒപ്പം ചേർന്ന് നിൽക്കാനും എത്തും. അതുകഴിഞ്ഞാലും എപ്പോഴും ഇവർക്കിടയിൽ ഞാനുണ്ടാകും. ഇതിനിടയിൽ പലവിധത്തിലുള്ള ആവശ്യങ്ങളുണ്ടാകും. പലരും അത്തരം കാര്യങ്ങൾക്കായി വരും. അവരെ ആശ്വസിപ്പിക്കുവാൻ താല്പര്യപൂർവം പെരുമാറും. ഒരുപാട് സാഹിത്യ-സാംസ്കാരിക പ്രോഗ്രാമുകൾ ഗാന്ധിഭവനിൽ നടക്കാറുണ്ട്. അതിലെല്ലാം കഴിവതും പങ്കുചേരാറുണ്ട്. ഇതൊരു സാംസ്ക്കാരികകേന്ദ്രമായി, ഒരു കലാകേന്ദ്രമായി, എപ്പോഴും ചലിക്കുന്ന ഒരു സംരംഭമായി നടത്തിക്കൊണ്ടുപോകുന്നു.

**? എല്ലാഭാഗത്തും ഒരു കണ്ണെത്താറുണ്ടോ**

എല്ലാ ഭാഗത്തും എന്റെതന്നെ കണ്ണെത്താറുണ്ട്. എനിക്കിവിടത്തെ 1300 ൽ കൂടുതലുള്ള കാരുണ്യകുടുംബാംഗങ്ങളിൽ എല്ലാവരെയും തന്നെ നേരിട്ട് അറിയാം. ഏതു സാഹചര്യത്തിൽ ജീവിച്ചിരുന്നു. എങ്ങനെ ഇവിടെ വന്നു. അവരുടെ രീതി. മനസ്സ് എല്ലാം അറിയാം. അപൂർവ്വം ചിലരുടെ പേരുകൾ അറിയാത്തതുണ്ടാകും. ചില പേരുകളൊക്കെ അങ്ങോട്ടുമിങ്ങോട്ടും മാറിപ്പോകാറുണ്ട്. അവരുടെ പരാതികളും പരിഭവങ്ങളും പ്രശ്നങ്ങളുമൊക്കെ എന്നോട് പങ്കുവയ്ക്കാറുണ്ട്. സ്നേഹം കൊണ്ട് കീഴ്പ്പെടുത്തുവാൻ കഴിയാത്ത ഒന്നുമില്ല. നമ്മുടെ ഹൃദയത്തിൽ നിന്നുള്ള സ്നേഹത്തെവേണം പകർന്നുകൊടുക്കുവാൻ. അല്ലാതെ പുറമെ അഭിനയിച്ചുള്ള സ്നേഹത്തെക്കുറിച്ചല്ല ഞാൻ പറഞ്ഞത്. പ്രശ്നങ്ങളുള്ള ആളുകൾ ഇവിടെയുണ്ട്. മുന്നൂറിലധികം വരും മാനസിക രോഗികളുടെ തന്നെ എണ്ണം. അവരാരും ഗാന്ധിഭവനിൽ വയലന്റാകുന്നില്ല. പല പ്രശ്നങ്ങളുണ്ട്, പല കാര്യങ്ങളുണ്ട്, പലതും പറഞ്ഞുകൊണ്ടിരിക്കും. ഇന്ത്യയുടെ പ്രസിഡന്റ് എന്നു പറയുന്ന ആളുണ്ട്. ബ്രൂണെ സുൽത്താന്റെ മകനാണെന്നു പറയുന്ന ആളുണ്ട്. ഡി.ജി.പി. ആണെന്ന് പറയുന്ന ആളുമുണ്ട്. അങ്ങനെ പലതരത്തിലുള്ളവർ. അവരോടെല്ലാം ഓരോരുത്തർക്കും വേണ്ടവിധത്തിൽ ഇടപെടുകയും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിക്കുകയും ചെയ്യാറുണ്ട്. 70 വയസ്സുള്ള ഒരു മനോരോഗി കൂടെക്കൂടെ വന്ന് എന്റെ വിവാഹം എന്നാണെന്ന് ചോദിച്ചുകൊണ്ടേയിരിക്കാറുണ്ട്. ഓണം കഴിഞ്ഞ് നടത്താം എന്നുപറഞ്ഞാൽ, ശരി എന്നുപറഞ്ഞ് പോകും. അവരുടെ മനസ്സ് മനസ്സിലാക്കി, അവരുടെ രീതിക്കനുസരിച്ച് കാര്യങ്ങളിൽ ഇടപെട്ട് പരിഹരിച്ചുകൊടുക്കും. എച്ച്.ഐ.വി. ബാധിതർ ഉൾപ്പെടെ ഇവിടെ ഉണ്ട്. പീഡനങ്ങളിൽപ്പെട്ട് ഗർഭം ധരിച്ചവരും ഉണ്ട്. അവരിൽ പലരെയും കോടതി ഇടപെട്ട് ഇവിടെ എത്തിക്കുന്നു. പ്രസവം കഴിഞ്ഞ് കുട്ടികൾക്കൊപ്പം കഴിയുന്നവരും ധാരാളം. അച്ഛനും അമ്മയും ഇല്ല എന്നതിന്റെ വിഷമം അറിയാതെ വളരെ ചിട്ടയോടെയാണ് അവരിവിടെ ജീവിക്കുന്നത്. ശാരീരിക വൈകല്യമുള്ളവരുടെ എണ്ണം തന്നെ ഇരുനൂറിനടുത്ത് വരും. ബുദ്ധിമാന്ദ്യമുള്ളവർ അതിലേറെയുണ്ട്. ഗാന്ധിഭവൻ സ്പെഷ്യൽ സ്കൂളിൽ വീടുകളിൽ നിന്ന് വരുന്നവർ ഉൾപ്പെടെ 218 പേരുണ്ട്.

**? ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമസ്വരാജ് തന്നെയാണോ ഗാന്ധിഭവനിലുള്ളത്**

ഇവിടെ സ്നേഹഗ്രാമം എന്നൊരു പഞ്ചായത്തുണ്ട്. വർഷംതോറും തെരഞ്ഞെടുപ്പ് നടക്കുന്നു. ഒൻപത് മണ്ഡലങ്ങളാണ് ഉള്ളത്. രണ്ട് പാനൽ ഉണ്ടാകാറുണ്ട്. സ്വതന്ത്രന്മാരും. അതുകൊണ്ടുതന്നെ വീറുറ്റ മത്സരവും നടക്കാറുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് മാതൃകയിൽ ഒരു കമ്മീഷനാണ് ഇലക്ഷൻ നടത്തുക. ബാലറ്റുപേപ്പറും ബൂത്തും ക്യൂവും ഒക്കെയുണ്ടാകാറുണ്ട്. സെപ്റ്റംബറിൽ ഇലക്ഷൻ. ഒക്ടോബർ രണ്ടിന്

അധികാരമേൽക്കും. തെരഞ്ഞെടുക്കപ്പെടുന്നവരാണ് പഞ്ചായത്ത് ഭരിക്കുക. ഇലക്ഷൻ കഴിഞ്ഞാൽ പിന്നെ പ്രതിപക്ഷം ഇല്ല. നല്ലതിനുവേണ്ടി എല്ലാവരും ഒരുമിച്ചു നിൽക്കും. ആവശ്യങ്ങൾ കമ്മറ്റി കൂടി തീരുമാനിച്ച് ട്രസ്റ്റിനെക്കൊണ്ട് നടത്തിക്കുന്നു. ഏറ്റവും നല്ല ശുചിത്വമുള്ള പ്രസ്ഥാനം എന്ന നിലയ്ക്കാണ് കേരളത്തിൽ ഒരു ജീവകാരുണ്യസ്ഥാപനത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചത്. ഏഷ്യയിലെ ഏറ്റവും വലിയ മതേതര കുടുംബം എന്നതിനുള്ള ഇന്ത്യാ ബുക്ക് ഓഫ് റെക്കാർഡ്സ്, ഏഷ്യ ബുക്ക് ഓഫ് റിക്കാർഡ്സ് ബഹുമതിയും ലഭിച്ചിട്ടുണ്ട്.

ഗാന്ധിഭവനകത്ത് ഒരു ഗ്രാമീണ അന്തരീക്ഷമുണ്ട്. ഒരു ഗ്രാമത്തിനുവേണ്ട എല്ലാം ഇവിടെയുണ്ട്. ബാർബർഷോപ്പ്, ലൈബ്രറി, ടെയ്‌ലറിങ് ഷോപ്പ്, നാടകശാല, സാക്ഷരതാകേന്ദ്രം അങ്ങനെയങ്ങനെ നീണ്ടുപോകുന്നു ആ പട്ടിക. ഞാൻ തന്നെ പ്ലാൻ ചെയ്ത് ചെയ്യിക്കുകയായിരുന്നു. സാഹചര്യവും സാമ്പത്തിക അവസ്ഥയും അനുസരിച്ച് പുതുക്കലുകളും ചേർക്കലുകളും ഇപ്പോഴും നടത്തിവരികയാണ്.

**? കാരുണ്യകുടുംബാംഗങ്ങൾക്ക് പ്രാഥമികമായിട്ടു വേണ്ട സൗകര്യങ്ങൾ ഇപ്പോഴുണ്ടോ**

മിക്ക സൗകര്യങ്ങളും ആയിട്ടുണ്ട്. പുതുതായി വരുന്നവർക്ക് തുടക്കത്തിൽ എന്തെങ്കിലും കാര്യങ്ങൾ ഇല്ലാതെ വന്നാലും താമസിയാതെ അവയെല്ലം പരിഹരിച്ചുകൊടുക്കാറുണ്ട്. മെഡിക്കൽ സൗകര്യങ്ങൾ കുറെക്കൂടി വർദ്ധിപ്പിക്കേണ്ടതുണ്ട്. അത്യാവശ്യത്തിന് അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങൾ, ഡോക്ടർമാർ, മുപ്പതിനടുത്ത് നഴ്സിംഗ് സ്റ്റാഫ്, സഹായിക്കാനായി 80 സ്റ്റാഫ്, മരുന്നുകൾ, ആംബുലൻസ്, മോർച്ചറി എല്ലാമുണ്ട്. നല്ല അടുക്കള. പാട്ടത്തിനെടുത്ത രണ്ടേക്കർ കൃഷിയിടം അങ്ങനെയങ്ങനെ. ഒട്ടേറെ നിർമ്മാണങ്ങൾ ഇപ്പോഴും നടന്നു വരുന്നു. ഒട്ടേറെ ഉൽപന്നങ്ങൾ ഗാന്ധിഭവന്റേതായുണ്ട്. മിൽമ സ്റ്റാൾ, ആയുർവ്വേദ മരുന്നുശാല തുടങ്ങിയവയുമുണ്ട്. കൂടാതെ ഒരു മിനിമാർക്കറ്റും പ്രവർത്തിക്കുന്നുണ്ട്.

**? ആരെല്ലാമാണ് സഹായിക്കുവാനുള്ളത്**

മകൻ അമലുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി ഭുവനചന്ദ്രൻ എന്റെ കരുത്താണ്. പേരുകൾ പറഞ്ഞാൽ തീരില്ല. അത്രത്തോളം ആളുകൾ സഹായിക്കുന്നുണ്ട്.

**? നടതള്ളുക എന്നതുപോലത്തെ ഒരു പ്രശ്നം അനുഭവപ്പെടാറുണ്ടോ**

തീർച്ചയായും. ഒരുപാട് ആളുകളെ കുടുംബാംഗങ്ങൾതന്നെ ഉപേക്ഷിക്കുകയാണ്. അതിനെതിരെ ശബ്ദമുയർത്തുവാൻ വേണ്ടി തുടങ്ങിയതാണ് ഗാന്ധിഭവൻ ഗുരുവന്ദന സംഗമം. 1400 ദിവസങ്ങൾ അടുത്തുതന്നെ പൂർത്തീകരിക്കും. ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കാർഡിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.



**? അങ്ങും കുടുംബവും ഗാന്ധിഭവന്റെ പുറത്ത് താമസിക്കുക എന്ന ആശയം/താൽപര്യം എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ**

ഇല്ല. ഒരിക്കലുമില്ല. ഞാനും ഭാര്യയും താമസിക്കുന്നത് കുടിൽ എന്ന 200 സ്ക്വയർ ഫീറ്റുള്ള ചെറിയൊരു മുറിയിലാണ്. കേരളത്തിലെ ഏറ്റവും വലിയ ഗാന്ധിപ്രതിമ നിൽക്കുന്നതിന്റെ തൊട്ടടുത്തുതന്നെ. ഞങ്ങൾ ഈ സൗകര്യങ്ങളിൽ പൂർണ്ണ തൃപ്തരാണ്. കുടുംബാംഗങ്ങളും, ബന്ധുക്കളും ഗാന്ധിഭവന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണ തൃപ്തരാണ്. മക്കളുടെ വിവാഹങ്ങൾ നടന്നതും ഇവിടെ വച്ചുതന്നെ.

നമ്മുടെ മനസ്സ് എപ്പോഴും താഴ്മയുടെ ഭാഗത്ത് നിൽക്കണമെന്നതിൽ താൽപര്യം എടുക്കാറുണ്ട്. ഒത്തിരി സന്തോഷം മനസ്സിനുണ്ട്. ഗാന്ധിഭവൻ തരുന്നതാണ് അതെല്ലാം. പൊതുപ്രവർത്തകൻ എന്ന നിലയിൽ തുടർന്നിരുന്നുവെങ്കിൽ പല അധികാരമേഖലകളിലും എത്തുവാൻ ഒരുപക്ഷെ കഴിഞ്ഞേനെ. ഇവിടുത്തെ ഓരോ അമ്മമാരുടെയും മനസ്സിൽ എനിക്കൊരിടമുണ്ട്. അതു പുണ്യമായും ഭാഗ്യമായും കരുതാറുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും വരുന്നവർ ഗാന്ധിഭവൻ കണ്ടിട്ട് അത്ഭുതപ്പെടാറുണ്ട്. വന്നുകാണുന്നവർ പറയുന്നതാണ് ഗാന്ധിഭവനു കിട്ടുന്ന പ്രചരണം എന്നുതന്നെയാണ് കരുതുന്നത്.

**? ഗാന്ധിഭവനെക്കുറിച്ചുള്ള കാഴ്ചപ്പാട് എന്താണ്**

ഒറ്റപ്പെടലുകൾ സമൂഹത്തിൽ ഉള്ളിടത്തോളം കാലം ഗാന്ധിഭവന്റെ പ്രവർത്തനങ്ങൾ പല ശാഖകളിലായി വിപുലമായി തുടരുകതന്നെ

ചെയ്യും. മാതാപിതാക്കളെ ഉപേക്ഷിക്കരുത് എന്ന പ്രചരണം ഗാന്ധിഭവൻ നിരന്തരമായി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. ഗാന്ധിഭവനെക്കുറിച്ച് ഇതല്ലാതെയും എനിക്ക് രണ്ട് സ്വപ്നപദ്ധതികളുണ്ട്.

ഒരു മെഡിക്കൽ കോളേജ് എന്നത് ദീർഘകാലമായുള്ള അഭിലാഷമാണ്. മെഡിക്കൽ വിദ്യാഭ്യാസമല്ല. മറിച്ച് ചികിത്സയും ഗവേഷണവുമായിരിക്കും അവിടെ നടക്കുക. നിലവിലുള്ള എല്ലാ ചികിത്സാസമ്പ്രദായങ്ങളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമായിരിക്കും ഉണ്ടായിരിക്കുക. പാരമ്പര്യചികിത്സ, ആയുർവ്വേദം, സിദ്ധ, ഹോമിയോ, യുനാനി, അലോപ്പതി തുടങ്ങി ഏതു ചികിത്സയും അവിടെ ലഭിക്കും. എല്ലാ സമ്പ്രദായങ്ങളിലും നിരന്തരമായ ഗവേഷണവും നടക്കും. ചികിത്സയ്ക്ക് എത്തുവന്നവരിൽ നിന്ന് ഫീസ് ഈടാക്കില്ല, അങ്ങനെ ഒരു ബില്ലുമുണ്ടാകില്ല. സാമ്പത്തികമുള്ളവർ ഈ മെഡിക്കൽ കോളേജിൽ ചികിത്സ തേടി എത്തിയാൽ പാവപ്പെട്ട രോഗികളുടെ ആവശ്യങ്ങൾക്കു വേണ്ടിവരുന്ന ഇഷ്ടമുള്ള സാമ്പത്തികസഹായം അവർക്ക് ചെയ്യാം. ഒരു രോഗി വന്നാൽ ആദ്യം എല്ലാ മെഡിക്കൽ ടെസ്റ്റുകളും നടത്തും, എല്ലാ സിസ്റ്റത്തിലുമുള്ള ഡോക്ടർമാർ ഒരുമിച്ചിരിക്കുന്ന ഇടത്തേക്കാവും പിന്നീട് രോഗിയെ ആനയിക്കുക. ആ മെഡിക്കൽ ബോർഡായിരിക്കും ചികിത്സ നിശ്ചയിക്കുന്നത്. ചിലപ്പോൾ ഒരാളുടെ രോഗം ഹോമിയോപ്പതി കൊണ്ട് മാത്രം മാറ്റാനാകും. അല്ലെങ്കിൽ ആയുർവ്വേദം, നാച്ചറോപ്പതി കൊണ്ട് മാറ്റാനാകും. രോഗം ഭേദമാകുവാൻ കുറഞ്ഞ ചെലവുള്ള ചികിത്സാസമ്പ്രദായത്തിലേക്ക് മാറ്റുക എന്ന നയം കൂടിയാകും അവിടെ സ്വീകരിക്കുക. സർജറി ഉൾപ്പെടെ അടിയന്തിരപ്രാധാന്യമുള്ള ചികിത്സകൾ അലോപ്പതിയിലായിരിക്കും നടത്തുക.

മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ വസ്തു ലഭ്യമായിക്കഴിഞ്ഞാൽ ലോകത്തുള്ള എല്ലാ സമൂഹത്തോടും ഒരു രൂപ വീതം തന്ന് ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കും. ആ തുകകൊണ്ട് മെഡിക്കൽ കോളേജ് നിർമ്മിക്കുകയാണ് ലക്ഷ്യം. എല്ലാ സമ്പ്രദായങ്ങളിലുമുള്ള ഡോക്ടർമാരെ കാണുമ്പോഴെല്ലാം വർഷങ്ങളായി ഈ ആശയം പങ്കുവയ്ക്കാറുണ്ട്. ഈ ആശയത്തോട് ചേരാൻ ആഗ്രഹിക്കുന്നവരാണ് അവരിൽ മിക്കവരും. വർഷത്തിൽ ഒരു പ്രാവശ്യം നിങ്ങളിവിടെ വന്ന് ഒന്നോ രണ്ടോ ദിവസത്തേക്ക് സേവനം ചെയ്യണമെന്നും അവരോട് പറയാറുണ്ട്. എല്ലാ ഡോക്ടർമാരും തന്നെ അതിന് പൂർണ്ണ പിന്തുണ അറിയിച്ചിട്ടുണ്ട്. സ്വതന്ത്ര കാഴ്ചപ്പാടും നിലപാടും ഉള്ള ഡോക്ടർമാരുമായാണ് ഞാനെന്റെ ആശയങ്ങൾ കൂടുതലും പങ്കുവച്ചിട്ടുള്ളത്. മരുന്നുലോബികളുടെ, അലോപ്പതി ഡോക്ടർമാരിൽ ചിലരുടെയൊക്കെ താൽപര്യക്കുറവ് ഇക്കാര്യത്തിൽ ഉണ്ടാകാം. എന്നിരുന്നാലും ഗാന്ധിഭവന്റെ ഈ ആശയസ്വപ്നം പ്രാവർത്തികമാകും എന്നുതന്നെ വിശ്വസിക്കുന്നു. ഒരു രോഗിപോലും ചികിത്സ കിട്ടാതെ മരിക്കരുത് എന്ന ആശയത്തെ ഉയർത്തിപ്പിടിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

10 ഏക്കർ ഭൂമിയാണ് മെഡിക്കൽ കോളേജിന് നിലവിൽ വേണ്ടത്. ഏഴ് ഏക്കർ ഭൂമി മലബാറിൽ ഗാന്ധിഭവന് നൽകാമെന്ന വാഗ്ദാനം നിലവിലുണ്ട്. അവിടെത്തന്നെ മൂന്ന് ഏക്കർകൂടി ഇപ്പോഴത്തെ അവസ്ഥയിൽ കണ്ടെത്തേണ്ടി വരുമെന്ന് മാത്രം.

രണ്ടാമതായി മനുഷ്യസമൂഹം നന്നാവണമെങ്കിൽ ജീവകാരുണ്യം കൂടി വിദ്യാഭ്യാസപദ്ധതികളിലും സിലബസിലും വരണം. നമുക്കതില്ല. നമ്മൾ പഠിക്കുന്ന കണക്കും സയൻസും ചരിത്രവും മാത്രമല്ല യഥാർത്ഥ മനുഷ്യനാകുവാൻ വേണ്ടത്. ഒരു ജീവകാരുണ്യ വിദ്യാഭ്യാസ സമ്പ്രദായം തന്നെ നമുക്ക് വേണ്ടതുണ്ട്. പ്രധാനമായും മനുഷ്യത്വത്തെക്കുറിച്ച് നമ്മുടെ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ അറിഞ്ഞിരിക്കണം. രാഷ്ട്രീയം ഉൾപ്പെടെ പൊതുപ്രവർത്തനരംഗത്തുള്ളവർക്കൊക്കെ വിദ്യാഭ്യാസം കുറവാണെങ്കിൽപ്പോലും ജീവകാരുണ്യപ്രവർത്തനങ്ങൾ പഠിച്ച് അറിഞ്ഞതിന്റെ സർട്ടിഫിക്കറ്റെങ്കിലും നിർബന്ധമാക്കണം. അത്തരമൊരു പഠനത്തിന് ജീവകാരുണ്യ യൂണിവേഴ്സിറ്റി എന്നത് എന്റെ ഒരു സ്വപ്നമാണ്. കുട്ടികൾക്കും, നിരീക്ഷകർക്കും ഉൾപ്പെടെ ജീവകാരു ണ്യം മനസ്സിലാക്കാനും പഠിക്കാനുമുള്ള അവസരം അവിടെ ഉണ്ടാകും. രാഷ്ട്രീയപ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ ഇവരൊക്കെ അവിടെ പഠിക്കണമെന്ന നിബന്ധന വരണം. കുട്ടിക്കാലം മുതൽക്കേ നമ്മുടെ സമൂഹത്തിൽ ജീവിക്കുന്നവർക്ക് ഇങ്ങനെയൊരു പഠനമില്ലാത്തതിന്റെ പോരായ്മയാണ് എന്തു പ്രത്യാശ ജനത്തിനു ലഭിച്ചാലും അത് പ്രാവർത്തികമാകാതെ പോകുന്നതിന്റെ കാരണം.

**? ഗാന്ധിഭവന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് സാമ്പത്തികം ഇപ്പോഴും തടസ്സമാണോ**

സാമ്പത്തികബുദ്ധിമുട്ട് നിലനിൽക്കുകയാണ്. കടബാദ്ധ്യതകൾ പുതുതായും വന്നുകൊണ്ടിരിക്കുന്നു. ചോദിക്കാതെതന്നെ അറിഞ്ഞ് പ്രവർത്തിക്കുന്ന ഒട്ടേറെ പേരുടെ സഹായങ്ങൾ കൊണ്ടാണ് ഗാന്ധിഭവന്റെ പ്രവർത്തനങ്ങൾക്ക് മുന്നോട്ടുപോകാനാകുന്നത്. കല്ലടയാറിനു വളരെ അടുത്തുള്ള ഗാന്ധിഭവനിൽ പ്രളയം കൺമുന്നിൽ എത്തിയിട്ടും ഭാഗ്യവശാൽ ഒന്നും സംഭവിച്ചില്ല. എന്തെങ്കിലും സഹായം വേണ്ടതുണ്ടോ എന്ന് യൂസഫലിസാറ് ആ ദിവസങ്ങളിൽ തിരക്കിയിരുന്നു.

350-ഓളം ജീവനക്കാർ ഗാന്ധിഭവനുണ്ട്. കാരുണ്യകുടുംബത്തിലെ 1000 പേരെങ്കിലും നിത്യവും മരുന്നുവേണ്ടവരാണ്. മനോരോഗ മരുന്നുകളൊന്നുംതന്നെ വില കുറച്ചു ലഭിക്കുവാനുള്ള സാഹചര്യമില്ല. തിരുവനന്തപുരം മാനസികരോഗാശുപത്രിയിൽനിന്നു ലഭിക്കുന്ന കുറച്ച് മരുന്നുകൊണ്ടൊന്നും ഒന്നും ആവില്ല. സ്വകാര്യമേഖലയിലെ ആശുപത്രികളെ ആശ്രയിക്കേണ്ടിവരാറുണ്ട്. അവിടെ ഇളവുകൾ ലഭിക്കുക അപൂർവ്വം. ദിവസവും കുറഞ്ഞത് മൂന്നുലക്ഷം രൂപയെങ്കിലും വേണ്ടതുണ്ട്. നിലനിൽപ്പിനുള്ള കാര്യങ്ങളിലെ ദൈനംദിന ചെലവുകൾ,

ജീവനക്കാരുടെ ശമ്പളം, തുടർച്ചയായി നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഇവയൊക്കെ അതിൽപ്പെടും. ഗാന്ധിഭവന്റെ പത്തനാപുരം കേന്ദ്രത്തിൽ 2005 ൽ തുടങ്ങി നിർമ്മാണപ്രവർത്തനങ്ങൾ. 13 വർഷം പിന്നിടുമ്പോഴും അടിസ്ഥാനസൗകര്യ വികസനം മുഴുമിപ്പിക്കാനാകുന്നില്ല.

**? ഉദ്ദേശിച്ച കാര്യങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കയാണോ**

തീർച്ചയായും. എല്ലാം മുന്നോട്ടാണ് എന്നതിൽ ഒത്തിരി സന്തോഷമുണ്ട്. (ചിരിക്കുന്നു). തിരുവനന്തപുരം, കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലും ഗാന്ധിഭവന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് കേന്ദ്രങ്ങളായിരിക്കുന്നു. കേന്ദ്രസ്ഥാനത്തെ കെട്ടിടങ്ങൾ എല്ലാം തന്നെ നല്ല മനുഷ്യരുടെ സംഭാവനകളാണ്.

**? മഹാത്മാഗാന്ധിജിയുടെ തത്ത്വസംഹിതകളെ പ്രാവർത്തികമാക്കിയതാണോ ഗാന്ധിഭവന്റെ വിജയത്തിനു നിദാനം**

ഗാന്ധിജി ഏഴു പതിറ്റാണ്ടിനും മുൻപ് പറഞ്ഞത്, പ്രായോഗികതയിലേക്ക് കൊണ്ടുവരികയെന്നത് തടസ്സവലയിതമായ പ്രവർത്തികൾ തന്നെയാണ്. ഗാന്ധിജിയുടെ സ്വപ്നങ്ങളിൽ എത്തുന്നതിന് ഗാന്ധിഭവന്റെ പ്രവർത്തനങ്ങൾ ഇനിയും ബഹുദൂരം പോകേണ്ടതുണ്ട്. അതിനുള്ള പരിശ്രമം മാത്രമാണ് ഇതുവരെ നടന്നിട്ടുള്ളത്. ഗാന്ധിജിയെപ്പോലെയാകുവാൻ നമുക്കാർക്കുമാവില്ല. അദ്ദേഹത്തിന് വിവിധ വിഷയങ്ങളിൽ ഉറച്ച തീരുമാനങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഹിഷ്ണുതയൊക്കെ നമ്മളിലെ മഹാഭൂരിപക്ഷത്തിനും പകർത്താനാവില്ല. കാലഘട്ടത്തിനും അപ്പുറത്തേക്ക്, അതിനും മുന്നിലേക്ക് മനുഷ്യന് അഭൂതപൂർവമായ വികാസം, മാറ്റം സംഭവിച്ചിരിക്കുന്നു. ജീവിതസാഹചര്യങ്ങളും മാറി. ശാസ്ത്രം വികസിച്ച് സമ്പത്ത് കുന്നുകൂടിയതോടെ മനുഷ്യത്വം മനുഷ്യന് നഷ്ടപ്പെട്ട അവസ്ഥയായിരിക്കുന്നു. താൻ വിചാരിക്കുന്നതെന്തും സാധിക്കാമെന്ന ചിന്ത മനുഷ്യനെ ദോഷകരമായി ബാധിച്ചിരിക്കുന്നു. സമ്പത്ത് വരുന്നതോടെ അവന്റെ ബന്ധങ്ങളുടെ വലയം ശക്തമാകുകയും അധികാരകേന്ദ്രങ്ങളിലേക്ക് അവനെ അടുപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ പലപ്പോഴും പാവപ്പെട്ടവരെയും പ്രയാസപ്പെടുന്നവരെയും തിരിഞ്ഞുനോക്കാത്ത അവസ്ഥ സംജാതമാകുന്നു. സമ്പന്ന തലമുറയിൽ വരുന്നവരുടെ മക്കൾ പലപ്പോഴും സമൂഹത്തിന് പ്രശ്നക്കാരായി മാറുന്നു. ആരോടും സ്നേഹം വേണ്ട, പ്രതിബദ്ധത വേണ്ട. ചൂഷണത്തിലൂടെ പണം നേടാനുള്ള മനഃസ്ഥിതിയും സമ്പാദ്യം വച്ച് എന്തും നേടാവുന്ന അവസ്ഥയും മനുഷ്യജീവിതത്തിൽ ഒത്തിരി പ്രതിബന്ധങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കുന്ന സാഹചര്യമാണ് ഇന്ന് നമ്മുടെ സമൂഹത്തിലുള്ളത്. എല്ലാ മനുഷ്യർക്കും തുല്യത കിട്ടണമെന്ന ചിന്തയാണ് ഗാന്ധിജിയെ ഭരിച്ചിരുന്നത്. പിന്നാക്കം പോകുന്ന സമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രത്യേക ചിന്ത രാഷ്ട്രപിതാവിനുണ്ടായിരുന്നു.



**? പുതിയ തലമുറ ഗാന്ധിജിയെ മറന്നുകൊണ്ടിരിക്കുകയാണോ**

മറന്നുവെന്നല്ല, പൂർണ്ണമായും മറന്നു കഴിഞ്ഞെന്നുതന്നെ പറയേണ്ടിവരും. (ചിരിക്കുന്നു). ഗാന്ധിജിയെ അറിയുവാനും പഠിക്കുവാനും അവർക്കാർക്കും താൽപര്യവുമില്ല. ഗാന്ധിജിയെക്കുറിച്ച് പ്രസംഗിക്കുവാൻ പക്ഷെ, പലർക്കും താൽപര്യമാണ്. സത്യാഗ്രഹത്തിലൂടെയാണ്, സഹനത്തിലൂടെയാണ് എല്ലാം നേടിയെടുത്തത് എന്നൊക്കെ പ്രസംഗിച്ചുകൊള്ളും. ഗാന്ധിജിയെ പഠിക്കുകയോ, ജീവിതത്തിലേക്ക് കൊണ്ടുവരികയോ ചെയ്യുന്നവർ സ്വാതന്ത്ര്യം ലഭിച്ചശേഷം തീരെ കുറഞ്ഞു എന്നുതന്നെ പറയേണ്ടിവരും. അങ്ങനെ ഗാന്ധിജിയെ പകർത്തുന്നവർ പഴഞ്ചന്മാരായി മാറിയിരിക്കുന്നു. സ്വാതന്ത്ര്യം നേടിത്തരുന്നതിൽ മുഖ്യ പങ്കു വഹിച്ച ഗാന്ധിജി ഇപ്പോൾ ആരുമല്ലാതായിക്കൊണ്ടിരിക്കുന്നു. നല്ല മനസ്സുള്ള ഗാന്ധിയന്മാർ ഭരിക്കുകയാണെങ്കിൽ ഇന്ത്യ സമത്വസുന്ദര രാഷ്ട്രമായി മാറുമെന്നതിൽ സംശയമില്ല. പക്ഷെ, അത് സംഭവിക്കുന്നില്ല. അപ്പോൾ ഗാന്ധിയൻ മനസ്സ് അവിടെ വരുന്നില്ല. ഗാന്ധിജിയുടെ ദർശനം ഭാരതത്തിന്റെ വ്യത്യസ്തതകളിൽ ഊന്നി നിന്നുള്ളതാണ്. ആ കാഴ്ച്ചപ്പാടിലെ ഇന്ത്യയ്ക്ക് വളരെ പ്രസക്തിയുണ്ട്. സഹനവും ക്ഷമയും കൊണ്ടാണ് അദ്ദേഹം ഭാരതത്തിന്റെ വിജയം ലോകത്തിന് കാണിച്ചുകൊടുത്തത്.

**? രാജ്യത്തേക്കാൾ മോശമായ അവസ്ഥയിലേക്കാണോ കുടുംബങ്ങൾ നീങ്ങുന്നത്**

സംശയമില്ല. യഥാർത്ഥത്തിൽ കുടുംബം ഇന്ന് നഷ്ടപ്പെട്ടു. ഓരോ വ്യക്തിയും ഓരോ പ്രസ്ഥാനമായി മാറിയിരിക്കുന്നു. സ്വന്തം മനസ്സിലേക്കുതന്നെ ഒരു മതിലുകെട്ടിയിട്ടാണ് ഓരോരുത്തരും നിൽക്കുന്നത്. ഗാന്ധിഭവനിലേക്കുള്ള ഒഴുക്കു കണ്ടാൽത്തന്നെ അത് വ്യക്തമാകും.



**? വെള്ളപ്പൊക്കത്തിൽ ആ മതിലുകളെല്ലാം പോയില്ലേ**

പോയി. പക്ഷെ കെട്ടാനുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞു. (ചിരിക്കുന്നു) പ്രകൃതി നമുക്ക് തന്ന ഒരു ഓർമ്മപ്പെടുത്തലും വലിയൊരു സന്ദേശവും ആയിരുന്നു. മതിലുകളെല്ലാം നിലംപതിച്ചതിലൂടെ നൽകിയത്. സ്വാർത്ഥത അധികരിക്കുന്നതിന് ചെറിയൊരു കടിഞ്ഞാണിട്ടു എന്നുതന്നെ പ്രളയത്തെ ചരിത്രവൽക്കരിക്കാം. എല്ലാം നമ്മുടെ കണ്ണുതുറപ്പിക്കട്ടെ.

*വീക്ഷണം ആഴ്ചപ്പതിപ്പ് (2018 ഒക്ടോബർ 21 ഞായർ)*






**രാജീവ് ഡി. പരിമണം**
**ദീപിക**

മണ്ണിൽ കാൽപ്പാദം അമർത്തി സ്നേഹം നടക്കാനിറങ്ങുന്നയിടമാണ് പത്തനാപുരത്തെ ഗാന്ധിഭവൻ. പുഞ്ചിരിച്ചും കരംപിടിച്ചും മടിച്ചുനിൽക്കുന്നവരെപ്പോലും ഒപ്പം ചേർത്താണ് ഗാന്ധിഭവന്റെ ഇത്തിരി ഇടത്തിലൂടെ സ്നേഹം നടക്കാനിറങ്ങുന്നത്. രോഗം കൊണ്ട് അവശരായവരും അവഗണനകൊണ്ട് രോഗികളാക്കപ്പെട്ടവരും പീഡനത്തിന് ഇരയായവരും കൈകോർത്തുപിടിച്ച് ഒപ്പം കൂടുന്നു.

ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ടവർ, ഭർത്തൃപീഡനത്താൽ മുറിവേറ്റവർ, മൂകർ, ബധിരർ, വികലാംഗർ, വിധവകൾ, ദാരിദ്ര്യത്തിലകപ്പെട്ട് ആത്മഹത്യാമുനമ്പിലെത്തിയവർ, മാറാരോഗങ്ങളിൽ ഉഴലുന്നവർ– ഇവരെല്ലാം ഗാന്ധിഭവന്റെ സ്നേഹത്തണലിൽ ഒരുമയോടെ കഴിയുന്നു. ഇവിടെ ജാതിമത വ്യത്യാസമില്ല. ധനം നേടാനുള്ള ആർത്തിയില്ല, അധികാരത്തിനുവേണ്ടിയുള്ള മത്സരമില്ല, കാപട്യമില്ല. പരസ്പരം താങ്ങും തണലുമാകുന്ന സ്നേഹത്തിന്റെ ദീപക്കാഴ്ചകളിൽ പ്രശോഭിതമാകുന്നു ഗാന്ധിഭവൻ.

ഗാന്ധിവചനങ്ങളുടെ പ്രകാശവീഥിയിലൂടെ പത്തനാപുരത്തെ ഗാന്ധിഭവനത്തെ നയിക്കുന്നത് പുനലൂർ സോമരാജനാണ്.

## സ്നേഹത്തണലിൽ കൂടൊരുക്കിയവർ

വീട് ജപ്തി ചെയ്തതിനെത്തുടർന്ന് അനാഥരായ മുൻ റാന്നി എം. എൽ.എ. എം.കെ. ദിവാകരനും ഭാര്യ സൗദാമിനിയും ഉൾപ്പെടെ 630 അന്തേവാസികളാണ് ഇപ്പോൾ ഗാന്ധിഭവനിലുള്ളത്.

ഇരുട്ടുനിറഞ്ഞ ലോകത്ത് ഒറ്റപ്പെട്ടുപോയ ഇടമൺ സ്വദേശിനി ഫാത്തിമാബീവി, ഉറ്റവർ കൈവിട്ടതിനെത്തുടർന്ന് മാനസികനില തെറ്റിയ വസന്ത, കുടുംബം പുലർത്താൻ യാചകവൃത്തി നടത്തിയ ആറു വയസുകാരി രേവതി, നട്ടെല്ലിന് ക്ഷതം സംഭവിച്ചതിനെത്തുടർന്ന് വീട്ടുകാർ ഒറ്റപ്പെടുത്തിയ ശാന്ത, ഭർത്താവ് കിണറ്റിലെറിഞ്ഞ് കൊല്ലാൻ ശ്രമിച്ച അനിതയും ഇവരുടെ നാലരവയസുകാരി മകൾ അഭിരാമിയും ഇവരെല്ലാം ഗാന്ധിഭവനിൽ സ്നേഹം അറിയുന്നു. സന്തോഷം അനുഭവിക്കുന്നു.

വനിതകളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച് ശരീരം തളർന്ന് കിടപ്പായ സാവിത്രി, മക്കളാൽ ഉപേക്ഷിക്കപ്പെട്ട നിരവധി അമ്മമാർ, മാനസിക വിഭ്രാന്തി മൂലം ആട്ടിയകറ്റപ്പെട്ട നിരവധി സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർ ഇവിടെയുണ്ട്. മാരകരോഗങ്ങൾക്ക് അടിമപ്പെട്ട് കിടപ്പാടം വിറ്റ് ചികിത്സ നടത്തി തെരുവിലിറങ്ങിയവർ... ഗാന്ധിഭവനിൽ താമസിക്കുന്നവരുടെ എണ്ണം അവസാനിക്കുന്നില്ല.

## ഗാന്ധിമാർഗ്ഗത്തിലൂടെ...

മഹാത്മാഗാന്ധിയുടെ ജീവിതലക്ഷ്യങ്ങളെ ഉൾക്കൊണ്ട് അതിന്റെ കരുത്ത് സമൂഹത്തിന് പകരുകയാണ് ഗാന്ധിഭവൻ. ലളിതമായ ജീവിതരീതിയിലൂടെ അന്യരുടെ ദുഃഖത്തിൽ പങ്കാളികളാകാൻ ഗാന്ധിഭവൻ പഠിപ്പിക്കുന്നു.

സത്യം, നീതി, മതേതരത്വം, അഹിംസ, സ്നേഹം തുടങ്ങിയ ഗുണങ്ങളാണ് ഇവിടുത്തെ പാഠ്യവിഷയം. ജീവകാരുണ്യപ്രവർത്തനത്തിന് മാതൃകയാണ് ഗാന്ധിഭവൻ.

പ്രകൃതിപഠനം, പ്രകൃതിസ്നേഹം തുടങ്ങിയവരിൽ ഗാന്ധിജി പുലർത്തിവന്ന ആഭിമുഖ്യത്തെ മാതൃകയാക്കി പ്രകൃതിചികിത്സാരീതികളും ക്യാമ്പുകളും നടത്തി അതിനെ പ്രോത്സാഹിപ്പിക്കുന്നു. ആതുരസേവനരംഗത്തും ഗാന്ധിജിയുടെ ചിന്തകൾ ഗാന്ധിഭവന്റെ പ്രവർത്തനത്തിന് കരുത്തേകുന്നു.

വൃദ്ധപരിചരണ നഴ്സിംഗ് കോഴ്സുകൾ, സമൂഹവിവാഹ പദ്ധതികൾ, സുരക്ഷ, ആരോഗ്യം, സേവനം എന്നിവയെ ലക്ഷ്യമാക്കി സാങ്കല്പിക പഞ്ചായത്ത് എന്നിവയും ഉണ്ട്.

ഗാന്ധിഭവൻ സ്ഥിതിചെയ്യുന്ന രണ്ടേക്കറാണ് പഞ്ചായത്തിന്റെ പരിധി. തെരഞ്ഞെടുക്കപ്പെടുന്ന അന്തേവാസികളിൽനിന്ന് പഞ്ചായത്ത് പ്രസിഡന്റ്, അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കുന്നു. ഇവർക്കാണ് തൊഴിൽ

## ജനകീയ മെഡിക്കൽ കോളേജ് സ്വപ്നപദ്ധതി

**? ഗാന്ധിഭവന്റെ വളർച്ചയ്ക്ക് പിന്നിൽ**

കൂട്ടായ പ്രവർത്തനം.

**? സർക്കാരിന്റെ സഹായമില്ലാതെ പിടിച്ചുനിൽക്കാനാകുമോ**

കാരുണ്യഹൃദയരായ ആളുകളുടെ സഹായം ഉണ്ടെങ്കിൽ അതിന് കഴിയും.

**? ഗാന്ധിജിയുമായി ബന്ധപ്പെട്ട് മറ്റെന്തെങ്കിലും പദ്ധതികൾ**

മഹാത്മജിയുടെ ആദർശങ്ങൾ പഠിപ്പിക്കാനും പ്രചരിപ്പിക്കാനും ഒരു ജീവകാരുണ്യ സർവ്വകലാശാല ലക്ഷ്യത്തിലുണ്ട്.

**? ഗാന്ധിഭവനിലൂടെ കൂടുതൽ എന്തെങ്കിലും**

ഭാരതത്തിലെ മുഴുവൻ നിരാലംബരെയും യാചകരെയും കണ്ടെത്തി അവരെ മുഴുവൻ പാർപ്പിക്കാനുള്ള സൗകര്യമൊരുക്കണം.

**? നിലവിലെ സാമ്പത്തിക സ്ഥിതി**

50 ലക്ഷത്തിന്റെ കടബാധ്യതയിലാണ്.

**? ഗാന്ധിഭവന്റെ സ്ഥാപകനെന്ന നിലയിൽ എന്തെങ്കിലും സ്വപ്ന പദ്ധതി**

ജനകീയ മെഡിക്കൽ കോളേജ് ലക്ഷ്യം. ഒരാളിൽനിന്ന് ഒരു രൂപ വീതം സംഭാവനയായി സ്വീകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക മേഖലകളിലുള്ളവരുടെ കമ്മിറ്റിയാണ് ഇതിന്റെ ചുമതല വഹിക്കുന്നത്.

**? ഗാന്ധിഭവന്റെ കാഴ്ചപ്പാട്**

മഹാത്മാഗാന്ധിയുടെ കാഴ്ചപ്പാടിൽനിന്ന് ജീവകാരുണ്യപ്രവർത്തനം നടത്തുക. ജീവിതയാത്രയിൽ സേവനമാണ് പരമമായ ഈശ്വരാരാധന. അഗതികൾക്ക് ആശ്രയം നൽകുന്നതിലൂടെ ലഭിക്കുന്ന സന്തോഷം അതിരറ്റതാണ്. എല്ലാവരാലും വെറുക്കപ്പെടുന്നവർ ഗാന്ധിഭവന്റെ സ്വന്തമാണ്.

യൂണിറ്റുകളുടെയും മറ്റും ചുമതല. അന്തേവാസികളെ കൂടുതൽ ഉത്തരവാദിത്വബോധമുള്ളവരാക്കുന്നതിന്റെ ഭാഗമാണ് സ്നേഹഗ്രാമം പഞ്ചായത്തിന്റെ പ്രവർത്തനം.

### പിതാവിന്റെ പ്രചോദനത്തിൽ നിന്ന്

ഗാന്ധിഭവനെന്ന സ്നേഹസദനത്തിന്റെ പിറവിക്ക് പ്രചോദനമായത് പിതാവിന്റെ ജീവകാരുണ്യപ്രവർത്തനമാണെന്ന് സോമരാജൻ സാക്ഷ്യപ്പെടുത്തുന്നു. ആരും ആശ്രയമില്ലാതെ രോഗബാധിതരായി തെരുവിലൂടെ അലയുന്നവരെ കണ്ടെത്തി വീട്ടിൽ കൊണ്ടുവന്ന് അവർക്ക് വസ്ത്രവും ഭക്ഷണവും നൽകുന്നത് ഒരിക്കലും മറക്കാനാവില്ല.

ദാരിദ്ര്യത്തിന്റെ നടുവിൽപ്പോലും മറ്റുള്ളവർക്ക് സഹായവും സന്തോഷവും പ്രദാനം ചെയ്ത പിതാവ് പട്ടിണി കിടന്നിട്ടാണ് പലർക്കും അന്നം നൽകിവന്നത്. ഇത്തരം സംഭവങ്ങൾ മനസ്സിൽ രൂപപ്പെടുത്തിയ ആശയമാണ് ജീവകാരുണ്യപ്രവർത്തനത്തിന് സഹായകമായത്. എട്ടാം ക്ലാസ്സ് വിദ്യാർത്ഥിയായിരിക്കുമ്പോൾ മാതാവ് മരിച്ചു. ഉറ്റവരുടെ വേർപാട് മനസ്സിൽ വരുത്തുന്ന മുറിവ് എത്രയെന്ന് അന്നറിഞ്ഞു.

## അമ്മമാരോടൊത്ത് ആദ്യ ചുവടുവയ്പ്

അമ്മയുടെ സ്നേഹം നഷ്ടപ്പെട്ടതിലുള്ള ദുഃഖം തീർത്തും ഒറ്റപ്പെടുന്ന അമ്മമാരെ സഹായിക്കാനുള്ള വഴികളിലേക്ക് സോമരാജനെ കൊണ്ടെത്തിച്ചു. 2003ൽ ഒരു യാത്രാവേളയിൽ അനാഥയായ പാറുക്കുട്ടിയമ്മ എന്ന വൃദ്ധ കൺമുന്നിൽപ്പെട്ടു. അവരെ കൂട്ടിക്കൊണ്ടുവന്ന് ഒരു വാടകവീട്ടിൽ താമസിപ്പിച്ചു. അവരെ ശുശ്രൂഷിച്ചതോടെയാണ് അനാഥരുടെ പുനരധിവാസത്തിന് തുടക്കമായത്.

ഗാന്ധിഭവന്റെ പ്രവർത്തനം തുടക്കത്തിൽ വാടകകെട്ടിടത്തിലായിരുന്നു. ഗാന്ധിഭവനിലെ ആദ്യത്തെ അന്തേവാസിയാണ് പാറുക്കുട്ടിയമ്മ. പിന്നീട് ഭാര്യ പ്രസന്നയുടെയും തന്റെയും പേരിലുണ്ടായിരുന്ന വീടും വസ്തുവും വിറ്റ് ഗാന്ധിഭവന്റെ പ്രവർത്തനം തുടങ്ങി.

ഭാര്യയും മക്കളായ അമൽരാജ്, അമിതരാജ് എന്നിവരും അന്തേവാസികൾക്കൊപ്പം താമസമാക്കി. മകൻ അമൽരാജ് ഗാന്ധിഭവൻ പുറത്തിറക്കുന്ന മലയാളത്തിലെ ആദ്യത്തെ ജീവകാരുണ്യമാസികയായ സ്നേഹരാജ്യത്തിന്റെ ചീഫ് എഡിറ്ററാണ്. മകൾ കുട്ടികളുടെ സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്നു. ഏറെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളിലൂടെയാണ് ഇന്നത്തെ നിലയിലേക്ക് ഗാന്ധിഭവനെ വളർത്തിയത്. വിശാലഹൃദയരുടെ സഹായം കൊണ്ടാണ് പ്രസ്ഥാനത്തെ വളർത്താനായതെന്ന് അദ്ദേഹം പറയുന്നു.

## അന്നദാനവും പ്രാർത്ഥനയും

ദാനധർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട അന്നദാനവും പ്രാർത്ഥനയും ഗാന്ധിഭവനിൽ പ്രധാനപ്പെട്ടവയാണ്. ദിനംപ്രതി ഗാന്ധിഭവനിലെ പാചകപ്പുരയിൽ ആയിരത്തോളം പേർക്ക് ഭക്ഷണമൊരുക്കുന്നു. ഇവിടെ എത്തുന്ന ആരും വിശപ്പോടെ മടങ്ങിപ്പോകേണ്ട- അതാണ് ഈ ആശ്രമത്തിന്റെ പ്രത്യേകത. ധനിക-ദരിദ്ര ഭേദമില്ലാതെ ഏവരും ഇവിടെ അന്നദാനത്തിൽ പങ്കുകൊള്ളുന്നു.

വിവാഹം, വിവാഹവാർഷികം, ജന്മദിനം, മരിച്ചുപോയ പ്രിയപ്പെട്ടവരുടെ ഓർമ്മദിനങ്ങൾ തുടങ്ങിയ വിശേഷവേളകളിൽ അന്തേവാസികൾക്ക് അന്നദാനം ആർക്കും നൽകാവുന്നതാണ്. അന്നദാനം നടത്തുമ്പോൾ കുടുംബാംഗങ്ങൾ, ക്ഷണിതാക്കൾ തുടങ്ങിയവർക്കും അന്തേവാസികൾക്കൊപ്പം ഭക്ഷണം കഴിക്കാനും ഗാന്ധിഭവനിൽ സൗകര്യമുണ്ട്. ആഹാരത്തിനുമുമ്പ് ഒരു മണിക്കൂർ നീണ്ടുനിൽക്കുന്ന സർവ്വമത



പ്രാർത്ഥനയിൽ അന്നദാനം നൽകുന്നവരുടെയും പലവിധ സഹായങ്ങൾ ചെയ്യുന്നവരുടെയും കുടുംബക്ഷേമ ഐശ്വര്യത്തിനായി അന്തേവാസികൾ പ്രാർത്ഥിക്കുന്നു.

## ക്ഷേമത്തിനായി തൊഴിൽപദ്ധതികൾ

അന്തേവാസികളുടെ ക്ഷേമത്തിനായി രൂപീകരിച്ച വിവിധ പദ്ധതികളും പ്രസ്ഥാനങ്ങളും ഗാന്ധിഭവന്റെ വളർച്ചയ്ക്ക് കരുത്തുപകർന്നു. ഇവിടെ ഒട്ടേറെ തൊഴിൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവയുടെയെല്ലാം ചുമതലക്കാർ അന്തേവാസികൾതന്നെ. മാനസികവും ശാരീരികവുമായ ഉല്ലാസത്തിന് പലരും ചുമതലകൾ വഹിക്കുന്നു.

ഗാന്ധിഭവൻ അഗർബത്തി നിർമ്മാണ യൂണിറ്റ്, ടെയിലറിംഗ് യൂണിറ്റ്, വായനാശീലം വളർത്തുന്നതിന് 1500 ലധികം പുസ്തകങ്ങളുള്ള, ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാല, കേന്ദ്രസർക്കാർ നാഷണൽ ഓപ്പൺ സ്കൂളിന്റെ അക്രഡിറ്റഡ് സെന്റർ, ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂൾ എന്നിവ ഇവിടെ പ്രവർത്തിക്കുന്നു.

സ്പെഷ്യൽ സ്കൂളിൽ 55 കുട്ടികളാണ് പഠിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ശരണാലയം എന്ന സ്ഥാപനത്തിലൂടെ 50 കുട്ടികളെ സംരക്ഷിക്കുന്നു. ഗാന്ധിഭവനിൽ എൽ.കെ.ജി. മുതൽ ഡിഗ്രി വരെ 70 കുട്ടികളാണ് പലരുടെയും സഹായത്തോടെ പഠിച്ചുവരുന്നത്. ഗാർഹിക പീഡനം നേരിടുന്ന വനിതകൾക്കുള്ള സംരക്ഷണസഹായവും ഇവിടെ നൽകിവരുന്നു. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമകളായവർക്കുള്ള ചികിത്സകളും ഫാമിലി കൗൺസിലിംഗും നൽകുന്നു.

അടൂരിലെ ഏഴംകുളത്ത് ആരോഗ്യവികസന കേന്ദ്രം (ഫിനിക്സ് ഹോസ്പിറ്റൽ) പ്രവർത്തിക്കുന്നു. രോഗികളെ വീട്ടിൽ ചെന്ന് സൗജന്യ മായി ചികിത്സിക്കുന്നതിന് ആംബുലൻസ് സൗകര്യവും ഡോക്ടറുടെയും നഴ്സുമാരുടെയും സേവനവും ലഭിക്കുന്നു. ആരോഗ്യപരിപാലനത്തിന് ഗാന്ധിഭവന്റെ പ്രത്യേക പരിഗണനയാണുള്ളത്. കുടുംബക്കൂട്ടായ്മ, ബോധവൽക്കരണ സെമിനാറുകൾ എന്നിവ നടത്തുന്നതിനൊപ്പം കുടും ബപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു.

## അംഗീകാരത്തിന്റെ പൂച്ചെണ്ടുകൾ

ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി ഗാന്ധിഭവന് നിരവധി അംഗീകാരങ്ങളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. യു.എൻ. ഹാബിറ്റാറ്റ് അംഗീകാരം, കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ അംഗീകാരം, കേന്ദ്രസർക്കാർ ഇൻകം ട്രാക്സ് ഡിപ്പാർട്ട്മെന്റിൽ രജിസ്ട്രേഷൻ, കേരള സംസ്ഥാന യുവജനക്ഷേമബോർഡിൽ അംഗത്വം, കേന്ദ്രസർക്കാർ നെഹ്റു യുവ കേന്ദ്രയിൽ അംഗത്വം, ലഹരിവിമുക്ത ചികിത്സാകേന്ദ്രത്തിന് സംസ്ഥാന സാമൂഹ്യ ക്ഷേമവകുപ്പിന്റെ അംഗീകാരം, കേന്ദ്രസർക്കാർ നാഷണൽ ട്രസ്റ്റിൽ അംഗത്വം, മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ അംഗീകാരം കൂടാതെ 2008 ൽ വികലാംഗ ക്ഷേമ പ്രവർത്തനത്തിനുള്ളസ്റ്റേറ്റ് അവാർഡ് ലഭിച്ചു. ഏറ്റവും മഹത്തായ ജീവകാരുണ്യപ്രവർത്തകന് സേവാകേന്ദ്രം ഏർപ്പെടുത്തിയ അവാർഡ് പുനലൂർ സോമരാജന് ലഭിച്ചു. വിവിധ മേഖ ലകളിൽനിന്നുള്ള നിരവധി മറ്റ് പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചി ട്ടുണ്ട്.

അഡ്വ. എൻ. സോമരാജൻ, ജി. ഭുവനചന്ദ്രൻ, വിജയൻ ആമ്പാ ടി, കെ. ഉദയകുമാർ എന്നിവരും ഗാന്ധിഭവൻ പ്രവർത്തനങ്ങൾ സുഗമ മായി നടക്കുന്നതിന് പുനലൂർ സോമരാജനെ സഹായിക്കുന്നു.

*ദീപിക സപ്ലിമെന്റ് (2011 ഒക്ടോബർ 2 ഞായർ)*

# സ്നേഹത്തിന്റെ പൂമരത്തണൽ



**വിജീഷ് ഗോപിനാഥ്**
**വനിത, മലയാള മനോരമ**

ഗാന്ധിഭവനിലെ അന്തരീക്ഷത്തിന് ഒരമ്മമനസ്സുണ്ട്. അതുകൊണ്ടാവും തെരുവിലേക്ക് വലിച്ചെറിഞ്ഞ എഴുപതോളം കുഞ്ഞുങ്ങൾക്ക് ഈ മുറ്റം



സ്നേഹത്തിന്റെ തുണിത്തൊട്ടിലായത്. ഓടിനടക്കുമ്പോൾ പടികൾ താഴ്ത്തിക്കൊടുത്ത്, വീഴുമ്പോൾ കല്ലുകൾ പൂമെത്തയായി മാറുന്ന സ്നേഹത്തിന്റെ ഇന്ദ്രജാലം. കുഞ്ഞുങ്ങൾ മാത്രമല്ല, പതിനാല് വയസ്സിൽ അമ്മയാകേണ്ടിവന്ന സജിനി, സ്വന്തം അച്ഛന്റെ മൂന്നു മക്കൾക്ക് ജന്മം നൽകേണ്ടിവന്ന ഗോമതി, സഹോദരങ്ങളെ പോറ്റാൻ തെരുവിലേക്ക് പിച്ചപ്പാത്രവുമായി ഇറങ്ങിയ രേവതിയെന്ന ആറാംക്ലാസ്സുകാരി. അങ്ങനെ 485 പേരുടെ സ്നേഹത്തണൽ...

കൊല്ലം പത്തനാപുരത്തെ ഗാന്ധിഭവൻ എന്ന അഭയകേന്ദ്രത്തിന്റെ പടികയറിച്ചെന്നത് പ്രാർത്ഥനയിലേക്കായിരുന്നു. പലരുടേയും മുഖത്ത് ദുഃഖമുരുകിത്തിളച്ച കണ്ണീർച്ചാലുകൾ. ഉപേക്ഷിക്കപ്പെട്ടവരുടെ വേദന കാണുന്ന ദൈവത്തിനോടുള്ള പ്രാർത്ഥനയിൽ ജാതിയും മതവുമില്ല. പ്രാർത്ഥന കഴിഞ്ഞ് നിറഞ്ഞ ചിരിയോടെ പുനലൂർ സോമരാജൻ വന്നു. ഗാന്ധിഭവന്റെ സെക്രട്ടറിയും മാനേജിംഗ് ട്രസ്റ്റിയും...

"ചാക്കിൽ കെട്ടി തെരുവിൽ വലിച്ചെറിഞ്ഞ പൂച്ചക്കുട്ടികളെപ്പോലെ കുറേ അമ്മമാരും അച്ഛന്മാരും ഇവിടെയുണ്ട്. ഭൂതകാലത്തിൽ ഇവരിൽ പലരും നല്ല നിലയിൽ കഴിഞ്ഞവരാണ്. ഇവരുടെ കൂട്ടത്തിൽ പഞ്ചായത്തുമെമ്പറുണ്ട്. അധ്യാപികമാരുണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥരുണ്ട്. ആരുമില്ലെന്ന ദുഃഖം കഴുകിക്കളയാൻ ഒരു തലോടലോ, ചേർത്തുപിടിച്ച് നെറ്റിയിൽ കൊടുക്കുന്ന ഉമ്മയോ മാത്രം മതി. അനാഥരാണ് എന്നു തോന്നാതിരിക്കാൻ അഭയകേന്ദ്രമെന്നാണ് ഗാന്ധിഭവനെ വിളിക്കാറുള്ളത്." ഗാന്ധിഭവനിലൂടെ നടക്കുമ്പോൾ സോമരാജനും അസിസ്റ്റന്റ് സെക്രട്ടറി ഭുവനചന്ദ്രനും പറഞ്ഞു.

പ്രായമായ അച്ഛനമ്മമാർക്ക് പുറമേ അനാഥരായ കുഞ്ഞുങ്ങളും ശാരീരിക-മാനസിക പ്രശ്നങ്ങളുള്ളവരും ഭർത്താവ് ഉപേക്ഷിച്ചവരും ലഹരിയുടെ ചങ്ങലയിൽനിന്ന് രക്ഷപ്പെടാനെത്തിയവരും എല്ലാം ഇവിടത്തെ അന്തേവാസികളാണ്.

## സേവനത്തിലേക്കുള്ള തുടക്കം

എട്ടുവർഷം മുമ്പാണ് ഗാന്ധിഭവന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നത്. തെരുവിൽ അലഞ്ഞുതിരിയുന്നവർക്ക് അച്ഛൻ ഭക്ഷണം കൊടുക്കുന്നത് കണ്ടാണ് പുനലൂർ സോമരാജൻ വളർന്നത്. വീട്ടിൽ ദാരിദ്ര്യമാണെങ്കിലും വിശന്നുവരുന്നവർ സംതൃപ്തിയോടെ തിരിച്ചുപോകുന്നത് കണ്ട കുട്ടിയിൽ വളർന്ന സ്വപ്നമാണ് ഗാന്ധിഭവനായത്. പതിമൂന്നാമത്തെ വയസ്സിൽ അമ്മ മരിച്ചതോടെ ഉപേക്ഷിക്കപ്പെട്ട അവസ്ഥയായി. എങ്കിലും കഷ്ടപ്പാടുകൾ സഹിച്ച് പഠനം പൂർത്തിയാക്കി. പാരലൽ കോളേജ് അദ്ധ്യാപകനും ഹോട്ടൽ നടത്തിപ്പുകാരനുമൊക്കെയായി ജീവിതം മുന്നോട്ടുപോകുമ്പോൾ തെരുവിൽ ഉപേക്ഷിക്കപ്പെട്ടവർ സോമരാജനെ വേട്ടയാടിക്കൊണ്ടേയിരുന്നു...



**ഗാന്ധിഭവനിലേക്ക്...**

ഒടുവിൽ ഗാന്ധിഭവൻ ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്തു. വാടകക്കെട്ടിടത്തിലെ ആദ്യ അതിഥി പാറുക്കുട്ടിയമ്മയായിരുന്നു.

പിന്നീട് അന്തേവാസികളുടെ ഒഴുക്കായിരുന്നു. പോലീസും ജനപ്രതിനിധികളും തെരുവിൽനിന്നു കണ്ടെത്തി ഏൽപ്പിക്കുന്നവർ. ഒപ്പം ഉരുൾപൊട്ടൽപോലെ പ്രതിസന്ധികളും ആർത്തലച്ചുവന്നു. ഗാന്ധിഭവൻ അഭയമായി കണ്ട് എത്തുന്നവരുടെ എണ്ണം കൂടിയതോടെ വാടകവീടുകൾ തികയാതായി. ഭക്ഷണം, വസ്ത്രം, താമസം, മരുന്ന്... ഇതിനൊക്കെ പണം. എല്ലാ വഴിയുമടഞ്ഞപ്പോൾ സോമരാജൻ കല്ലടയാറ്റിൽ ചാടി ആത്മഹത്യ ചെയ്താലോ എന്നുപോലും ആലോചിച്ചു.

"പക്ഷേ, വീണ്ടും അനാഥരാവുന്ന അന്തേവാസികളുടെ മുഖമോർത്തപ്പോൾ എനിക്ക് പിൻമാറേണ്ടിവന്നു. സ്വന്തം പേരിലുള്ള സ്ഥലം വിറ്റ് കല്ലടയാറിന്റെ തീരത്ത് സ്ഥലം വാങ്ങി. അവിടെ ഇന്നു കാണുന്ന ഗാന്ധിഭവൻ വളർന്നുതുടങ്ങി. വീടില്ലാതായതോടെ ഒരർത്ഥത്തിൽ ഞങ്ങളും അനാഥരായി. ഓഫീസിനോടു ചേർന്ന ഒറ്റമുറിക്കുള്ളിൽ ഞാനും ഭാര്യ പ്രസന്നയും താമസമാക്കി. മക്കൾ അനാഥർക്കൊപ്പമാണ് കിടക്കുന്നത്. എന്റെ അച്ഛനും അന്തേവാസിയാണ്.

അന്തേവാസികളായ കുട്ടികൾ സ്കൂളിലേയ്ക്ക് പോവുമ്പോൾ അവർക്ക് ഉച്ചയ്ക്കുള്ള ഭക്ഷണമൊരുക്കുന്നത് ഭാര്യയാണ്. മകൻ അമൽരാജ് ഇവിടെ നിന്നിറങ്ങുന്ന 'സ്നേഹരാജ്യം' മാസികയുടെ എഡിറ്ററാണ്.

എം.സി.എ. വിദ്യാർത്ഥിയായ മകൾ അമിതാരാജ് കുട്ടികൾക്ക് ട്യൂഷനെടുക്കുന്നു. പുതിയ കെട്ടിടങ്ങൾ വന്നപ്പോൾ ഈ പഴയ കൊച്ചുമുറിയിൽ നിന്ന് താമസം അങ്ങോട്ടുമാറ്റാൻ പലരും നിർബ്ബന്ധിച്ചു. പക്ഷേ, എല്ലാവർക്കും പുതിയ മുറികൾ കിട്ടാതെ ഞാൻ മാറില്ല. അതൊരു വാശിയാണ്." തിളങ്ങുന്ന ചിരിയോടെ സോമരാജൻ.

## മെമ്പറും പ്രസിഡന്റും

ദുരിതസ്മരണകൾ മറക്കാൻ നിരവധി പ്രവർത്തനങ്ങളാണ് ഇവിടെയുള്ളത്. ഔഷധത്തോട്ടം, തയ്യൽ, ഭൂമി പാട്ടത്തിനെടുത്ത് കൃഷി... ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ. അന്തേവാസികളെ സ്വയംപര്യാപ്തമാക്കാനായി 'സ്നേഹഗ്രാമം പഞ്ചായത്ത്' രൂപീകരിച്ചു. ഈ പഞ്ചായത്തിൽ മെമ്പർമാരും അവർ തിരഞ്ഞെടുത്ത പ്രസിഡന്റുമുണ്ട്. ഇവരാണ് ഗാന്ധിഭവന്റെ ശുചിത്വം മുതൽ അച്ചടക്കം വരെ നോക്കുന്നത്.

ഇവിടെ നിന്ന് എഴുപതോളം കുട്ടികൾ സ്കൂളിലും കോളേജിലും പോകുന്നു. അംഗവൈകല്യമുള്ളവർക്കായുള്ള റീഹാബിലിറ്റേഷൻ സെന്റർ, ബുദ്ധിമാന്ദ്യമുള്ളവർക്കായുള്ള പുനരധിവാസകേന്ദ്രം, ഗാർഹികപീഡന കേസുകൾ കൈകാര്യം ചെയ്യുന്ന സർവ്വീസ് പ്രൊവൈഡർ, സ്പെഷ്യൽ സ്കൂൾ, ആശുപത്രി... തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഗാന്ധിഭവനിൽ നടക്കുന്നു. ഇതൊക്കെ നോക്കിനടത്താൻ നാൽപ്പതോളം ജീവനക്കാരുണ്ട്.

"ഇവർക്കൊന്നും എല്ലാ മാസവും കൃത്യമായി ശമ്പളം നൽകാൻ കഴിഞ്ഞെന്നുവരില്ല. ചിലപ്പോൾ അരിയായിരിക്കും ശമ്പളം. കൃത്യമായ ഫണ്ട് ലഭിച്ചല്ല ഗാന്ധിഭവൻ പ്രവർത്തിക്കുന്നത്. ഇവിടെ വരുന്നവർ നൽകുന്ന സഹായം കൊണ്ടാണ് ഇത് കഴിയുന്നത്. അന്നദാനം നടത്താൻ അരി തരുന്നവരുണ്ട്. ഉപയോഗിച്ച വസ്ത്രങ്ങൾ മുതൽ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ വരെ അയച്ചുതരുന്നവരുമുണ്ട്. കെട്ടിടനിർമ്മാണം, രോഗികൾക്ക് ആംബുലൻസ്, ചികിത്സാസഹായം..." സോമരാജൻ സ്വപ്നങ്ങൾ പറയുന്നു.

ഉച്ചയ്ക്കുള്ള പ്രാർത്ഥന...

"ഗോഗുൽത്താമലയിൽനിന്നും

വിലാപത്തിൻ മാറ്റൊലി കേൾപ്പൂ

ഏവമെന്നെ ക്രൂശിലേറ്റുവാൻ

അപരാധം എന്തു ഞാൻ ചെയ്തു?"

അപരാധങ്ങൾ ചെയ്യാതെ ഉപേക്ഷിക്കപ്പെട്ടവരുടെ വേദനകളെ തഴുകിമാറ്റുന്ന ശബ്ദത്തിൽ ഗാന്ധിഭവൻ മുഴങ്ങിനിന്നു.

*വനിത (ജൂലൈ 15-31, 2010)*



# അശരണർക്ക് അത്താണിയായി ഗാന്ധിഭവനും ഡോ. പുനലൂർ സോമരാജനും

**ജന്മഭൂമി**

അശരണരും ആലംബഹീനരുമായ ആയിരങ്ങളുടെ അത്താണിയായി അവർക്കൊപ്പം താമസിച്ച് അവരെ സംരക്ഷിക്കുകയുമാണ് പത്തനാപുരം ഗാന്ധിഭവന്റെ എല്ലാമെല്ലാമായ ഡോ. പുനലൂർ സോമരാജൻ. പത്തനാപുരം സെന്ററിൽ മാത്രം 1500 പേർ അന്തേവാസികളുണ്ടെന്നതും അവരുടെ ജീവിതരീതിയും മാത്രം മതി സോമരാജൻ എന്ന മനുഷ്യസ്നേഹിയെ മനസ്സിലാക്കാൻ. ഒരു മാസം പ്രായമുള്ള കൈക്കുഞ്ഞ് മുതൽ 105 വയസ്സുള്ള വയോധികർ വരെ... മുന്നൂറോളം കിടപ്പുരോഗികൾ, മാറാരോഗികൾ, എച്ച്ഐവി, കാൻസർ ബാധിതർ തുടങ്ങി പട്ടിക നീളുന്നു... അന്യസംസ്ഥാനക്കാരും ഇക്കൂട്ടത്തിലുണ്ട്.

കുടുംബം അരപ്പട്ടിണിയിൽ കഴിയുമ്പോഴും തെരുവിൽനിന്നുള്ള യാചകരെ വീട്ടിൽ കൂട്ടിക്കൊണ്ടുവന്ന് കുളിപ്പിച്ച് വൃത്തിയാക്കി ഭക്ഷണവും വസ്ത്രവും നൽകിയിരുന്ന അച്ഛന്റേയും പട്ടിണിക്കാർക്ക് അന്നം നൽകുന്നതാണ് ഏറ്റവും വലിയ പുണ്യം എന്ന് കരുതിയിരുന്ന അമ്മയുടേയും മകനായ പുനലൂർ സോമരാജൻ ഇങ്ങനെ ആയില്ലെങ്കിലേ അത്ഭുതമുള്ളു എന്നാണ് സോമരാജനെ അറിയാവുന്നവർ പറയുന്നത്. ഗാന്ധിമാർഗ്ഗത്തിലൂടെ സാമൂഹ്യതിന്മകൾക്കെതിരെ പ്രതികരിക്കുക, മതേതരത്വവും മനുഷ്യസ്നേഹവും പ്രചരിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 2002 ലാണ് ഗാന്ധിഭവൻ ആരംഭിക്കുന്നത്. ഡോ. സുകുമാർ അഴീക്കോടാണ് ഉദ്ഘാടനം ചെയ്തത്. 2003 ജൂണിൽ ആരോരും സംരക്ഷിക്കാനില്ലാത്ത ഒരു വയോവൃദ്ധയെ ഏറ്റെടുത്ത് പത്തനാപുരത്ത് ഒരു 600 രൂപ വാടകക്കെട്ടിടത്തിൽ 'ഓൾഡ് ഏജ് ഹോം' സ്ഥാപിച്ചു. തുടർന്ന് ചിൽഡ്രൻസ് ഹോമും ഡിസേബിൾഡ് സെന്ററും ആരംഭിച്ചു. 2004 ൽ,

ബുദ്ധിപരമായി പിന്നാക്കം നിൽക്കുന്നവരെ പാർപ്പിക്കുന്ന സെന്ററും അവർക്കായി സ്പെഷ്യൽ സ്കൂളും ആരംഭിച്ചു.

2005 ഒക്ടോബറിൽ സ്വന്തം വീടും വസ്തുവും വിറ്റുകിട്ടിയ തുകയും അനേകം കാരുണ്യമനസ്കരുടെ സഹായങ്ങളും ഉപയോഗിച്ച് കൊല്ലം ജില്ലയിലെ പത്തനാപുരത്ത് കല്ലടയാറിന്റെ തീരത്ത് കുണ്ടയം ഗ്രാമത്തിൽ ഒരേക്കർ വസ്തു വാങ്ങി താൽക്കാലിക ഭവനങ്ങൾ നിർമ്മിച്ച് ജീവകാരുണ്യപ്രവർത്തനം അവിടേക്ക് മാറ്റി. അന്നുമുതൽ സോമരാജനും കുടുംബവും അന്തേവാസികൾക്കൊപ്പമാണ് താമസം.

2007 ൽ മലയാളത്തിലെ ആദ്യത്തെ ജീവകാരുണ്യമാസിക- സ്നേഹരാജ്യം ഗാന്ധിഭവനിൽനിന്നും ആരംഭിച്ചു. ഇന്ന് മുപ്പത്തയ്യായിരം കോപ്പികളുള്ള ജനപ്രിയ പ്രസിദ്ധീകരണമാണ് സ്നേഹരാജ്യം.

2017 ൽ ഏഷ്യയിലെ ഏറ്റവും വലിയ മതേതര കൂട്ടുകുടുംബമെന്ന നിലയിൽ ഇന്ത്യാ ബുക് ഓഫ് റിക്കാർഡ്സിലും ഏഷ്യാ ബുക് ഓഫ് റിക്കാർഡ്സിലും ഗാന്ധിഭവൻ ഇടംപിടിച്ചു. ഏഷ്യയിലെ ഏറ്റവും അംഗസംഖ്യയേറിയ മതേതര കൂട്ടുകുടുംബമായാണ് ഇവിടം അറിയപ്പെടുന്നത്. കേരള സംഗീതനാടക അക്കാഡമിയുടെ പ്രോഗ്രാം സെന്ററായ ഗാന്ധിഭവൻ, അനാഥാലയം എന്ന സങ്കല്പത്തെ മാറ്റിമറിക്കുന്നു. അന്തേവാസികളിൽനിന്നും, സർവ്വീസിൽനിന്നും വിരമിച്ചവർ തുടങ്ങി ഇരുനൂറ്റമ്പതോളം വരുന്ന സന്നദ്ധപ്രവർത്തകരുടെ ഒരു ടീം ഗാന്ധിഭവന്റെ ശക്തിയായി പ്രവർത്തിക്കുന്നു. കാരുണ്യമനസ്സുള്ളവരുടെയും സാമൂഹ്യ പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ 14 വർഷത്തിനുള്ളിൽ 68 നിർധന യുവതികളുടെ വിവാഹം ഇതുവരെ നടത്തിക്കഴിഞ്ഞു. ഗാന്ധിഭവനിലെ 70 കുട്ടികൾ പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി എൽ.കെ.ജി മുതൽ സിവിൽ സർവ്വീസ് എക്സാം കോച്ചിംഗ് വരെ പഠിക്കുന്നു.

ഡോ. പുനലൂർ സോമരാജൻ ജീവകാരുണ്യരംഗത്ത് ഏറ്റവും കൂടുതൽ അവാർഡുകളും അംഗീകാരങ്ങളും നേടിയ വ്യക്തി എന്ന നിലയിൽ ഏഷ്യാ ബുക് ഓഫ് റിക്കോർഡ്സിൽ ഇടം പിടിച്ചുകഴിഞ്ഞു.

അന്താരാഷ്ട്ര ബഹുമതി-കൊളംബോ ഇന്റർനാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി ഡോക്ടർ ഓഫ് ഫിലോസഫി അംഗീകാരം, സംസ്ഥാന ഹോമിയോ വിദ്യാഭ്യാസവകുപ്പിന്റെ അംഗീകാരം, കേരള സർക്കാർ യുവജനക്ഷേമ ബോർഡിന്റെ അവാർഡ്, വിവിധ ലയൺസ് ക്ലബ്ബ്, റോട്ടറി ക്ലബ്ബുകളുടെ എക്സലൻസ് അവാർഡുകൾ, സേവാരത്നം ബഹുമതി, സേവനപുരസ്കാരം, ബാബ ആംതെ പുരസ്കാരം, ജില്ലാ ഭരണകൂടത്തിന്റെ പുരസ്കാരം, കേരള സർക്കാരിന്റെ കേരളത്തിലെ ഏറ്റവും മികച്ച സാമൂഹ്യസേവനസംഘടനയ്ക്കുള്ള അവാർഡ് (2008). കാരുണ്യവർഷിണി പുരസ്കാരം, സാന്ത്വനം പുരസ്കാരം, ജീവദീപ്തി പുരസ്കാരം, കസ്തൂർബാ അവാർഡ്, വൈസ്മെൻ അവാർഡ്, തിളക്കം 2014, വെളിച്ചം 2015 മെറിറ്റ് അവാർഡ്, ഏറ്റവും മികച്ച ആതുരസേവ-ആരോഗ്യ






പ്രവർത്തനത്തിനുള്ള റിപ്പോർട്ടർ ടി.വി.യുടെ ജനനായക പുരസ്കാരം, ശിവഗിരിമഠത്തിന്റെ ആദരവ്, ഏകത 2015 അവാർഡ്, ബലിചന്ദനപുരസ്കാരം, നിംസ് കാരുണ്യപുരസ്കാരം, ഹൃദയമിത്ര പുരസ്കാരം, കെ.സി. പിള്ള പുരസ്കാരം, ഇൻഡിവുഡ് ഇന്റർനാഷണൽ അവാർഡ്, സാമൂഹ്യസേവന പുരസ്കാരം, കേരള ഗാന്ധിസ്മാരകനിധി പുരസ്കാരം, സമന്വയം അവാർഡ്, മാനവസേവ പുരസ്കാരം, സുവർണ്ണരേഖ സാഹിത്യ അവാർഡ്, കലാദീപം അവാർഡ്, പ്രവാസി മലയാളി ഫൗണ്ടേഷൻ അവാർഡ്, പഞ്ചിം മലയാളി അസോസിയേഷൻ അവാർഡ്, തോപ്പിൽ ഭാസി കീർത്തിപുരസ്കാരം, ശ്രീനാരായണ ധർമ്മസേവാപുരസ്കാരം, ശ്രീനാരായണ എഡ്യൂക്കേഷണൽ കൾച്ചറൽ സൊസൈറ്റി അവാർഡ്, നാഷണൽ ചൈൽഡ് ഡെവലപ്മെന്റ് കൗൺസിൽ അവാർഡ്, മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റി അവാർഡ്, ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ അവാർഡ്, ഭിന്നശേഷിയുള്ളവരെ പരിപാലിക്കുന്ന കേരളത്തിലെ ഏറ്റവും മികച്ച സ്ഥാപനത്തിനുള്ള സംസ്ഥാന സാമൂഹ്യനീതിവകുപ്പിന്റെ അവാർഡ് എന്നിവ ഇവയിൽ ചിലതാണ്.

നിരാലംബരായ അഗതികൾക്ക് അഭയമേകുന്ന നിരവധി ശാഖകളും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്.

ജനപങ്കാളിത്തത്തോടെ, ഇന്ത്യയിലെ എല്ലാ പാവപ്പെട്ട രോഗികൾക്കും എല്ലാ ചികിത്സാശാഖകളെയും ഉൾക്കൊള്ളിച്ച് അത്യന്താധുനികമായ സമ്പൂർണ്ണ സൗജന്യചികിത്സ ലഭ്യമാക്കുന്ന ഒരു ജനകീയ മെഡിക്കൽ കോളേജ് സ്ഥാപിക്കുക, എല്ലാ തെരുവുയാചകരെയും ഏറ്റെടുത്ത് തൊഴിൽ പരിശീലനം നൽകി പുനരധിവസിപ്പിക്കുക, ജീവകാരുണ്യത്തിനായി ഒരു വിദ്യാലയം എന്നിവ സോമരാജന്റെ ഭാവിപദ്ധതികളാണ്.

പൂർണ്ണ പിന്തുണയുമായി ഭാര്യ പ്രസന്നയും, ഗാന്ധിഭവൻ പ്രസിദ്ധീകരണം സ്നേഹരാജ്യം മാസികയുടെ ചീഫ് എഡിറ്റർ കൂടിയായ

മകൻ പി.എസ്. അമൽരാജ്, എം.സി.എ, എം.ബി.എ. ബിരുദധാരിയായ മകൾ പി.എസ്. അമിതാരാജ് എന്നിവരും, ബി.എസ്.സി നഴ്സിംഗ്, എം.എസ്.ഡബ്ലു ബിരുദങ്ങളുള്ള മായ, എഞ്ചിനീയറായ ആയുഷ് എന്നീ മരുമക്കളും ഗാന്ധിഭവനിൽ കുടുംബസമേതം താമസിച്ച് സേവനം ചെയ്യുന്നു. ഗാന്ധിഭവന്റെ ഒരു ദിനം മുന്നോട്ട് പോകണമെങ്കിൽ പ്രതിദിനം മൂന്ന ലക്ഷം രൂപയെങ്കിലും ആവശ്യമാണ്. വിശന്ന് എത്തുന്ന എല്ലാവർക്കും സമൃദ്ധമായ ഭക്ഷണം നൽകുന്ന പത്തനാപുരം ഗാന്ധിഭവനിൽ മാത്രം ദിനംപ്രതി 1500 പേർക്ക് മൂന്നുനേരവും സുഭിക്ഷമായ ഭക്ഷണം തയ്യാറാക്കുന്നു. ഭക്ഷണച്ചെലവിന്റെ ഇരട്ടിയിലേറെ തുക ഔഷധങ്ങൾക്ക് വേണ്ടി വരുന്നു. അഞ്ച് ആംബുലൻസുകൾ അടക്കം ആശുപത്രികളിലേക്ക് ഓടുന്ന വാഹനങ്ങൾ, കറന്റ്, ജലം, ഗ്യാസ്, ജലശുചീകരണം മാലിന്യ നിർമ്മാർജ്ജനം പദ്ധതികൾ, കുട്ടികളുടെ വിദ്യാഭ്യാസചെലവുകൾ, സേവനപ്രവർത്തകരുടെ ഹോണറേറിയം ഇതെല്ലാം നടക്കണം. ജീവിതം വഴിമുട്ടുന്നവർക്ക് പുതിയ ജീവിതപാത കാട്ടിക്കൊടുക്കുന്ന ഗാന്ധിഭവൻ പൊതുസമൂഹത്തിന് അനുകരണീയ മാതൃകയാണ്. സ്ഥാപനത്തിൽ എത്തി പ്രവർത്തനം നേരിൽ കാണാനും സേവനത്തിൽ പങ്കാളിയാകാനുമാണ് സോമരാജൻ എന്ന മനുഷ്യസ്നേഹിയുടെ പൊതുസമൂഹത്തോടുള്ള അഭ്യർത്ഥന...

*ജന്മഭൂമി (ഓണപ്പതിപ്പ് 2019)*



2017 New Year HOPE 2.0

CHARITY BEGINS AT GANDHIBHAVAN

# Charity Begins At Gandhibhavan

Gandhibhavan follows the trail of Punalur Somarajanís life journey. Punalur Somarajan, after hid eduction, ventured into parallel education and business sectors. He also proved his mettle in literary field through his works on all-India Radio and several periodicals. With a view to spread the message of human love and thought against social evils, he started Gandhibhavan in 2002, which was inaugurated by Sukumar Azhikode.

He started an old-age home in a rented room at Pathanapuram, the first step was taking care of a lonely, destitute old woman. In 2004, he started a centre for mentally-challenged people and a special school. In, 2005 October. Somarajan shifted his humanitarian activities to a one acre plot at Pathanapuram which was bought by selling of his house and land and also with the help of like-minded people.

After that, he started rehabilitation centres under state mental health authority and social justice department. With the help of generous kind well whishers, the activities are now being conducted in a three-acre plot.

Gandhibhavan obtained the accreditation of the centreal national open school in 2006. Same year, the institution was appointed as service provider by the government. In 2007, Snehrajyam, the first charity-oriented magazine in Malayalam was started from Gandhibhavan. In 2010, a legal aid clinic of KELSA was started at Gandhibhavan. In 2013, Gandhibhavan was selected as the A-grade service provider of the Kerala womenís commission.

In 2014, State Government started a shelter home at Gandhibhavan for women. Meanwhile, a palliative care centre and a de-addiction centre were started in Pathanamthitta district.

Today Gandhibhavan stands as a rare model of charity and compassion, accommodating more than 1000 inhabitants, from toddlers to a 104 year old. A team of as many as 250 well-wishers, including doctors, lawyers and people from different walks of life, is its pillar of strength.

Somarajanís charitable endeavors have the wholehearted support of wife Prasanna Somarajan and children Amalraj and Amitaraj. Amalraj is the chief editor of Sneharajyam and vice-chairman of Gandhibhavan. Amita leads the various projects of the centre.

***(INDIAN EXPRESS, KOCHI, Sunday 01 January 2017)***